# എറണാകുളം ജില്ലാ പഞ്ചായത്ത്

***(ISO 9001 – 2015 അംഗീകൃതം)***

# ബജറ്റ് 2022–23

| ക്ര.നം. | മേഖല | പുറം |
|---|---|---|
| 1 | ആമുഖം | 3-6 |
| 2 | ധനകാര്യ വിശകലനം | 7-9 |
| 3 | കാർഷിക മേഖല | 10-23 |
| 4 | മൃഗപരിപാലനം, ക്ഷീരവികസനം | 24-28 |
| 5 | മത്സ്യ മേഖല | 29-33 |
| 6 | വ്യവസായ മേഖല | 34-40 |
| 7 | വിദ്യാഭ്യാസം | 41-44 |
| 8 | വനിതാക്ഷേമം | 45-49 |
| 9 | സാമൂഹ്യക്ഷേമം | 50-55 |
| 10 | ആരോഗ്യം | 56-60 |
| 11 | പാർപ്പിടം | 61 |
| 12 | ശുചിത്വം | 62-64 |
| 13 | കലാകായികം, യുവജനക്ഷേമം | 65-67 |
| 14 | പട്ടികജാതി വികസനം | 68-69 |
| 15 | പട്ടികവർഗ്ഗ വികസനം | 70-71 |
| 16 | ദുരന്തനിവാരണം, പരിസ്ഥിതിസംരക്ഷണം | 72-73 |
| 17 | സദ്ഭരണം | 74 |
| 18 | പശ്ചാത്തല മേഖല | 75-76 |
| 19 | ഉപസംഹാരം | 77-79 |

# ആമുഖം

"ഇന്നെന്റെ ദിവസമായിരിക്കില്ല
പക്ഷേ നാളെ തീർച്ചയായും
എന്റെ ദിവസമായിരിക്കും"

സർ,

കഴിഞ്ഞ വർഷം ഞാനവതരിപ്പിച്ച എന്റെയും ഈ ഭരണസമിതിയുടേയും കന്നി ബജറ്റ് ഈ നാട്ടുകാരുടെ ക്ഷേമത്തെക്കുറിച്ചും അവരുടെ ദാരിദ്ര്യം അകറ്റുന്നതിനുള്ള പോംവഴികളെ കുറിച്ചും എന്റെ ഉറക്കം കെടുത്തിയ സ്വപ്നത്തിൽ നിന്നുളവായതാണെന്ന് ഞാൻ പറഞ്ഞിരുന്നു. ഇത്തരം ഉറക്കം കെടുത്തുന്ന സ്വപ്നങ്ങളിൽ നിന്നുമാണ് മനുഷ്യൻ എക്കാലവും പുരോഗതിയിലേക്ക് ചിറകു വിരിച്ചിട്ടുള്ളതെന്നും സ്വപ്നത്തിൽ കണ്ടതും ആരും സഞ്ചരിക്കാത്തതുമായ ദുർഘട പാതയിലൂടെ ഞാൻ പ്രതീക്ഷയോടെ സഞ്ചാരം ആരംഭിക്കുകയാണെന്നും ബജറ്റ് പ്രസംഗം അവസാനിപ്പിച്ചു കൊണ്ട് ഞാൻ പറഞ്ഞതും ഓർക്കുന്നുണ്ടാവും. പിന്തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് ഏറെ അഭിമാനമാണ് തോന്നുന്നത്. ദുർഘടമായ പാതയിൽ തടസ്സങ്ങൾ ഏറെയുണ്ടായിരുന്നെങ്കിലും അവയെല്ലാം ഒന്നൊന്നായി തരണം ചെയ്ത് ആദ്യ ബജറ്റിൽ പറഞ്ഞിരുന്ന ഏതാണ്ട് എല്ലാ കാര്യങ്ങളും നടപ്പാക്കുവാൻ കഴിഞ്ഞു എന്ന സംതൃപ്തിയോടെയാണ് ഞാൻ എന്റെ രണ്ടാമത്തെ ബജറ്റ് ഇന്ന് അവതരിപ്പിക്കുന്നത്. ആ സംതൃപ്തി പകർന്നു നൽകുന്ന ആത്മവിശ്വാസം ഇനിയും പുതുവഴികൾ തേടുവാൻ എന്നെ പ്രേരിപ്പിക്കുന്നു.

1947 ആഗസ്റ്റ് 14 വൈകുന്നേരം ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂട്ട് അസംബ്ളിയെ അഭിസംബോധന ചെയ്തു കൊണ്ട് നെഹ്റു പറഞ്ഞു "At the stroke of the midnight hour, when the world sleeps, India will awake to life and freedom"

"The ambition of the greatest man of our generation has been to wipe every tear from every eye. That may be beyond us, but so long as there are tears and sufferings, so long our work will not be over. And so we have to labour and and work hard, to give reality to our dreams."

കരയുന്ന മനുഷ്യന്റെ കണ്ണുനീരൊപ്പുന്നതിൽ കേരളം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും ക്ഷേമ പ്രവർത്തനങ്ങളിലും ജീവിത നിലവാരത്തിലും കേരളം ലോകരാജ്യങ്ങളുടെ നിലവാരത്തിനൊപ്പമാണ്. എന്നാൽ സംസ്ഥാനത്തിന്റെ വരുമാനമുയർത്തുന്ന കാര്യത്തിലും പശ്ചാത്തല സൗകര്യ വികസനത്തിന്റെ കാര്യത്തിലും നാം വളരെയധികം പിന്നിലാണ്. മാനവ സുസ്ഥിതി സൂചികയിൽ ഒന്നാമതു നിൽക്കുമ്പോഴും പശ്ചാത്തല, വ്യാവസായിക, വരുമാന ദായക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന ഈ 'കേരള മോഡൽ' ഇപ്പോൾ പുതുക്കിക്കൊണ്ടിരിക്കുന്നു. ക്ഷേമ പ്രവർത്തനങ്ങൾക്കൊപ്പം മാനവികതയിലൂന്നിയ വികസനമെന്ന കാഴ്ചപ്പാടിലേക്ക് നവകേരളസങ്കല്പം മാറുകയാണ്. ഈ മാറ്റത്തിന്റെ ചുവട് പിടിച്ചു കൊണ്ട് 'വികസനം സാമൂഹ്യനീതിയ്ക്കും സുരക്ഷയ്ക്കും' എന്ന ഈ ഭരണ സമിതിയുടെ ആപ്ത വാക്യത്തിലൂന്നി ഞാൻ ഈ ബജറ്റ് അവതരിപ്പിക്കുന്നു.

ദരിദ്രരുടേയും പാർശ്വവത്കരിക്കപ്പെട്ടവരുടേയും സാമ്പത്തിക – സാമൂഹിക പരിസരങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഞാൻ ഈ ബജറ്റിലൂടെ നടത്തുന്നത്. അഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക, കാർഷിക മുന്നേറ്റം സാധ്യമാക്കുക, പുതിയ കാർഷിക രീതികൾ പരീക്ഷിക്കുക, ഭക്ഷ്യസുരക്ഷയും മെച്ചപ്പെട്ട ആരോഗ്യവും ഉറപ്പാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പാർശ്വവത്കരിക്കപ്പെട്ടവർക്ക് സാമൂഹ്യ ഇടപെടലുകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുക, ദുർബലർക്കും അശരണർക്കും കൈത്താങ്ങും അഭയവും നൽകുക, സാംസ്കാരിക ഉന്നമനം സാധ്യമാക്കുക, വിദ്യാഭ്യാസ നിലവാരം ഉയർത്തുക, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്ത്രീ ശാക്തീകരണം സാധ്യമാക്കുക, വൃദ്ധർ, കുട്ടികൾ, ട്രാൻസ്ജെൻഡേഴ്സ്,

പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവരുടെ ക്ഷേമം ഉറപ്പാക്കുക, മികച്ച പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക, സദ്ഭരണം പ്രദാനം ചെയ്യുക, – ആവശ്യങ്ങളുടേയും ഉത്തരവാദിത്തങ്ങളുടേയും നീണ്ട നിര എന്നെ ഒട്ടും ഭയപ്പെടുത്തുന്നില്ല. കഴിഞ്ഞ വർഷം നാം ഏറ്റെടുത്ത് നടപ്പാക്കിയ നൂതന പദ്ധതികൾ ഒട്ടേറെപ്പേരെ അമ്പരിപ്പിക്കുകയുണ്ടായി. നാം തെളിച്ച വഴിയിലൂടെ സഞ്ചരിക്കുവാൻ പലരും തയ്യാറെടുക്കുകയാണ്. ഈ വർഷവും നൂതനവും വ്യത്യസ്തവുമായ പദ്ധതികളിലൂടെ എല്ലാ വിഭാഗങ്ങൾക്കും ആശ്വാസമേകുവാനും നാം തുടങ്ങി വച്ച വികസന പരിപാടികൾക്ക് ഗതിവേഗം നൽകുവാനും ആണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്.

2018 ലെ മഹാപ്രളയം, 2019ൽ ആവർത്തിച്ചു വന്ന ചെറുപ്രളയം, 2020ൽ നമ്മുടെ നെഞ്ചിൽ തീ കോരിയിട്ട് നീണ്ടു നിന്ന മഴക്കാലം, 3 വർഷമായി സാധാരണ ജീവിതത്തെ സ്തംഭിപ്പിച്ചു കൊണ്ട് താണ്ഡവമാടിയ ഇത്തിരികുഞ്ഞൻ കൊറോണാ വൈറസും അതിന്റെ വകഭേദങ്ങളും – നാം കടന്നു പോകുന്നത് മനുഷ്യൻ ഇന്നേവരെ അനുഭവിച്ചിട്ടില്ലാത്ത വല്ലാത്ത പ്രതിസന്ധികളിലൂടെയാണ്. ഈ ദുരന്തങ്ങളെല്ലാം ചേർന്ന് നമ്മുടെ പുരോഗതിയെ ഒട്ടൊന്നുമല്ല പിന്നോക്കം വലിച്ചിട്ടുള്ളത്. നമുക്ക് പ്രിയപ്പെട്ട എത്രയോ പേർ നമ്മിൽ നിന്നു പരിഞ്ഞു പോയി, എത്രയോ പേർ തൊഴിൽ രഹിതരായി, എത്രയോ പേർ ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് താണു പോയി.

സർ,

ഞാനൊരു കഥ പറയാം. പണ്ട് ഒരു ഗ്രാമത്തിൽ ഒരു അമ്മൂമ്മ താമസിച്ചിരുന്നു. ഈ അമ്മൂമ്മയ്ക്ക് ഒരു പൂവൻകോഴിയും, നെരിപ്പോടും ഉണ്ടായിരുന്നു. ദിവസവും അതിരാവിലെ അമ്മൂമ്മയുടെ പൂവൻകോഴി കൂവും. ആ കൂവൽ കേട്ട് ഗ്രാമവാസികൾ ഉണരും. ഉണരുമ്പോൾ മുതൽ അവർ പലവിധ അധ്വാനത്തിൽ ഏർപ്പെടും. അമ്മൂമ്മയുടെ നെരിപ്പോടിൽ നിന്ന് തീ പകർന്ന് അവർ അവരുടെ അടുക്കളയിലേക്ക് കൊണ്ടു പോകും. രുചികരമായ ഭക്ഷണം തയ്യാറാക്കും. ഗ്രാമവാസികളുടെ അധ്വാനവും അഗ്നി എന്ന അത്ഭുതവും ചേർന്ന്

ഗ്രാമത്തെ സമ്പന്നമാക്കി. അങ്ങനെയിരിക്കെ അമ്മൂമ്മയ്ക്ക് ഒരു ദുഷ്ചിന്ത വന്നു. തന്റെ പൂവൻകോഴി കൂവുന്നതു കൊണ്ട് മാത്രമാണ് ഗ്രാമവാസികൾ ഉണരുന്നതും അധ്വാനിക്കുന്നതും. തന്റെ നെരിപ്പോട് ഉള്ളതു കൊണ്ട് മാത്രമാണ് ഗ്രാമവാസികളുടെ അടുക്കളയിൽ തീയുണ്ടാകുന്നത്. പക്ഷേ ഗ്രാമവാസികൾ തന്നെ വേണ്ട വിധം ബഹുമാനിക്കുന്നില്ല. അതുകൊണ്ട് അവരെ ഒരു പാഠം പഠിപ്പിക്കണം. ഈ ചിന്തയോടെ അമ്മൂമ്മ ഒരു രാത്രിയിൽ ആരുമറിയാതെ ഗ്രാമം വിട്ടു. തന്റെ പൂവൻകോഴി വിളിച്ചുണർത്താത്ത, തന്റെ നെരിപ്പോടിൽ നിന്നും തീ പകർത്താത്ത ഗ്രാമം നശിച്ചു പോകുമെന്ന് അമ്മൂമ്മ സ്വാഭാവികമായും വിശ്വസിച്ചു. കുറെ വർഷങ്ങൾക്കു ശേഷം തന്റെ തകർന്നടിഞ്ഞ ഗ്രാമം കാണുവാൻ അമ്മൂമ്മ തിരിച്ചെത്തി. പക്ഷേ അമ്മൂമ്മയെ കാത്തു നിന്നത് അത്ഭുത കാഴ്ചകളായിരുന്നു. എങ്ങും യഥേഷ്ടം അഗ്നി ജ്വലിക്കുന്നു. നിറയെ വ്യവസായ ശാലകൾ അവിടെ അധ്വാനിക്കുന്ന ഗ്രാമീണർ. എങ്ങും സമ്പദ്സമൃദ്ധി. അമ്മൂമ്മയുടെ കോഴി കൂവാതായതോടെ ഗ്രാമീണർ വ്യവസായശാല ആരംഭിച്ചു. അവിടെ നിന്നുള്ള സൈറൺ കേട്ടാണ് ഇന്ന് ഗ്രാമം ഉണരുന്നത്. നെരിപ്പോടില്ലാതായതോടെ ഗ്രാമീണർ തീപ്പെട്ടി കണ്ടുപിടിച്ചു. പെട്ടെന്ന് ഉരച്ച് കത്തിക്കാവുന്ന തീപ്പെട്ടി എല്ലാ വീടുകളിലും വന്നതോടെ അഗ്നി എല്ലായിടത്തും ജ്വലിക്കാൻ തുടങ്ങി. അധ്വാനശീലരായ നാട്ടുകാരും അഗ്നിയും ചേർന്ന് നാടിനെ സമ്പന്നമാക്കി.

അതാണ് സർ, നമ്മൾ മനുഷ്യർ ജയിക്കാനായി ജനിച്ചവരാണ്. പ്രകൃതിയോടും പ്രതിസന്ധികളോടും മല്ലിട്ടാണ് മനുഷ്യവളർച്ചയുടെ ഓരോ ഘട്ടവും പിന്നിട്ടിട്ടുള്ളത്. പ്രതിസന്ധികൾ മനുഷ്യനെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തിട്ടുള്ളത്. അത്കൊണ്ടാണ് ഈ കാലവും കടന്നു പോകും എന്ന് പറയുന്നത്. കോവിഡ് മഹാമാരിയും മഹാ പ്രളയങ്ങളും സൃഷ്ടിച്ച പ്രതിസന്ധി അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടുന്ന മനുഷ്യർക്ക് അതിനാവശ്യമായ പിന്തുണ നൽകുക എന്നതാണ് ഭരണകർത്താക്കളുടെ കർത്തവ്യം. ഈ ചിന്ത മനസ്സിൽ വച്ചു കൊണ്ടാണ് ഈ ഭരണസമിതിയുടെ രണ്ടാം ബജറ്റ് ഞാൻ അവതരിപ്പിക്കുന്നത്.

# വരവിനം

ബഹുവിധമായ ആവശ്യങ്ങളെ നിറവേറ്റുന്നതിന് ആവശ്യമായ പദ്ധതികൾക്ക് വേണ്ട പണം ലഭ്യമാകുന്നില്ല എന്നതാണ് ജില്ലാ പഞ്ചായത്തിന്റെ ധനമന്ത്രി എന്ന നിലയിൽ ഞാൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമായി തനതു ഫണ്ട് സമാഹരിക്കുന്നതിനുള്ള യാതൊരു മാർഗ്ഗവും ജില്ലാ പഞ്ചായത്തിനില്ല. ഏതെങ്കിലും നികുതിയോ ഫീസോ ചുമത്തുവാനോ ഈടാക്കുവാനോ ജില്ലാ പഞ്ചായത്തിന് അധികാരവും ഇല്ല. തനത് ഫണ്ട് സ്രോതസ്സുകളെ പോഷിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുവാനുള്ള ചില പരിപാടികൾക്ക് കഴിഞ്ഞ ബജറ്റിൽ തുടക്കം കുറിച്ചിരുന്നു. ജില്ലാ കൃഷിത്തോട്ടങ്ങളിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ, ഫാം ടൂറിസം, വനിതാ വിപണന കേന്ദ്രം, വർക്ക് ഫ്രം നെയ്ബർഹുഡ്, ജൈവവള നിർമ്മാണ യൂണിറ്റ് തുടങ്ങിയവ ഈ ലക്ഷ്യം മുന്നിൽക്കണ്ട് ഏറ്റെടുത്ത പദ്ധതികളാണ്. ഇതിന്റെ ഫലം നമ്മുടെ സാമ്പത്തിക സ്ഥിതിയിൽ പ്രതിഫലിക്കുവാൻ കുറച്ചു സമയം കൂടി കാത്തിരിക്കേണ്ടതുണ്ട്. എങ്കിലും തനത് ഫണ്ടിനത്തിൽ കഴിഞ്ഞ വർഷം ചെറിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തനത് ഫണ്ട് സ്ഥിതി മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രമങ്ങൾ ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. ലഭ്യമായ തനതു വരുമാന സ്രോതസ്സുകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയും പുതിയ സ്രോതസ്സുകൾ കണ്ടെത്തിയും ചെലവുകൾ നിയന്ത്രിച്ചും തനത് ഫണ്ട് സ്ഥിതി മെച്ചപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്. ഇത്തരം ബഹുമുഖ പ്രവർത്തനങ്ങൾ വഴി തനത് ഫണ്ട് വരുമാനം 2022–23 വർഷം നാലിരട്ടിയായി വർദ്ധിപ്പിക്കുവാനാണ് ബജറ്റ് ലക്ഷ്യം വയ്ക്കുന്നത്. 2022–23 വർഷം തനത് ഫണ്ടിനത്തിൽ 20.88 കോടി രൂപ പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ വർഷം സി.എസ്.ആർ. ഇനത്തിൽ വലിയൊരു തുക ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും പ്രതീക്ഷിച്ചതിന്റെ ചെറിയൊരു ശതമാനം മാത്രമാണ് സമാഹരിക്കാനായത്. പല കാരണങ്ങൾ കൊണ്ടും ഇക്കാര്യത്തിൽ കാര്യമായ ശ്രമം നടത്തുവാൻ കഴിഞ്ഞില്ല. ഫലപ്രദവും ആകർഷണീയവുമായ പദ്ധതികൾ

മുന്നോട്ടു വച്ചു കൊണ്ട് വരും വർഷം കൂടുതൽ സി.എസ്.ആർ. ഫണ്ട് ആകർഷിക്കുവാൻ കഴിയുമെന്ന വിശ്വാസമാണെനിക്കുള്ളത്. 2 കോടി രൂപയാണ് ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നത്. പ്രിയദർശിനി ഓഡിറ്റോറിയം എ.സി.ആക്കി നവീകരിക്കുകയും രണ്ടാമതൊരു ഓഡിറ്റോറിയം റൂഫ് ടോപ്പിൽ നോൺ എ.സി. ആയി പണിയുകയും ചെയ്യുന്നതിലൂടെ കൂടുതൽ സൗകര്യം ലഭ്യമാകുമെന്നതിനാലും ഓഡിറ്റോറിയങ്ങളുടെ വാടക ഇനത്തിൽ 25 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ചും ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ പ്പെടുത്തിയും നിരവധി സ്കൂൾ കെട്ടിടങ്ങളും മറ്റ് പൊതുകെട്ടിടങ്ങളും പൊളിച്ചു പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്നുണ്ട്. പഴയ കെട്ടിടങ്ങൾ ഉൾപ്പെടെ ലേലം ചെയ്ത് നൽകുന്ന വകയിൽ കൂടുതൽ തുക ലഭ്യമാകും. ഈ ഇനത്തിൽ 50 ലക്ഷം രൂപ ലഭിക്കുമെന്ന് കരുതുന്നു.

2020–2021 ൽ വിവിധോദ്ദേശ ഗ്രാൻറിനത്തിൽ (ജനറൽ പർപ്പസ് ഗ്രാന്റ്) ലഭിച്ചത് ***4.30 കോടി*** രൂപയായിരുന്നു. ഈ വർഷം ജനറൽ പർപ്പസ് ഗ്രാന്റിൽ ***4.80 കോടി*** രൂപയാണ് പ്രതീക്ഷിക്കുന്നത്. മറ്റിനങ്ങളിൽ ലഭിക്കുമെന്ന് കരുതുന്ന ***29.91 കോടി*** രൂപ ഉൾപ്പെടെ 2022–2023 വർഷം ലഭിക്കുന്ന ആകെ തനത് വരുമാനം ***34.71 കോടി*** രൂപയാണ്.

പ്രതീക്ഷിത തനത് വരുമാനം

| സ്രോതസ്സ് | തുക |
|---|---:|
| കൃഷി ഫാം വരവ് | 10,00,00,000/– |
| വിവിധ പദ്ധതികളിൽ നിന്നുളള വരവ് | 50,00,000/– |
| സി.എസ്.ആർ.ഫണ്ട് | 2,00,00,000/– |
| പാഴ്‌വസ്തുക്കളുടെ വിൽപന | 50,00,000/– |
| ഫാറവില | 2,00,00,000/– |
| ഓഡിറ്റോറിയങ്ങൾ | 25,00,000/– |
| മറ്റുളളവ | 14,66,07,500/– |
| ജനറൽ പർപ്പസ് | 4,80,00,000/– |
| **ആകെ** | **34,71,07,500/–** |

2019–2020 ൽ കോവിഡ് മഹാമാരി മൂലം പല പദ്ധതികളും പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ പല പദ്ധതികളും നടപ്പു വർഷത്തേക്ക് സ്പിൽ ഓവർ ആയി ഏറ്റെടുക്കേണ്ടതായി വന്നു. എന്നാൽ കഴിഞ്ഞ വർഷം 100% തുകയും ചെലവഴിച്ചതിനാൽ സ്പിൽ ഓവർ വിഹിതമായി യാതൊരു തുകയും നമുക്ക് ലഭിക്കുകയുണ്ടായില്ല. ഇത് പദ്ധതി നിർവഹണത്തിൽ വലിയ വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്. 2022–2023 വർഷം പ്ളാൻ ഫണ്ട് ജനറൽ 36.20 കോടി രൂപയും, പ്രത്യേക ഘടക പദ്ധതിയിൽ 17.82 കോടി രൂപയും പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ 80 ലക്ഷം രൂപയും കേന്ദ്ര ധനകാര്യ കമ്മിഷൻ (ടൈഡ് & അൺറ്റൈഡ്) 18.32 കോടി രൂപയും ഉൾപ്പെടെ വികസന ഫണ്ടിനത്തിൽ ആകെ 151.95 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 61.14 കോടി രൂപയും നോൺ റോഡ് 17.67 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്.

**കേന്ദ്ര സംസ്ഥാന സർക്കാർ ഗ്രാന്റുകൾ**

| ഇനം | തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 36,19,62,000/– |
| സി.എഫ്.സി. (ടൈഡ് & അൺടൈഡ്) | 18,31,85,000/– |
| എസ്.സി.പി. | 17,82,18,000/– |
| ടി.എസ്.പി. | 80,00,000/– |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 61,14,05,000/– |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 17,66,95,000/– |
| **ആകെ** | **151,94,65,000/–** |

ഇപ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നും ആകെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വരുമാനം ***186,65,70,500/–*** രൂപയാണ്. മുൻബാക്കി ***9,96,09,301/– രൂപ*** കൂടി ചേർക്കുമ്പോൾ ആകെ ഈ വർഷം ലഭിക്കുന്ന തുക ***196,61,79,801/– രൂപ***യാണ്. ഈ സ്രോതസ്സുകളിൽ നിന്നു ലഭിക്കുന്ന തുകകൾ ഉപയോഗപ്പെടുത്തുന്നതിനു പുറമേ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി ഫലപ്രദമായ ധനവിനിയോഗത്തിലൂടെ വികസനപരവും ജനക്ഷേമകരവുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് ഈ ബജറ്റ് ഊന്നൽ നൽകുന്നത്.

# കാർഷിക മേഖല

"അരി തഞ്ചാവൂരിൽ നിന്നും
പച്ചക്കറി പൊള്ളാച്ചിയിൽ നിന്നും
പാലു പോത്തന്നൂരിൽ നിന്നും
പൈസ ഫോറിനിൽ നിന്നും കിട്ടുമെന്നതിനാൽ
കേരളക്കാരെ
നിങ്ങൾക്കെന്തിനു കന്നും കൃഷിയും
നമ്മുടെ കാലം തിന്നു മുടിക്കാം"

മണ്ണിൽ പണിയെടുക്കുവാൻ മടി കാണിച്ചിരുന്ന മലയാളിയോടുള്ള പരിഹാസമാണ് കുഞ്ഞുണ്ണി മാഷിന്റെ ഈ വരികളിൽ തെളിയുന്നത്. എന്നാൽ കുറച്ചു കാലമായി ഈ മനോഭാവത്തിന് മാറ്റം വന്നു തുടങ്ങിയിട്ടുണ്ട്. പൊതുവേ കൃഷിയോടുള്ള ആഭിമുഖ്യം കൂടി വരുന്നുണ്ട്. മട്ടുപ്പാവിൽപ്പോലും കൃഷിയാകാമെന്നു വന്നതോടെ ഗ്രാമ നഗര വ്യത്യാസമില്ലാതെ കൃഷി വ്യാപിച്ചിട്ടുണ്ട്. വിപണിയെ ലക്ഷ്യം വച്ചല്ലാതെ സ്വന്തം ആവശ്യത്തിനുള്ളത് കൃഷി ചെയ്തെടുക്കുക എന്ന രീതിയും കാണുന്നുണ്ട്. കാർഷിക രംഗത്ത് സമഗ്രമായ ഇടപെടലിന് കഴിഞ്ഞ ബജറ്റിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൃഷി ഒരു ഉപജീവന മാർഗ്ഗം മാത്രമല്ല അതൊരു ജീവിത രീതിയാണ്. സംസ്കാരമാണ്. മണ്ണിനെ തൊടുന്ന, മണ്ണിനെ അറിയുന്ന കർഷകൻ അന്നദാതാവാണ്. അന്നന്നു വേണ്ട ആഹാരം തരണമേ എന്നാണ് നമ്മുടെ പ്രാർത്ഥന. അന്നം തരുന്നവനാണ് ദൈവം. അതുകൊണ്ട് "ദൈവം വസിക്കുന്നത് പൂജാമുറികളിലല്ല കർഷകൻ വിയർപ്പൊഴുക്കുന്ന പാടങ്ങളിലാണ്" എന്ന് രവീന്ദ്ര നാഥ ടാഗോർ പാടിയത്. To work is to worship എന്നതിന്റെ അർത്ഥവും വേറൊന്നല്ല. കാർഷിക മേഖലയിലെ ഇടപെടലിന്റെ ഗുണഫലങ്ങൾ ദൃശ്യമാണ്. നെല്ലിന്റെയും, നാണ്യവിളകളുടെയും, പച്ചക്കറിയുടേയും ഉത്പാദനത്തിൽ വർദ്ധനവുണ്ടായി. എന്നാൽ ഇത് ഒരു തുടക്കം മാത്രമേ ആകുന്നുള്ളൂ. കാർഷിക

മേഖലയിൽ സ്വയം പര്യാപ്തമാവുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്ക് ഇനിയും ഏറെ സഞ്ചരിക്കേണ്ടതുണ്ട്. ഈ വർഷം പ്രത്യക്ഷത്തിലും പരോക്ഷത്തിലുമായി 1 ലക്ഷം പേർക്കെങ്കിലും തൊഴിൽ നൽകുക എന്നത് ഭരണസമിതിയുടെ നയമാണ്. ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുവാൻ കഴിയുന്നത് കാർഷിക മേഖലയ്ക്ക് തന്നെയാണ്. മണ്ണിലെ അധ്വാനം മനസിനെയും ശരീരത്തേയും ശുദ്ധീകരിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ നമ്മുടെ ആരോഗ്യ പരിപാലനത്തിനും കാർഷിക മേഖലയെ സജീവമാക്കേണ്ടതുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും കാർഷിക മേഖല തന്നെയാണ് ആശ്രയമായുള്ളത്. അതിനാലാണ് ഈ ബജറ്റിലും കാർഷിക രംഗത്തിന് മുന്തിയ പ്രാധാന്യം നൽകുന്നത്. വിത്തും വളവും സൗജന്യമായി നൽകിയും, കാർഷിക യന്ത്രവത്കരണത്തിന് സഹായിച്ചും വിവിധ സബ്സിഡികൾ നൽകിയും കർഷകരെ സഹായിക്കുന്നതോടൊപ്പം നൂതന കാർഷിക സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുവാനും കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാനും കാർഷിക വിഭവങ്ങൾ എളുപ്പത്തിൽ വിറ്റഴിക്കുന്നത സംവിധാനം ഒരുക്കുവാനും വിളകളിൽ നിന്നു മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാനും ഉള്ള പദ്ധതികൾക്കാണ് ഈ വർഷം ഊന്നൽ നൽകുന്നത്. കൃഷി ചെയ്തതിനു ശേഷം വിളകൾക്ക് വിപണി അന്വേഷിച്ചു നടക്കുകയും പലപ്പോഴും ഉത്പാദനത്തിനനുസരിച്ച് ഡിമാന്റ് ഉണ്ടാകാത്തതിനാൽ ചെറിയ വിലക്ക് വിളകൾ വിറ്റഴിക്കേണ്ടിയും വരുന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഒരു ഭാഗത്ത് വിളകൾക്ക് ആവശ്യക്കാരില്ലാതെ നശിപ്പിച്ചു കളയേണ്ടി വരുമ്പോൾ മറ്റൊരു ഭാഗത്ത് അതേ വിളക്ക് ദൗർലഭ്യം നേരിടുകയും ഉപഭോക്താക്കൾക്ക് അധിക വില നൽകേണ്ടി വരികയും ചെയ്യുന്ന സ്ഥിതി വിശേഷവും ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി വിപണി അധിഷ്ഠിത കൃഷിരീതിയിലേക്ക് ഒരു ചുവട് മാറ്റവും ഈ ബജറ്റ് നിർദ്ദേശിക്കുന്നു.

## കാർബൺ ന്യൂട്രൽ കൃഷി

നാം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം കാലാവസ്ഥാ വ്യതിയാനമാണ്. ഭൗമോപരിതലത്തിലെയും സമുദ്രത്തിലെയും ചൂട് ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുന്നു. ചൂട് കൂടുന്നതിന്റെ തോത് കഴിഞ്ഞ 2–3 വർഷമായി ഭയാനകമാം വിധം വർദ്ധിച്ചിരിക്കുകയാണ്. ഇതു തുടർന്നാൽ മഞ്ഞു മലകൾ ഉരുകുകയും സമുദ്രത്തിലെ ജലം വലിയ തോതിൽ ഉയരുകയും ചെയ്യും. നമ്മുടെ ജില്ല ഉൾപ്പെടെ പല ഭൂഭാഗങ്ങളും വെള്ളത്തിൽ മുങ്ങിപ്പോകും. കൂടെ കൂടെ ഉണ്ടാകുന്ന ചുഴലിക്കാറ്റുകൾ തോരാതെ പെയ്യുന്ന മഴ, പ്രളയം, കടുത്ത വരൾച്ച ഇതെല്ലാം ഇതിന്റെ പ്രത്യാഘാതങ്ങളാണ്. അനിയന്ത്രിതമായി പുറന്തള്ളപ്പെടുന്ന കാർബണാണ് ഈ ചൂടിനു പിന്നിലുള്ള പ്രധാന കാരണം. കാർബൺ ബഹിർഗമനം പടിപടിയായി കുറച്ച് പൂജ്യത്തിലേക്ക് എത്തിക്കണമെന്ന് കാലാവസ്ഥാ ഉച്ചകോടിയിലും ലോക പരിസ്ഥിതിക ഉച്ചകോടിയിലും തിരുമാനിക്കുകയും ഭൂരിപക്ഷം രാജ്യങ്ങളും ഇതിനായുള്ള ഉടമ്പടിയിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെയാണ് കാർബൺ ന്യൂട്രൽ കൃഷിരീതിയുടെ പ്രസക്തി. കീടനാശിനികളുടെയും കൃത്രിമ വളങ്ങളുടേയും ഉപയോഗമില്ലാതെ ജൈവികമായ രീതിയിൽ കൃഷി ചെയ്യുക എന്നതാണ് കാർബൺ ന്യൂട്രൽ കൃഷി യുടെ രീതി.

2020 ൽ 66.1 മില്ല്യൺ ടൺ കാർബൺ ഡൈ ഓക്സൈഡ് ആണ് കേരളം പുറത്തു വിട്ടത്. ഇതിൽ 11.4 മില്ല്യൺ ടൺ കൃഷി പ്രവർത്തനങ്ങളിലൂടെ പുറന്തള്ളിയതാണ്. കൃഷിയുമായി ബന്ധപ്പെട്ട ഏതാണ്ട് എല്ലാ പ്രവർത്തനങ്ങളും – നിലമൊരുക്കൽ, മണ്ണ് തുറക്കൽ, വിത, വിളവെടുപ്പ്, വിള ഉണക്കൽ, വെള്ളം പമ്പ് ചെയ്യൽ, വളപ്രയോഗം, കീടനാശിനിയുടേയും കളനാശിനിയുടേയും പ്രയോഗങ്ങൾ എല്ലാം വൻ തോതിൽ കാർബൺ ബഹിർഗമനം ചെയ്യുന്നതാണ്. അന്തരീക്ഷത്തിലേക്ക് ബഹിർഗമിക്കപ്പെടുന്ന അതേ അളവിൽ മണ്ണിലേക്ക് കാർബൺ ആഗിരണം ചെയ്യപ്പെടുമ്പോൾ ആണ് കാർബൺ ന്യൂട്രൽ പ്രവർത്തനമാകുന്നത്. വളങ്ങളുടെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, സംയോജിത കീടരോഗ നിയന്ത്രണം നടത്തുക, ജലപോഷകതയും ഉപയോഗക്ഷമതയും കൂടിയ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുക, പയറുവർഗ്ഗങ്ങൾ ഇടവിള കൃഷി ചെയ്യുക,

വിള പരിക്രമണം നടത്തുക എന്നിവയാണ് കാർബൺ ന്യൂട്രൽ കൃഷിയുടെ ഘടകങ്ങൾ. സമ്പൂർണ്ണമായി കാർബൺ ന്യൂട്രൽ കൃഷിരീതി അവലംബിക്കുന്ന ആദ്യത്തെ കൃഷിത്തോട്ടം ആലുവയിലെ നമ്മുടെ സ്വന്തം വിത്തുൽപാദന കേന്ദ്രം ആണെന്നത് ഏറ്റവും അഭിമാനകരമാണ്.

കാലാവസ്ഥാ വ്യതിയാനത്തെ നിയന്ത്രിച്ച് ഭൂമുഖത്ത് ജീവൻ നിലനിർത്തുന്നതിന് ഹരിതഗൃഹ വാതക നിർഗ്ഗമനം നിയന്ത്രിച്ച് കാർബൺ നെറ്റ് സീറോ ആക്കി മാറ്റേണ്ടിയിരിക്കുന്നു. കാലഘട്ടം ആവശ്യപ്പെടുന്ന ഈ ഉദ്യമം സധൈര്യം ഏറ്റെടുക്കുകയാണ്. കാർബൺ ന്യൂട്രൽ കൃഷിരീതിയുടെ പ്രോത്സാഹനത്തിന് ***20 ലക്ഷം രൂപ*** നീക്കി വെക്കുന്നു.

## വിത്തും കൈക്കോട്ടും – തരിശു കൃഷി

"എന്റെ പാടം കളകയറി
എന്റെ അന്നത്തിനു മുകളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ നിരന്നു
റോഡുകൾ വന്നു
എന്റെ പാടം നികത്തി വാണിജ്യം പച്ചപിടിച്ചു"

ആകെ 50 ലക്ഷം ഏക്കർ കൃഷിഭൂമിയാണ് കേരളത്തിൽ ലഭ്യമായിട്ടുള്ളത്. ഇതിൽ 35 ലക്ഷം ഏക്കറിലും നാണ്യ-സുഗന്ധ വിളകളാണ് കൃഷി ചെയ്യുന്നത്. അതായത് വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് നെൽകൃഷിക്കായും പച്ചക്കറി കൃഷിക്കായും ലഭിക്കുന്നത് എന്നർത്ഥം. 50 ലക്ഷം ടൺ അരിയും 23 ലക്ഷം ടൺ പച്ചക്കറിയും 17 ലക്ഷം ടൺ പയർവർഗ്ഗങ്ങളുമാണ് കേരളത്തിലെ പ്രതിവർഷ ഉപഭോഗം. എന്നാൽ 6 ലക്ഷം ടൺ അരിയും 15 ലക്ഷം ടൺ പച്ചക്കറിയും ആണ് ഉത്പാദിപ്പിക്കപ്പെടുന്നത്. ഉപഭോഗവും ഉത്പാദനവും തമ്മിലുള്ള ഈ ഭീമമായ വിടവ് നികത്തണമെങ്കിൽ ഓരോ തരിശ് ഭൂമിയിലും കൃഷി ചെയ്യേണ്ടിയിരിക്കുന്നു. മുൻ വർഷങ്ങളിൽ തരിശ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധാരാളം പ്രവർത്തനങ്ങൾ നാം നടത്തിയിരുന്നു. ഇതുവഴി ധാരാളം തരിശുഭൂമി കൃഷിയോഗ്യമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകൾ കൂടി

പ്രയോജനപ്പെടുത്തിക്കൊണ്ട് ശേഷിക്കുന്ന തരിശുഭൂമിയിൽ കൂടി കൃഷി ചെയ്യുവാൻ ഈ വർഷം പദ്ധതിയിടുന്നു. നിലമൊരുക്കൽ, വിത്തും വളവും സൗജന്യമായി ലഭ്യമാക്കൽ, കാർഷിക യന്ത്രവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ***50 ലക്ഷം രൂപ*** തരിശു കൃഷിയിൽ വകയിരുത്തുന്നു.

## സുജലം – തോടുകളുടെ പുനരുജ്ജീവനവും ജലസേചന സംവിധാനം ഏർപ്പെടുത്തലും

"എന്റെ പുഴക്ക് ആരോടെന്നില്ലാത്തത്ര ദേഷ്യം
അവളുടെ ഒഴുക്ക് നിലച്ചിരിക്കുന്നു
മാലിന്യങ്ങൾ നിങ്ങളല്ലേ എന്റെ നീരുറവയിൽ നിറച്ചത്
എന്റെ മത്സ്യങ്ങളെ നിങ്ങൾ വിഷം കലക്കി
പുഴക്കിനി ഒഴുകാനേ ആകില്ല"

കൃഷി അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ ജലസേചന സൗകര്യം ഉണ്ടാവേണ്ടതുണ്ട്. എല്ലാ കാർഷിക സംസ്കാരങ്ങളും ജനിച്ചതും പോഷിപ്പിക്കപ്പെട്ടതും നദീതടങ്ങളിലായതിന്റെ കാരണം മറ്റൊന്നുമല്ല. ജന്തുശരീരത്തിലെ നാഡീഞരമ്പുകൾ പോലെയാണ് ഭൂമിയിലെ ജലസ്രോതസ്സുകളും നീരുറവകളും. നമ്മുടെ വയലേലകളെ ബന്ധിപ്പിച്ചു കൊണ്ടിരുന്ന തോടുകളിൽ പലതും മൂടപ്പെട്ടത് കൃഷി ഇല്ലാതായതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. ജില്ലയിലെ തോടുകൾ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിന് 'ഓപ്പറേഷൻ വാഹിനി' എന്ന പേരിൽ ഒരു പദ്ധതി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തി വരുന്നു. ഇതിൽ മുഖ്യമായ ഒരു പങ്ക് ജില്ലാ പഞ്ചായത്ത് വഹിക്കുന്നു. ഈ പദ്ധതിയോട് ചേർന്നു പോകും വിധം മൂടപ്പെട്ടു പോയതും, ഒഴുക്കു നിലച്ചതുമായ തോടുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ചെളിയും പോളയും നിറഞ്ഞ് ഉപയോഗ ശൂന്യമായിരിക്കുന്ന തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും

പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉള്ള പ്രത്യേക പദ്ധതിക്കായി ***4 കോടി രൂപ*** വകയിരുത്തുന്നു.

## ഹരിത – പരമ്പരാഗത നാടൻ പച്ചക്കറി കൃഷി

കേരളത്തിൽ ചില പ്രത്യേക പ്രദേശങ്ങളിൽ കൃഷി ചെയ്തു വരുന്നതും ആ നാടിന്റെ പെരുമ പേറുന്നതുമായ കാർഷിക വിളകളുണ്ട്. ഓണക്കൂർ പാവൽ, പട്ടുചീര, വേങ്ങര വഴുതന, ആനക്കൊമ്പൻ വെണ്ട, മട്ടന്നൂർ വെള്ളരി, കഞ്ഞിക്കുഴി പയർ, പൊട്ടുവെള്ളരി, കോടാലി മുളക്, കാളക്കൊമ്പൻ വഴുതന, ആലങ്ങാട് ചീര, കാളത്തോട് പയർ, ആദിത്യപുരം പടവലം, വ്ളാത്തങ്കര ചീര എന്നിവ അവയിൽ ചിലതാണ്. ഈ തനത് പച്ചക്കറികളിൽ പലതും അതിവേഗം വിസ്മൃതിയിലാവുകയാണ്. നമ്മുടെ ഗ്രാമീണ പാരമ്പര്യം പേറുന്ന ഈ പച്ചക്കറികളെ സംരക്ഷിക്കേണ്ടതും പരിപാലിക്കേണ്ടതും ചരിത്രപരമായ ഒരാവശ്യം കൂടിയാണ്. വേണ്ടത്ര ശ്രദ്ധയും പരിചരണവും നൽകിയാൽ പരമ്പരാഗത കർഷകർക്ക് മികച്ച വരുമാനം ലഭിക്കുന്ന തരത്തിലേക്ക് കൃഷിയെ വളർത്താനാകും. പരമ്പരാഗത കൃഷിരീതികളെ ശാസ്ത്രീയ മാർഗ്ഗങ്ങളുമായി കൂട്ടിയിണക്കി ഈ നാടൻ പച്ചക്കറികൾ കൃഷി ചെയ്ത് അവയ്ക്ക് ജൈവ-പൈതൃക സർട്ടിഫിക്കേഷൻ നൽകി വിപണനം ചെയ്യുന്നതിനുള്ള നൂതന പദ്ധതിയാണ് 'സനാതനം'. നമ്മുടെ നാടിന്റെ പ്രത്യേകതകൾ പേറുന്നതും നാടിന്റെ പെരുമക്ക് കാരണമാകുന്നതുമായ പരമ്പരാഗത പച്ചക്കറികളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ***10 ലക്ഷം രൂപ*** നീക്കി വെക്കുന്നു.

## പൊൻകതിർ – നെൽകൃഷി പ്രോത്സാഹനം

കേരളീയരുടെ മുഖ്യ ആഹാരം അരിയാണ്. പാശ്ചാത്യ ഭക്ഷണങ്ങളും കോണ്ടിനെന്റൽ, അറേബ്യൻ ഭക്ഷണങ്ങളും നമ്മുടെ തീൻമേശയിൽ എത്തുന്നുണ്ടെങ്കിലും ഒരു നേരമെങ്കിലും ചോറുണ്ണാതെ മലയാളിക്ക് ജീവിക്കാനാവില്ല. എന്നാൽ നെൽവയലുകൾ പല ആവശ്യങ്ങൾക്കായി നികത്തപ്പെടുകയും നെൽകൃഷി ഗണ്യമായി കുറയുകയുമാണ് ചെയ്തത്. നെൽവയൽ തണ്ണീർത്തട നിയമം നിലവിലുള്ളപ്പോൾ തന്നെ വയലുകൾ

വ്യാപകമായി നികത്തപ്പെടുന്നു. ഉയർന്ന ഉൽപാദനച്ചെലവ്, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം കാലാവസ്ഥയിൽ കൂടെകൂടെയുണ്ടാകുന്ന മാറ്റം, പ്രകൃതിക്ഷോഭം, ഉൽപാദനക്ഷമത കുറഞ്ഞ വിത്തിനങ്ങൾ ഇതെല്ലാം നെൽകൃഷി നഷ്ടത്തിലാക്കുന്നു. വിത്തും വളവും സൗജന്യമായി നൽകിയും കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കിയും കൂലിച്ചെലവ് സബ്സിഡിയും ഉൽപാദന ബോണസ്സും നൽകിയും നെൽകൃഷി സംരക്ഷിക്കുവാനുള്ള ഇടപെടലുകൾ നാം നിരന്തരം നടത്തുന്നുണ്ട്. നിലവിലുള്ള നെൽവയലുകളെ നിലനിർത്തുന്നതോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതിനായി 'പൊൻകതിർ' എന്ന പേരിൽ ***1.5 കോടി രൂപ*** വകയിരുത്തി പുതിയ പദ്ധതി ഏറ്റെടുക്കുന്നു.

## പൊക്കാളി നെൽകൃഷി സംരക്ഷണം

ജില്ലയിലെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ പൊക്കാളി കൃഷിയാണ് ചെയ്തു വരുന്നത്. ഏറെ പ്രത്യേകതകളുള്ള തനത് വിത്തിനമാണ് പൊക്കാളി. ഉപ്പുരസമേറിയ കോൾനിലങ്ങളിൽ പൊക്കാളിയല്ലാതെ മറ്റൊരു കൃഷിയും പ്രായോഗികമല്ല. കടലിൽ നിന്നും അധികമായി ഓരുവെള്ളം കയറുന്നത് പൊക്കാളി കൃഷിയുടെ നാശത്തിന് വഴി വെയ്ക്കുന്നു. ഇതു തടയുന്നതിന് പൊക്കാളി പാടശേഖരങ്ങളിൽ ബണ്ടുകൾ നിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനും പുതിയ സ്ളൂയിസ് സ്ഥാപിക്കുന്നതിനും എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുമായും കോസ്റ്റൽ ഡവലപ്മെന്റ് അതോറിറ്റിയുമായും ചേർന്ന് പദ്ധതി ഏറ്റെടുക്കുന്നു. ഇതിനായി ***1.5 കോടി രൂപ*** വകയിരുത്തുന്നു.

ഭൗമസൂചികയിൽപ്പെട്ട ഈ അപൂർവ്വ വിത്തിനം സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ കുറഞ്ഞ ഉൽപാദന ശേഷി മൂലം പൊക്കാളി കൃഷി നഷ്ടമാകുന്ന സ്ഥിതിയാണുള്ളത്. ഒരു നെല്ലും ചെമ്മീനും പദ്ധതിയിൽ മീൻ വളർത്തുന്നവർ യഥാസമയം നെൽകൃഷിക്കായി പാടം വിട്ടു നൽകാത്തതും നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. പൊക്കാളി ഇപ്പോൾ ചെറിയ പ്രദേശത്തു മാത്രം കൃഷി ചെയ്യുന്നതു മൂലം പ്രായോഗികമായ പല

ബുദ്ധിമുട്ടുകളും ഈ കൃഷി ചെയ്യുന്നതിന് ഉണ്ടാകുന്നുണ്ട്. പൊക്കാളികൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ***50 ലക്ഷം രൂപ*** വകയിരുത്തുന്നു.

## കേര ഗ്രാമം

'കേരഗ്രാമം' എന്ന പേരിൽ തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സമഗ്രബഹുവർഷ പദ്ധതി ഏറ്റെടുക്കുന്നു. ഒരു വർഷം, ഒരു ഡിവിഷനിൽ, ഒരു പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും തെങ്ങിൻ തൈ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. അങ്ങനെ മൂന്നുവർഷംകൊണ്ട് ജില്ലയിലെ പഞ്ചായത്ത് നിവാസികളായ മുഴുവൻ പേർക്കും 5 തെങ്ങിൻ തൈ വീതം വിതരണം ചെയ്യുന്നു. അതോടൊപ്പം അതിന് ആവശ്യമായ വളങ്ങളും നൽകുന്നു.

നാളികേര വികസന ബോർഡിന്റെസഹായത്തോടെ വിത്തുതേങ്ങകൾ ജില്ലാ പഞ്ചായത്ത് വാങ്ങുന്നു.ഈ വിത്തുതേങ്ങകൾ ജില്ലാ പഞ്ചായത്ത് ഫാമുകളിൽ പാകി പദ്ധതിക്ക് ആവശ്യമായ തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നു.തെങ്ങിൻതൈകൾക്ക് കർഷകരിൽ നിന്നും നിശ്ചിത വില ഈടാക്കാൻ സാധിക്കുന്നത് മൂലം തുടർവർഷങ്ങളിൽ വിത്തു തേങ്ങവാങ്ങുന്നതിന് ആവശ്യമായ പണം ലഭിക്കുന്നതാണ്.അഞ്ചുവർഷം കൊണ്ട് അഞ്ചുലക്ഷത്തോളം തെങ്ങിൻ തൈകളാണ് ഈ പദ്ധതി വഴി വിതരണം ചെയ്യുക.ഇതിലൂടെ 50 ലക്ഷത്തിൽപരം തേങ്ങ അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. വിത്തുതേങ്ങ പാകിയാൽ ഏകദേശം ഒന്നര വർഷം കൊണ്ടാണ് പാകം ആവുക. അതിനാൽ ഒട്ടും താമസിയാതെ വിത്തുതേങ്ങകൾ സംഭരിച്ച് പാകിയാൽ മാത്രമേ ഈ ഭരണ സമിതിയുടെ കാലയളവിനുള്ളിൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുക. ഇതിനായി ഈ വർഷം **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## സുഗന്ധ ഗ്രാമം – സമഗ്ര ജാതി കൃഷി

കേരഗ്രാമം നാളികേര വികസനപദ്ധതി പോലെ തന്നെ സമഗ്രമായ ഒരു പദ്ധതിയാണ് സുഗന്ധ ഗ്രാമത്തിലും ആവിഷ്കരിക്കുന്നത്. ജില്ലയിലെ മുഴുവൻ കർഷകർക്കും അഞ്ചുവീതം ജാതി തൈകളും അതിന് അനുയോജ്യമായ വളങ്ങളും നൽകുന്ന പദ്ധതിയാണിത്.ആവശ്യമായ തൈകൾ നമ്മുടെ സ്വന്തം ഫാമുകളിൽ ഉൽപ്പാദിപ്പിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്. ജാതി ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുവാനും

അതുവഴി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുവാനും ഈ പദ്ധതി സഹായകമാകും. ഈ ബഹുവർഷ പദ്ധതിക്ക് **50 ലക്ഷം രൂപ** ഈ വർഷം വകയിരുത്തുന്നു.

## പച്ചക്കറി വികസന പരിപാടി

നമ്മുടെ ആഹാരത്തിൽ പച്ചക്കറിക്ക് മുന്തിയ പ്രാധാന്യമുണ്ട്. പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറിയാണ് കേരളീയർ ഉപയോഗിക്കുന്നത്. എന്നാൽ 15 ലക്ഷം ടൺ പച്ചക്കറി മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. പച്ചക്കറി കൃഷി വ്യാപനത്തിനായി സർക്കാർ തലത്തിലും തദ്ദേശ സ്ഥാപന തലത്തിലും കൃഷി ഡിപ്പാർട്ട്മെന്റ് തലത്തിലും നടത്തുന്ന പദ്ധതികളുടെ ഫലമായി പച്ചക്കറി ഉല്പാദനത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി വർദ്ധനവുണ്ടായിട്ടുണ്ട്. പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തരാവുക എന്നതിലേക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് ഈ ബജറ്റ് പ്രത്യേകം ശ്രദ്ധ വയ്ക്കുന്നു.

പച്ചക്കറി കൃഷി കൂടുതൽ ജനകീയവും ലാഭകരവുമാക്കുന്നതിനും വിപണിയിൽ വില ഉറപ്പാക്കുന്നതിനും ത്രിവിധ കൃഷിയാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്.

## അടുക്കളത്തോട്ടം

ഗ്രാമപഞ്ചായത്തുകളെ ഒരു ക്ളസ്റ്ററായി കണക്കാക്കിക്കൊണ്ട് എല്ലാ വീടുകളിലും 2 സെന്റെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന പദ്ധതിയാണിത്. നമ്മുടെ അടുക്കളയിൽ നിത്യ ഉപയോഗത്തിനാവശ്യമായ വെണ്ട, തക്കാളി, പച്ചമുളക്, ചീര തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് വിത്തും വളവും സൗജന്യ നിരക്കിൽ നൽകുന്നതോടൊപ്പം വീടുകളിലെ മാലിന്യം ബക്കറ്റ് കമ്പോസ്റ്റിങ്ങ് രീതിയിൽ സംസ്കരിച്ച് വളമാക്കി ഉപയോഗിക്കുന്നതിനും സഹായം നൽകുന്ന പദ്ധതിക്കായി ***10 ലക്ഷം രൂപ*** നൽകുന്നു.

## ഒരു ദേശം – ഒരു കൃഷി

വിപണിയധിഷ്ഠിത കൃഷിരീതിയിലേക്ക് ഒരു ചുവട് വെയ്പ് എന്ന രീതിയിൽ മുന്നോട്ട് വയ്ക്കുന്ന പദ്ധതിയാണ് 'ഒരു ദേശം ഒരു കൃഷി'. എല്ലാ ഇനങ്ങളും ഒന്നിച്ച് കൃഷി ചെയ്യുന്നതിനു പകരം ഒരു പ്രദേശത്ത് ഒരിനം പച്ചക്കറി മാത്രം കൃഷി ചെയ്യുന്നു. വിപണി ആവശ്യങ്ങൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഭവനുകൾ നിർദ്ദേശിക്കുന്ന പച്ചക്കറി ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് ***20 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## പച്ചക്കറിപ്പാടം

നമ്മുടെ നാട്ടിലെ വയലുകളിൽ 2 വട്ടം നെൽകൃഷി ചെയ്യുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. രണ്ടാംവട്ട നെൽകൃഷിയും ചെയ്തൊഴിയുന്ന പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി ചെയ്യുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** നൽകുന്നു.

## മാതൃക – സംയോജിത കൃഷിത്തോട്ടം

പ്രകൃതിയിലെ ഓരോ ജീവിയും മറ്റൊരു ജീവിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ജൈവ ചക്രത്തിന്റെ ഈ അടിസ്ഥാന തത്വം കൃഷി രീതിയിലേക്ക് സന്നിവേശിപ്പിക്കുന്ന രീതിയാണ് സംയോജിത കൃഷി മൃഗപരിപാലനം, മത്സ്യകൃഷി, പക്ഷി വളർത്തൽ, പച്ചക്കറി എല്ലാം ഒരേ വളപ്പിൽ തന്നെ ചെയ്യുന്നതു വഴി ചെലവ് കുറയ്ക്കുവാനും കൂടുതൽ ആദായം ലഭിക്കുവാനും കഴിയുന്നു. പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, തെങ്ങ്, കരനെല്ല്, തീറ്റപ്പുല്ല്, ചോളം, കുരുമുളക്, ജാതി, പഴവർഗ്ഗങ്ങൾ, എന്നിവയോടൊപ്പം പശു, ആട്, കോഴി, താറാവ്, മത്സ്യം, എന്നിവ കൃഷി ചെയ്യുന്ന മാതൃകാ സംയോജിത കൃഷിത്തോട്ടത്തിന് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## അഗ്രോ മാർട്ട്

വിളകൾക്ക് ന്യായമായ വില ലഭിക്കാത്തതാണ് കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഇടനിലക്കാരുടേയും കച്ചവടക്കാരുടേയും ചൂഷണം

മൂലം കർഷകന് അധ്വാനത്തിന് അനുസൃതമായ നേട്ടം ലഭിക്കുന്നില്ല. പലപ്പോഴും കച്ചവടക്കാർ കൊള്ളലാഭം കൊയ്യുമ്പോൾ കർഷകന് തുച്ഛമായ വരുമാനം മാത്രമാണ് ലഭിക്കുന്നത്. കർഷകരോട് കൃഷി ചെയ്യുവാൻ ആവശ്യപ്പെട്ട് മാറി നിൽക്കുകയല്ല, വിത്തു മുതൽ വിപണി വരെ അവരോടൊപ്പം നിൽക്കുക എന്നതാണ് ജില്ലാ പഞ്ചായത്തിന്റെ നയം. കാർഷിക വിളകൾക്ക് ന്യായമായ വില കർഷകന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്ത് വിപണിയിലും ഇടപെടുകയാണ്. ജില്ലയുടെ 4 ഭാഗങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ വിൽക്കുന്ന ഗ്രീൻ ബസാറുകളും ജില്ലാ കേന്ദ്രത്തിൽ മെഗാ ഗ്രീൻ ബസാറും സ്ഥാപിക്കുന്നതിനായി ***1 കോടി രൂപ*** വകയിരുത്തുന്നു. എംജിഎൻആർഇജിഎസ് ന്റെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. കാർഷിക വിഭവങ്ങൾക്ക് ഇടനിലക്കാരില്ലാത്ത വിപണന സൗകര്യം ഉറപ്പാക്കുന്നതോടൊപ്പം കർഷകർക്ക് ആവശ്യമായ സേവനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നലകുന്ന അഗ്രി ക്ളിനിക്കുകളും ഇവയോട് ചേർന്ന് പ്രവർത്തിക്കും. കർഷകരുടെ സംശയ നിവാരണങ്ങൾക്കും സഹായ സംവിധാനത്തിനും കോൾസെന്റർ സൗകര്യവും ഗ്രീൻ ബസാറിൽ ലഭ്യമാക്കും.

ഞാറ്റങ്ങാടി – കാർഷികോത്സവം

കാർഷിക വിഭവങ്ങൾക്ക് വിപണന സൗകര്യം ഒരുക്കുന്നതിനും, കൂടുതൽ വില ഉറപ്പാക്കുന്നതിനും, കൃഷിയുടെ പ്രാധാന്യവും മാഹാത്മ്യവും ബോധ്യപ്പെടുത്തുന്നതിനും പുതിയ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും കൂടുതലാളുകളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വയൽ വാണിഭ മാതൃകയിൽ ഒരാഴ്ച നീളുന്ന കാർഷികോത്സവം സംഘടിപ്പിക്കുന്നതിന് ***5 ലക്ഷം രൂപ*** വകയിരുത്തുന്നു. വിവിധ കാർഷിക വിളകളും ഉൽപന്നങ്ങളും കൂടാതെ കാർഷികോപകരണങ്ങളും ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള നിത്യോപയോഗ സാധനങ്ങളും വീട്ടുപകരണങ്ങളും കാർഷികോത്സവത്തിൽ ലഭ്യമാക്കും. കാർഷിക പ്രദർശനം, കാർഷിക സെമിനാറുകൾ, വിവിധ മത്സരങ്ങൾ, വിനോദ പരിപാടികൾ, എന്നിവയും കാർഷികോത്സവത്തിന്റെ ഭാഗമാകും. കൃഷി,

മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, വ്യവസായം, ഖാദി–ഗ്രാമവ്യവസായം, കുടുംബശ്രീ മുതലായ വകുപ്പുകളും, ജില്ലാ പഞ്ചായത്ത് ഫാമുകളും വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ഇതിന്റെ ഭാഗമാകും.

## നവ്യം – കൃഷി സ്റ്റാർട്ടപ്പുകൾക്ക് സഹായം

കൃഷി ആദായകരവും സാർവത്രികവും ആകണമെങ്കിൽ നവീന കൃഷി രീതികൾ പരീക്ഷിക്കപ്പെടേണ്ടതുണ്ട്. നൂതനമായ ആശയങ്ങളുമായി യുവ തലമുറ ഈ രംഗത്തേക്ക് കടന്നു വരുന്നു എന്നത് സന്തോഷകരമാണ്. ഇവർക്ക് പ്രോത്സാഹനം നൽകുക എന്ന ഉത്തരവാദിത്തം സധൈര്യം ഏറ്റെടുക്കുകയാണ്. കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പ് സംരംഭകർക്കും ഗവേഷണത്തിനുമായി ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

ബഹുമുഖമായ ഈ പദ്ധതികളിലൂടെ കാർഷികോത്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാൻ കഴിയുന്നത് ഉറപ്പാണ്. ഇതുവഴി 5 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കുവാൻ കഴിയുക.

## കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ

കാർഷിക മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി കൂടുതൽ പേർ ഈ രംഗത്തേക്ക് കടന്നു വരികയും കാർഷികോത്പാദനം വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് കർഷകരെ നിരാശരാക്കുന്നു. കൃഷി ഒരു ഉപജീവനമാർഗ്ഗമായി മാറണമെങ്കിൽ അത് ആദായകരമാകണം. കാർഷിക വിളകളിൽ നിന്നും മൂല്ല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുക എന്നതാണ് കൃഷി ആദായകരമാക്കുന്നതിനുള്ള ഏറ്റവും നല്ല പോംവഴി. ചക്ക, മാങ്ങ, പൈനാപ്പിൾ, പപ്പായ തുടങ്ങിയവയിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതിക്കായി ***25 ലക്ഷം രൂപ*** വകയിരുത്തുന്നു.

<u>ജില്ലാ കൃഷിത്തോട്ടങ്ങൾ</u>

ജില്ലാ പഞ്ചായത്തിന്റെ നേര്യമംഗലം, ഒക്കൽ, വൈറ്റില, ആലുവ കൃഷിത്തോട്ടങ്ങളിൽ വൈവിധ്യമാർന്ന ഒട്ടനവധി പദ്ധതികളാണ് നാം കഴിഞ്ഞ വർഷം നടപ്പാക്കിയത്. ആലുവയിലെ സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിൽ പൂർണ്ണമായും ജൈവരീതിയിലാണ് കൃഷി നടത്തി വരുന്നത്. ഘട്ടം ഘട്ടമായി മറ്റ് കൃഷിഫാമുകളിലേക്കും ഇത് വ്യാപിപ്പിക്കും. നേര്യമംഗലത്ത് ആരംഭിച്ചിട്ടുള്ള ഫാം ടൂറിസം വലിയ പ്രതീക്ഷയാണ് നൽകുന്നത്. നമ്മുടെ ഫാമുകളിലെല്ലാം വ്യത്യസ്തമായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും പ്രത്യേക പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 10 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു. ഫാമുകളുടെ ആധുനികവത്കരണത്തിനുള്ള നടപടികൾ നാം ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. കമ്പ്യൂട്ടർവത്കരണം, യന്ത്രവത്കരണം തുടങ്ങിയ ആധുനികവത്കരണ പരിപാടികൾ പൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപയും സംയോജിത കൃഷിക്ക് (ഇന്റഗ്രേറ്റഡ് ഫാമിംഗ്– ഐ.എഫ്.എസ്) ന് 25 ലക്ഷം രൂപയും വകയിരുത്തുന്നു. ഉത്പാദന ക്ഷമതയേറിയതും കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യവും രോഗബാധയെ പ്രതിരോധിക്കുന്നതുമായ വിത്തിനങ്ങളും കീടങ്ങളേയും ചെടികളെ ബാധിക്കുന്ന രോഗങ്ങളേയും നിയന്ത്രിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങളും നൂതന കൃഷി രീതികളും കണ്ടെത്തുന്നതിനുള്ള ***ഗവേഷണ കേന്ദ്രം*** കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും കാർഷിക സർവകലാശാലകളുടേയും സഹകരണത്തോടെ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു.

ജില്ലാ കൃഷിത്തോട്ടങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വിളകളും മൂല്യവർദ്ധിത ഉത്പന്നങ്ങളും നേരിട്ട് വിപണനം ചെയ്യുന്നതിനായി ആലുവയിലെ മെട്രോ സ്റ്റേഷൻ, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം എന്നിവിടങ്ങളിൽ ഫാം ഫ്രഷ് എക്കോഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരികയാണ്. 2022 –23 വർഷം ഈ എക്കോഷോപ്പുകൾ തുറക്കാൻ കഴിയും. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു. ഫാമുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 10 ലക്ഷം രൂപയും

അറ്റകുറ്റപ്പണികൾക്കും നിർമ്മാണ ജോലികൾക്കും 50 ലക്ഷം രൂപയും മാറ്റി വയ്ക്കുന്നു.

## മണ്ണ് പരിശോധനാ ലാബ് –പശ്ചാത്തല സൗകര്യ വികസനം

കൃത്യമായ ഇടവേളകളിൽ മണ്ണ് പരിശോധിച്ച് അവശ്യമായ വളവും ജീവകങ്ങളും ആവശ്യമായ അളവിൽ നൽകുന്നത് കൂടുതൽ ഉത്പാദനം ലഭിക്കുന്നതിനും അനാവശ്യ ചെലവ് ഒഴിവാക്കുന്നതിനും ഉപകരിക്കും. നമുക്ക് ഒരു മണ്ണ് പരിശോധനാ കേന്ദ്രം നിലവിലുണ്ടെങ്കിലും സൗകര്യങ്ങളുടെ കുറവ് മൂലം പൂർണ്ണതോതിൽ പ്രവർത്തിക്കുവാൻ കഴിയുന്നില്ല. മുഴുവൻ കർഷകരുടേയും മണ്ണ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാകത്തക്ക വിധത്തിൽ കെട്ടിടസൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ***20 ലക്ഷം രൂപ*** നീക്കിവെയ്ക്കുന്നു.

# മൃഗപരിപാലനവും ക്ഷീരവികസനവും

ഗ്രാമീണ സാമ്പത്തിക വികസനത്തിന് ചെറുതല്ലാത്ത സംഭാവന നൽകുന്നവയാണ് ക്ഷീര-മൃഗസംരക്ഷണ മേഖലകൾ. ധാരാളം പേർ മുഖ്യതൊഴിലെന്ന നിലയിലും ഉപതൊഴിലെന്ന നിലയിലും ഈ മേഖലയെ ആശ്രയിക്കുന്നുണ്ട്.

സർ,

ഞാൻ പ്രൈമറിക്ളാസിലെ പഴയ കാലത്തെ ഒരു പാഠഭാഗം ഓർമ്മിക്കുകയാണ്.

"അമ്മ എനിക്ക് എന്നും പാൽ തരും
പാൽ കുടിക്കാഞ്ഞാൽ അമ്മ കരയും
എന്തിനാണ് അമ്മ കരയുന്നത്
ഞാൻ അച്ഛനെപ്പോലെ വളരണം
അതാണ് അമ്മയുടെ ആഗ്രഹം
പാൽ കുടിച്ചാൽ വളരും
പാൽ ഒരു സമീകൃത ആഹാരമാണ് "

പാലിന്റെ ഗുണത്തെക്കുറിച്ച് എത്ര ലളിതമായാണ് ഈ പാഠഭാഗം പറഞ്ഞു തരുന്നത്. നമ്മുടെ നാട്ടിലുള്ള പഴഞ്ചൊല്ലുകളിൽ ഏറിയ പങ്കും മൃഗപരിപാലനവുമായി ബന്ധപ്പെട്ടതാണ് എന്നുള്ളത് ഈ മേഖലയ്ക്ക് നമ്മുടെ ജീവിതത്തിൽ എത്രമാത്രം പ്രാധാന്യം ഉണ്ടെന്ന് വെളിവാക്കുന്നു. പാൽ, മുട്ട, മാംസം, തുടങ്ങിയ പോഷകസമൃദ്ധവും ഊർജ്ജദായകവുമായ ഭക്ഷ്യവസ്തുക്കൾ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടത് ആരോഗ്യകരമായ ജീവിതത്തിന് അനുപേക്ഷണീയമാണ്. അതിനാൽത്തന്നെ ഈ മേഖലയ്ക്ക് അനന്തമായ സാധ്യതകളാണുള്ളത്. ഇത് കണ്ടറിഞ്ഞ് ധാരാളം ആളുകൾ പുതുതായി ഈ മേഖലയിലേക്ക് കടന്നു വരുന്നുണ്ട്. ഇത് ക്ഷീര – മൃഗസംരക്ഷണ മേഖലയിൽ വലിയ നിക്ഷേപം നടത്തുന്നതിന് എന്നെ പ്രേരിപ്പിക്കുന്നു.

## ഉണ്ണിക്കുണ്ടൊരു കുഞ്ഞാട്

ആടും കോഴിയും നമ്മുടെ വീടുകളിൽ അംഗങ്ങളെ പോലെ തന്നെ വളർന്നിരുന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. കുഞ്ഞു കുട്ടികൾക്കുപോലും പരിപാലനം സാധ്യമാകുന്നു എന്നതും തീറ്റച്ചെലവ് കുറവാണ് എന്നുള്ളതും നിത്യവരുമാനം ഉറപ്പാക്കുന്നു എന്നുള്ളതും ആണ് ഇവയുടെ മെച്ചം. നമ്മുടെ നാട്ടിൻപുറങ്ങളിലെ സ്ത്രീകളുടെ മടിശ്ശീല നിറച്ചിരുന്നത് ഈ ആടുവളർത്തലും കോഴിവളർത്തലും ആണ്. ഒരു ഉപതൊഴിലെന്ന നിലയിൽ വരുമാനം ഉറപ്പാക്കുന്നതോടൊപ്പം പ്രകൃതിസ്നേഹവും കാർഷിക സംസ്കാരവും വളർത്തുന്നതിനും ലക്ഷ്യം വച്ച് സ്കൂൾ വിദ്യാർത്ഥികളുള്ള വീട്ടിൽ 2 ആട്ടിൻ കുഞ്ഞുങ്ങളും 10 കോഴിയും കൂടും നൽകുന്ന നൂതന പദ്ധതി പ്രഖ്യാപിക്കുന്നു. സ്കൂൾ ജീവശാസ്ത്ര ക്ളബുകളിലെ അംഗങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. കുഞ്ഞാടും കോഴിയും ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നൽകുമ്പോൾ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള മാതൃക ജില്ലാതലത്തിൽ തയ്യാറാക്കി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂട് നിർമ്മിച്ചു നൽകുന്നു. ഈ പദ്ധതിക്കായി ***20 ലക്ഷം രൂപ*** വകയിരുത്തുന്നു.

## അങ്കമാലി റാബിറ്റ് ഫാമിൽ കെട്ടിട നിർമ്മാണവും അടിസ്ഥാന സൗകര്യ വികസനവും വൈവിധ്യവത്കരണവും

വിവിധ കാരണങ്ങളാൽ ഏറെ നാളായി അങ്കമാലി റാബിറ്റ് ഫാമിൽ കാര്യമായ ഒരു പ്രവർത്തനവും നടക്കുന്നില്ല. മുയലുകളുടെ എണ്ണം നാമമാത്രമാണ്. ബ്രീഡിങ്ങ് നടക്കുന്നില്ല. ഈ ഫാമിന്റെ നവീകരണ – വൈവിധ്യവത്കരണ പ്രവർത്തനങ്ങൾക്ക് ഈ ഭരണസമിതി ഏറെ ശ്രമം നടത്തിയെങ്കിലും സ്ഥിരമായി ഡോക്ടറില്ലാതിരുന്നതിനാൽ അതൊന്നും ഫലം കണ്ടില്ല. ഇപ്പോൾ ഒരു ഡോക്ടറെ അവിടേക്ക് നിയമിക്കുകയും ഡോക്ടർ ചാർജെടുക്കുകയും ചെയ്തിട്ടുണ്ട്. റാബിറ്റ് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പഴയ കെട്ടിടം പൊളിച്ചു നീക്കി പുതിയത് പണിയുന്നതിന് ***20 ലക്ഷം രൂപയും*** അടിസ്ഥാന സൗകര്യ വികസനത്തിന് ***10 ലക്ഷം രൂപയും*** വൈവിധ്യവത്കരണത്തിന് ***10 ലക്ഷം രൂപയും*** വകയിരുത്തുന്നു.

മൃഗാശുപത്രികളിലേക്ക് മരുന്നുവാങ്ങുന്നതിന് ***5 ലക്ഷം രൂപയും*** നീക്കി വെക്കുന്നു.

## ക്ഷീരമിത്രം

ജില്ലാ പഞ്ചായത്ത് മുൻവർഷങ്ങളിൽ ഏറ്റെടുത്ത് നടത്തിയ ക്ഷീരമിത്രം, ക്ഷീരസാഗരം പദ്ധതികൾ ഏറെ ജനപ്രിയവും ഫലപ്രദവും ആണ്. ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് അനുസൃതമായി ഇൻസെൻറീവ് നൽകുന്ന പദ്ധതിയാണ് ക്ഷീരമിത്രം. ക്ഷീരമിത്രം – പാലിന് സബ്സിഡിക്ക് ***1 കോടി രൂപ*** വകയിരുത്തുന്നു.

## ക്ഷീരസാഗരം

ഒരാൾക്ക് 2 പശുക്കളെ വാങ്ങുന്നതിന് സഹായം നൽകുന്ന പദ്ധതിയാണ് ക്ഷീരസാഗരം. 5 അംഗങ്ങളുടെ ഗ്രൂപ്പിന് 10 പശുക്കളെ വാങ്ങുന്നതിനാണ് സഹായം നൽകുന്നത്. ഈ രണ്ട് പദ്ധതികളും ക്ഷീരവികസനത്തിന് ഉപകരിക്കുന്നതാകയാൽ ഈ വർഷം തുടരുന്നു. ക്ഷീരസാഗരത്തിന് ***80 ലക്ഷം രൂപ*** വകയിരുത്തുന്നു.

## ക്ഷീരസംഘങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ട്

ജില്ലയിൽ ആകെ ഉള്ള ക്ഷീരസംഘങ്ങളിൽ 350 എണ്ണത്തിന് 2 ലക്ഷം രൂപ വീതം റിവോൾവിങ്ങ് ഫണ്ട് നൽകിയിരുന്നു. ഈ ആനുകൂല്യം ലഭിക്കാത്ത മറ്റ് ക്ഷീരസംഘങ്ങൾക്കായി ***1 കോടി രൂപ*** വകയിരുത്തുന്നു.

## ചോളകൃഷി

ക്ഷീര – മൃഗപരിപാലന മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തീറ്റയുടെ ദൗർലഭ്യമാണ്. കാലിത്തീറ്റയുടെ വില അനുദിനം വർദ്ധിക്കുന്നു. പ്രാദേശികമായി കാലിത്തീറ്റ ഉത്പാദിപ്പിക്കണമെന്ന ആവശ്യം ഉയരുന്നുവെങ്കിലും അസംസ്കൃത വസ്തുക്കൾ പുറത്തു നിന്നും കൊണ്ടു വരേണ്ടതിനാൽ ഉത്പാദന ചെലവ് താങ്ങാൻ കഴിയുന്നതല്ല. അതിനാൽ ബദൽ മാർഗ്ഗങ്ങൾ

തേടേണ്ടിയിരിക്കുന്നു. കാലിത്തീറ്റ ഉത്പാദനത്തിന് ഉപയോഗിക്കുന്ന ധാന്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ചോളമാണ്. നമ്മുടെ നാട്ടിൽ ചോളകൃഷി അത്ര പ്രചാരം നേടിയിട്ടില്ല. എന്നാൽ നമ്മുടെ കാലാവസ്ഥയിൽ എളുപ്പം കൃഷി ചെയ്യാവുന്ന ഒന്നാണ് ചോളം, ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കരുമാല്ലൂർ ഉള്ള 50 സെന്റ് സ്ഥലത്തും ലഭ്യമായ പൊതുസ്ഥലങ്ങളിലും ക്ഷീരകർഷകരുടെ വീട്ടുവളപ്പിലും ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ചോളകൃഷി ചെയ്യുന്നതിന് ***10 ലക്ഷം രൂപ*** നീക്കി വെയ്ക്കുന്നു.

## കപ്പയിൽ നിന്നു കാലിത്തീറ്റ

കപ്പ ഉണക്കി പൊടിച്ച് കാലിത്തീറ്റ നിർമ്മാണത്തിൽ ഉപയോഗിക്കുന്നത് ഗുണപ്രദവും വിജയകരവുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ കപ്പകൃഷി വ്യാപകമാണെങ്കിലും സീസൺ സമയത്ത് ഡിമാന്റിനേക്കാൾ അധികം സപ്ളൈ ഉണ്ടാകുന്നതിനാൽ കപ്പയുടെ വില ഇടിയുകയും കപ്പ പറിക്കുന്നതിനുള്ള കൂലി പോലും ലഭിക്കാത്തതിനാൽ മണ്ണിൽത്തന്നെ കിടന്ന് ചീഞ്ഞു പോകുന്ന അവസ്ഥയുണ്ടാകാറുണ്ട്. കർഷകരിൽ നിന്നു നേരിട്ട് കപ്പ ശേഖരിച്ച് ഉണക്കി പൊടിച്ച് മിൽമക്ക് കൈമാറുന്ന ഒരു പദ്ധതി ആവിഷ്കരിക്കുകയാണ്. കപ്പ കർഷകർക്കും ക്ഷീരകർഷകർക്കും ഏറെ ഗുണം ചെയ്യുന്ന ഈ പദ്ധതിക്ക് ***15 ലക്ഷം രൂപ*** നൽകുന്നു.

## ATM (Any Time Milk)

തുടർച്ചയായ ഇടപെടൽ മൂലം ക്ഷീരോത്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ കൃത്യമായ വിപണന സൗകര്യങ്ങളുടെ അഭാവം മൂലം ഇപ്പോഴും അന്യനാട്ടിൽ നിന്ന് എത്തുന്ന കൃത്രിമ പാലും പാലുൽപന്നങ്ങളുമാണ് ഒരു വലിയ വിഭാഗം ജനങ്ങളും ഉപയോഗിക്കുന്നത്. നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാൽ വളരെ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് എല്ലാ ഗ്രാമങ്ങളിലും അനുയോജ്യമായ സ്ഥലങ്ങളിൽ പാക്കറ്റ് പാൽ പരസഹായമില്ലാതെ 24x7 സമയവും ലഭ്യമാകുന്ന പാൽ വെന്റിങ്ങ് മെഷീൻ – ATM (Any Time Milk) സ്ഥാപിക്കുന്നതിന് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## മുറ്റത്തൊരു മുട്ടക്കോഴി

മുട്ട കേരളീയരുടെ ഇഷ്ട ഭക്ഷണമാണ്. പോഷകങ്ങളുടെ കലവറയായ മുട്ട ആരോഗ്യദായകവുമാണ്. എന്നാൽ നമുക്കാവശ്യമായ മുട്ടയുടെ സിംഹഭാഗവും പുറത്തു നിന്നുമാണ് വരുന്നത്. അധ്വാനവും ചെലവും തീരെ കുറഞ്ഞ മുട്ടക്കോഴി വളർത്തൽ ആദായകരമായ ഒരു ഉപതൊഴിലാണ്. മറ്റു ജോലികൾ ചെയ്യുവാൻ പ്രാപ്തിയില്ലാത്ത ഭിന്നശേഷിക്കാർക്കും കടുത്ത ശാരീരിക അവശതകളില്ലാത്ത വൃദ്ധർക്കും ഒരു ഉപതൊഴിലെന്ന നിലയിലും മാനസികോല്ലാസം നൽകുന്ന പ്രവൃത്തി എന്ന നിലയിലും ഏറ്റവും അനുയോജ്യമായ ഒന്നാണ് കോഴിവളർത്തൽ. ഭിന്നശേഷിക്കാർക്കും 60–70 പ്രായപരിധിയിലുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങളില്ലാത്ത വൃദ്ധർക്കും 10 കോഴിയും സൗകര്യപ്രദമായും എളുപ്പത്തിലും തീറ്റ നൽകാനും മുട്ട ശേഖരിക്കുവാനും കഴിയുന്ന തരത്തിലുള്ള ഹൈടെക് കൂടും നൽകുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## മുയലും കൂടും

വളരെ ആദായകരമായ ഒന്നാണ് മുയൽ വളർത്തൽ. പണ്ട് കേവലം കൗതുകത്തിനും വിനോദത്തിനുമായി പല വീടുകളിലും മുയൽ വളർത്തിയിരുന്നു. എന്നാൽ ഇന്ന് വരുമാന ദായകമായ ഒരു ഉപതൊഴിലായി മുയൽ വളർത്തൽ മാറിയിട്ടുണ്ട്. മുറ്റത്തൊരു മുട്ടക്കോഴി എന്ന പദ്ധതി പോലെ ഭിന്നശേഷിക്കാർ, വൃദ്ധർ എന്നിവർക്കും വിധവകൾക്കുമായി വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്ക് ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു. ഒരു മാസം പ്രായമായ 2 മുയലുകളും അവയ്ക്കുള്ള ഹൈടെക് കൂടും നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അങ്കമാലിയിൽ ജില്ലാ പഞ്ചായത്തിന്റെ റാബിറ്റ് ഫാം നിലവിലുണ്ട്. ഈ പദ്ധതിയിലേക്ക് ആവശ്യമായി വരുന്ന മുയലുകൾ റാബിറ്റ് ഫാമിൽ നിന്നാണ് ലഭ്യമാക്കുക. ഇത് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുവാനും അവിടെ കൂടുതൽ വരുമാനം ലഭിക്കുവാനും ഇടയാക്കും.

# മത്സ്യമേഖല

നമ്മുടെ ജില്ലയിൽ 23 പഞ്ചായത്തുകൾ തീരമേഖലയിൽ ഉള്ളതാണ്. ജില്ലാ പഞ്ചായത്തിന്റെ 7 ഡിവിഷനുകളുടെ പരിധിയിൽ വരുന്നതാണ് ഈ തീരപ്രദേശം. ജനങ്ങൾ ഇടതിങ്ങി പാർക്കുന്ന ഈ മേഖല സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കാവസ്ഥയിലാണ്. 2018 ലെ പ്രളയത്തിനു ശേഷം കടലിന്റെ അവസ്ഥയ്ക്കും പ്രകൃതത്തിനും കാതലായ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. സമുദ്രോപരിതലത്തിലെ ചൂട് ക്രമാതീതമായി ഉയർന്നിരിക്കുന്നു. കായലിലും പുഴകളിലും മണ്ണും മരവും മാലിന്യങ്ങളും അടിഞ്ഞ് കൂടി ആഴം കുറഞ്ഞിരിക്കുന്നു. മത്സ്യസമ്പത്തിൽ വലിയ കുറവ് സംഭവിച്ചിരിക്കുന്നു. നിരന്തരമായ കടലാക്രമണ ഭീഷണി, നീണ്ടു നിൽക്കുന്ന മഴക്കാലവും കടൽ ക്ഷോഭവും മൂലം മത്സ്യബന്ധനത്തിന് പോകുവാൻ കഴിയാത്ത സ്ഥിതിവിശേഷം എല്ലാം ചേർന്ന് മത്സ്യത്തൊഴിലാളികളുടെ ജീവിതം തീർത്തും ക്ളേശപൂർണ്ണമാക്കിയിരിക്കുന്നു. അതിനാൽ തന്നെ തീരമേഖലക്ക് കൂടുതൽ സഹായങ്ങൾ നൽകുവാനുള്ള ശ്രമമാണ് ഈ ബജറ്റലൂടെ ഞാൻ നടത്തുന്നത്.

## ജീവജലം

ജീവന്റെ ഉറവിടമാണ് ജലം. ഭൂമിയിൽ ജീവൻ ഉത്ഭവിച്ചത് ജലത്തിൽ നിന്നാണ് എന്ന് നമുക്കറിയാം. ജലത്തിൽ ഉത്ഭൂതമായ ജീവൻ നിലനിൽക്കണമെങ്കിലും ജലം ആവശ്യമാണ്. ഭൂമിയുടെ ദൗർലഭ്യം കൊണ്ടും മണ്ണിന്റെ പ്രത്യേകത കൊണ്ടും തീരപ്രദേശത്ത് വലിയ തോതിലുള്ള കൃഷി പ്രായോഗികമല്ല. സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ വാണിജ്യം, വ്യവസായം, മറ്റ് തൊഴിൽ മേഖലകൾ ഒന്നും തീരദേശ ജനതക്ക് ആശ്രയമാകുന്നില്ല. അവരുടെ ജീവിതം പൂർണ്ണമായും ജലാശയങ്ങളെ ആശ്രയിച്ചാണ് മുന്നോട്ട് നീങ്ങുന്നത്. എന്നാൽ കായലും നദിയും പുഴകളും പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിറഞ്ഞ അവസ്ഥയിലാണ്. കൂടാതെ ഈ ജലാശയങ്ങളിൽ പോള നിറയുന്നത് മത്സ്യബന്ധനത്തെ പ്രതിസന്ധിയിലാക്കുന്നു. പോളയും പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളും നീക്കം ചെയ്ത് ജലാശയങ്ങളെ തെളിമയുള്ളതാക്കുന്നതിനുള്ള പദ്ധതിക്ക് ***50 ലക്ഷം രൂപ*** നീക്കി വെയ്ക്കുന്നു.

ഇറിഗേഷൻ വകുപ്പ്, ജലഗതാഗത വകുപ്പ്, മത്സ്യവകുപ്പ്, ജില്ലാ ഭരണകൂടം, സന്നദ്ധ സംഘടനകൾ, ശുചിത്വമിഷൻ, ഹരിത സഹായ സംഘങ്ങൾ, ഹരിത കർമ്മ സേന എന്നിവയുടെ സഹായത്തോടെയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യത പ്രയോജനപ്പെടുത്തിയും ഒരു ജനകീയ മുന്നേറ്റത്തിലൂടെ പുഴയിൽ നിന്നും നദികളിൽ നിന്നും പോളയും പ്ളാസ്റ്റിക് മാലിന്യങ്ങളും നീക്കം ചെയ്യുന്നു. ഇപ്രകാരം നീക്കം ചെയ്യുന്ന പോള ശാസ്ത്രീയമായി സംസ്കരിക്കുകയോ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുകയോ കൃഷിയിടങ്ങളിൽ പുതയിടലിന് ഉപയോഗിക്കുകയോ തമിഴ്നാട്ടിലെ സംസ്കരണ ശാലയിലേക്ക് മാറ്റുകയോ ചെയ്യുന്നു. പ്ളാസ്റ്റിക് മാലിന്യം ഗ്രാമപഞ്ചായത്തുകളിലെ എം.സി.എഫ്. ലേക്ക് നീക്കുന്നു. തുടർന്ന് കൃത്യമായ ഇടവേളകളിൽ ഇവ നീക്കം ചെയ്യുന്നതിന് കരാറടിസ്ഥാനത്തിൽ ആളുകളെ നിയോഗിക്കുന്നു. ജലാശയങ്ങളിലേക്ക് തുറന്നു വച്ചിരിക്കുന്ന മലിനജല നിർഗ്ഗമന കുഴലുകൾ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ നീക്കം ചെയ്യുകയും ജലാശയങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബൃഹത്തായ ബോധവത്കരണം നടത്തുകയും ചെയ്യുന്നു. തീരദേശത്തെ സന്നദ്ധരായ യുവജനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, ആർട്ട്സ് & സ്പോർട്ട്സ് ക്ളബ് പ്രവർത്തകർ, വിവിധ രാഷ്ട്രീയ കക്ഷി പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു നദി സംരക്ഷണ സേന രൂപീകരിക്കുകയും ജലാശയങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഇവർ ഏർപ്പെടുകയും ചെയ്യുന്നു. സാധ്യമായ സ്ഥലങ്ങളിൽ ജലാശയങ്ങളിൽ ഫെൻസിങ്ങ് നടത്തിയും സൗന്ദര്യവത്കരണം നടത്തിയും മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തികളും ഈ പദ്ധതിയുടെ ഭാഗമാണ്.

## സുരക്ഷിത തീരം

തീരദേശ വാസികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം നിരന്തരമായ കടലാക്രമണമാണ്. പ്രളയാനന്തരം കാലാവസ്ഥാ വ്യത്യാസമില്ലാതെ കടൽ കയറുന്ന അവസ്ഥയാണുള്ളത്. മുൻകാലങ്ങളിൽ കടാലാക്രമണം ഉണ്ടാകാത്ത സ്ഥലങ്ങളിലും ഇപ്പോൾ കായൽ കയറുന്ന സ്ഥിതിയുണ്ട്. ഇതുമൂലം പലപ്പോഴും

തീര ജനതയ്ക്ക് തങ്ങളുടെ വീട് ഉപേക്ഷിച്ചു പോകേണ്ടി വരുന്നു. പ്രളയത്തെ തുടർന്ന് നദികളിലും ഇടത്തോടുകളിലും ചെളിയും മണ്ണും അടിഞ്ഞിരിക്കുന്നതു മൂലം വെള്ളത്തിന്റെ ഒഴുക്കു തടസ്സപ്പെടുന്നതാണ്. കടലാക്രമണത്തിന് കാരണമാകുന്നത്. ഈ ചെളിയും മണലും നീക്കം ചെയ്യുന്നതിനും കടലാക്രമണം ചെറുക്കുന്നതിനും ഫലപ്രദമായ കണ്ടൽക്കാടുകൾ ഉണ്ടാക്കുന്നതിനും ഇടത്തോടുകൾ സംരക്ഷിക്കുന്നതിന് കയർഭൂവസ്ത്രം വിരിച്ച് രാമച്ചം വച്ചു പിടിപ്പിക്കുന്നതിനുമുള്ള ബൃഹത് പദ്ധതി ജില്ലാ ഭരണകൂടവുമായും വിവിധ സർക്കാർ വകുപ്പുകളുമായും സഹകരിച്ചും ദേശീയ തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിച്ചും നടപ്പാക്കുന്നതിന് ***2 കോടി രൂപ*** വകയിരുത്തുന്നു.

## മത്സ്യവിത്ത് നിക്ഷേപം

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

## കൂട് – മത്സ്യങ്ങൾക്ക് ആവാസവ്യവസ്ഥ ഒരുക്കൽ

മനുഷ്യരുടെ ഇടപെടൽ മൂലവും ജലാശയങ്ങളുടെ മലിനീകരണം മൂലവും കാലാവസ്ഥയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ മൂലവും മത്സ്യങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് ശോഷണം സംഭവിച്ചിട്ടുണ്ട്. ഇതുമൂലം മുൻപ് സുലഭമായിരുന്ന പല മത്സ്യങ്ങളും ഇന്ന് വംശനാശം നേരിടുകയാണ്. മത്സ്യത്തിന്റെ ലഭ്യത കുറയുന്നത് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ നേരിട്ടു ബാധിക്കുന്നു. മത്സ്യങ്ങൾക്ക് പ്രജനനം നടത്തുന്നതിനും വളരുന്നതിനുമുള്ള ആവാസ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള പദ്ധതി ഫിഷറീസ് സർവകലാശാലയുമായി ചേർന്ന് നടപ്പാക്കുന്നതിന് ***10 ലക്ഷം രൂപ*** മാറ്റി വെയ്ക്കുന്നു.

## റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.)

മത്സ്യകൃഷിക്കുള്ള ഒരു നൂതന സമ്പ്രദായമാണ് അക്വാപോണിക്സ്, ഈയടുത്തകാലത്തായി ഇതിന് വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. മത്സ്യം

വളർത്തുന്നതോടൊപ്പം പച്ചക്കറികൃഷിയും സാധ്യമാകും എന്നതാണ് ഈ രീതിയുടെ പ്രത്യേകത. മത്സ്യം വളരുന്ന ജലം കൃഷി ആവശ്യത്തിനു കൂടി ഉപയോഗിച്ച് റീ സർക്കുലേറ്റ് ചെയ്യപ്പെടുന്ന ഈ സാങ്കേതിക വിദ്യ ഏറെ പ്രയോജനകരമാണ്. ഇതിനായി 30 **ലക്ഷം** രൂപ വകയിരുത്തുന്നു.

## കൂടുമത്സ്യ കൃഷി

നാം കഴിഞ്ഞ വർഷം ഏറ്റെടുത്തിരുന്ന പദ്ധതിയാണ് മീൻകൂടു കൃഷി. എന്നാൽ പദ്ധതി മാർഗരേഖയിൽ കൂടുകൃഷിക്ക് കരിമീൻ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ എന്നതിനാലും കൂടിന്റെ സ്പെസിഫിക്കേഷൻ നമ്മുടെ കർഷകർക്ക് അനുയോജ്യമല്ലാത്തതിനാലും കാളാഞ്ചി പോലുള്ള മറ്റ് മത്സ്യങ്ങളെ കൂടി ഉൾപ്പെടുത്തിയും, കൂടിന്റെ വലിപ്പവും സബ്സിഡി തുകയും വർദ്ധിപ്പിച്ചും പദ്ധതി നടപ്പാക്കുന്നതിനുള്ള അനുവാദത്തിനായി നാം സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് അപേക്ഷിക്കുകയുണ്ടായി. എന്നാൽ ആയത് നൂതന പദ്ധതിയായി ഏടെറ്റടുക്കുവാനാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് നിർദ്ദേശിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ നാം പദ്ധതി തയ്യാറാക്കി നൂതന കമ്മിറ്റിക്ക് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിനു കാലതാമസം വന്നതിനാൽ വളരെകുറച്ച് ഗുണഭോക്താക്കൾക്ക് മാത്രമേ ഇതിന്റെ പ്രയോജനം ഈ വർഷം നൽകുവാൻ കഴിയുകയുള്ളൂ. താൽപര്യമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഈ പദ്ധതി ഈ വർഷവും തുടരുന്നതിന് ***30 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## ഊണിനൊരു മീൻകറി

ആരോഗ്യദായകമായ ഭക്ഷണമാണ് മത്സ്യം. തൈറോയ്ഡ് ഗ്രന്ഥിയിലുണ്ടാകുന്ന വീക്കം പോലുള്ള അസുഖങ്ങൾക്ക് മത്സ്യം ഔഷധമാണ്. ഒമേഗ 3 അടങ്ങിയ മത്സ്യം കഴിക്കുന്നത് കൊളസ്ട്രോൾ നിയന്ത്രിക്കുന്നതിനും ഹൃദ്രോഗം അകറ്റുന്നതിനും ഉത്തമമാണ്. എന്നാൽ ജനസംഖ്യയുടെ ചെറിയൊരു ശതമാനം മാത്രമാണ് ദിവസവും മീൻ കഴിക്കുന്നത്. മത്സ്യത്തിന്റെ ഉപഭോഗം വർദ്ധിപ്പിച്ചാൽ മാത്രമേ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് കൂടുതൽ വില കിട്ടുകയുള്ളൂ. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതിയും

ജനങ്ങളുടെ ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് ദിവസം ഒരു നേരമെങ്കിലും മീൻ ആഹാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനത്തിനായി ***5 ലക്ഷം രൂപ*** തനത് ഫണ്ടിൽ വകയിരുത്തുന്നു.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ മത്സ്യം ഉൾപ്പെടുത്തുന്നതിന് വളർന്നു വരുന്ന തലമുറ ആരോഗ്യത്തോടെ ഇരിക്കുന്നതിന് സഹായിക്കും. മത്സ്യഭക്ഷണം കുട്ടികളിൽ ഒരു ശീലമാകുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഏറെ ഗുണകരമാകും. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ മാസത്തിൽ 1 ദിവസം ഉച്ചയൂണിനൊപ്പം മീൻകറി നൽകുന്ന നൂതന പദ്ധതിക്കായി ***20 ലക്ഷം രൂപ*** വകയിരുത്തുന്നു.

## മത്സ്യഭോജന ശാല

മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം ഐസോ, പ്രിസർവേറ്റീവ്സോ ഇല്ലാതെ ലഭ്യമാക്കി ഫ്രഷ് മത്സ്യം ഉപയോഗിച്ച് സ്വാദിഷ്ടമായ വിവിധ തരം മത്സ്യവിഭവങ്ങൾ മിതമായ നിരക്കിൽ നൽകുന്ന മത്സ്യഭോജനശാല സ്ഥാപിക്കുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

## മത്സ്യസംസ്കരണം

ഗുണമേന്മയേറിയ മത്സ്യം ശേഖരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് സാങ്കേതിക സഹായം ലഭ്യമാക്കാമെന്ന് ഫിഷറീസ് സർവകലാശാല സമ്മതിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ***10 ലക്ഷം രൂപയും*** മുൻവർഷങ്ങളിൽ വിജയകരമായി നടപ്പാക്കിയ ഡ്രൈഫിഷ് യൂണിറ്റിന് ***10 ലക്ഷം രൂപയും*** നീക്കി വയ്ക്കുന്നു.

മൃഗപരിപാലനം, ക്ഷീരവികസനം, മത്സ്യകൃഷി എന്നീ മേഖലകളിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളിലൂടെ 3 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

# വ്യവസായ മേഖല

പഞ്ചവത്സര പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയ ജവഹർലാൽ നെഹ്റു കാർഷിക മേഖലയ്ക്കൊപ്പം വ്യവസായവും വളർന്നാലേ ഇന്ത്യക്ക് സാമ്പത്തികമായി മുന്നേറുവാൻ കഴിയൂ എന്ന് ദീർഘവീക്ഷണം ചെയ്തു തൊഴിൽശാലകളിൽ പണിയെടുക്കുന്ന തൊഴിലാളിയെ പട്ടിണിക്കിട്ടാലേ വ്യവസായം സാധ്യമാകൂ എങ്കിൽ അത്തരം വ്യവസായം അടച്ചു പൂട്ടണം എന്ന മാനവിക കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വൻവ്യവസായ ശാലകളേക്കാൾ കുടിൽ വ്യവസായങ്ങളും സൂക്ഷ്മ ചെറുകിട സംരംഭങ്ങളുമാണ് ഭാരതത്തിന് അനുയോജ്യം എന്ന ഗാന്ധിജിയുടെ നിലപാട് അംഗീകരിക്കപ്പെട്ടു. അങ്ങനെ വലിയ വ്യവസായ ശാലകൾക്കൊപ്പം ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കപ്പെട്ടു. സ്ത്രീകൾക്കും യുവജനങ്ങൾക്കും പാർശ്വവത്കൃത വിഭാഗത്തിനും പ്രയോജനപ്പെടുന്ന ഏതാനും സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ ഈ ബജറ്റിൽ നിർദ്ദേശിക്കുന്നു.

## രാജശില്പി – കളിമൺ വ്യവസായ പ്രോത്സാഹനം

ഈ ജില്ലയിലെ കീഴ്മാട് പോലുള്ള പ്രദേശങ്ങളിൽ ഗുണമേന്മയുള്ള കളിമണ്ണ് ലഭ്യമാണ്. കളിമൺ വ്യവസായത്തിന്റെ ഒരു പുഷ്കല കാലം മുതിർന്ന തലമുറയുടെ ഓർമ്മയിലുണ്ട്. കളിമൺ പ്രതിമകളും പാത്രങ്ങളും നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും വിപണനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രദർശനത്തിനും വിൽപനയ്ക്കും കിയോസ്ക് സ്ഥാപിക്കുന്നതിനും ഉള്ള പദ്ധതിക്ക് ***30 ലക്ഷം രൂപ*** നൽകുന്നു.

## സമ്പൂർണ്ണ – ഫിനിഷിങ്ങ് സ്കൂൾ

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പരിഹാരമില്ലാത്ത പ്രശ്നമായി അവശേഷിക്കുന്നു. പ്രഫഷണൽ കോഴ്സുകളും പ്രത്യേക ട്രേഡ് കോഴ്സുകളും ഉയർന്ന മാർക്കോടെ വിജയിച്ചിട്ടും പ്രായോഗിക പരിജ്ഞാനമില്ലാത്തതിനാൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന ധാരാളം യുവാക്കളുണ്ട്. പഠനം

പൂർത്തിയാക്കിയ തൊഴിലന്വേഷകർക്ക് പ്രയോഗിക പരിജ്ഞാനം പകർന്നു നൽകി തൊഴിൽ നേടുന്നതിന് പ്രാപ്തമാക്കുന്ന ഫിനിഷിങ്ങ് സ്കൂളിന് ***20 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

ഖാദി വ്യവസായ യൂണിറ്റുകളുടെ പശ്ചാത്തല സൗകര്യവികസനത്തിന് ***30 ലക്ഷം രൂപ*** നൽകുന്നു.

## ഖാദി – ഗ്രാമ വ്യവസായം

### സ്വദേശി – ഖാദി പ്രോത്സാഹന പദ്ധതി

ചർക്കയും നൂലും നമ്മുടെ സ്വാതന്ത്ര്യ സമരചരിത്രത്തിന്റെ മങ്ങാത്ത അടയാളമാണ്. വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിച്ച് സ്വന്തം കയ്യാൽ നെയ്തെടുക്കുന്ന വസ്ത്രം ധരിക്കുക എന്ന ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ച ഭാരതീയർ ഓരോരുത്തരും ചർക്കയിൽ നെയ്തെടുത്ത ഖാദി വസ്ത്രങ്ങൾ ധരിച്ചു. അങ്ങനെ അതിരറ്റ അഭിമാന ബോധത്തിന്റെയും സ്വാതന്ത്ര്യ വാഞ്ചയുടേയും അടയാളമായി ചർക്കയും നൂലും മാറി. സർക്കാർ ജീവനക്കാരും അധ്യാപകരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശം ഖാദി കൈത്തറി മേഖലയ്ക്ക് ഉണർവേകുന്നതാണ്. നമ്മുടെ ജില്ലയിൽ കൈത്തറി വ്യവസായ കേന്ദ്രങ്ങളുണ്ട്. ഈ നെയ്ത്തു ശാലകളിൽ നിന്നും ആവശ്യാനുസരണമുള്ള വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുവാനാകും. എന്നാൽ വസ്ത്രങ്ങൾ നെയ്തെടുക്കുന്നതിനാവശ്യമായ നൂലുകൾ വാങ്ങുന്നിനുള്ള പണമില്ല. അതിനാൽ നെയ്ത്തു ശാലകൾ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കാനാകുന്നില്ല. ആ പോരായ്മകൾ പരിഹരിക്കുന്നതിനായി ഖാദി വ്യവസായ യൂണിറ്റുകൾക്ക് റിവോൾവിങ്ങ് ഫണ്ട് നൽകുന്നതിന് ***35 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

## DEC (District Entrepreneurial Corridor)

### വനിതാ സൂക്ഷ്മ സംരംഭങ്ങൾക്ക് പിന്തുണ

വനിതാവികസന കോർപറേഷൻ വഴിയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വനിതാസംരംഭങ്ങൾ

ആരംഭിക്കുന്നതിന് സഹായം നൽകി വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടെ വനിതാ ഘടക പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുന്ന പദ്ധതികൾ ഉൾപ്പെടെ ഫലപ്രദമാകുന്നില്ല. മറ്റുള്ളവർ നടപ്പാക്കുന്ന പതിവു പദ്ധതികൾത്തന്നെയാണ് ആവർത്തിക്കപ്പെടുന്നത്. അച്ചാർ നിർമ്മാണം, പപ്പട നിർമ്മാണം, വസ്ത്രനിർമ്മാണം, തുടങ്ങിയ പദ്ധതികൾത്തന്നെയാണ് കൂടുതലും ഏറ്റെടുക്കുന്നത്. ഇതുമൂലം പല സംരംഭങ്ങളും വിജയകരമായി മുന്നോട്ട് കൊണ്ടുപോകാനാവുന്നില്ല. നൂതന സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആശയങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും പിന്തുണയും നൽകുന്നതിന് ബ്ളോക്കടിസ്ഥാനത്തിൽ വനിതാ സൂക്ഷ്മ സംരംഭകരുടെ സംഗമം നടത്തുന്നു. വിവിധ മേഖലകളിൽ ഏറ്റെടുക്കാവുന്ന നവീന പദ്ധതികൾക്ക് പരിശീലനം നൽകുവാൻ കഴിയുന്ന ഏജൻസികളേയും വായ്പ നൽകുവാൻ കഴിയുന്ന സ്ഥാപനങ്ങളേയും, സംരംഭകർക്ക് അനുമതി നൽകേണ്ട സ്ഥാപനങ്ങളേയും പ്രതിനിധികളെയും സംഗമത്തിൽ പങ്കെടുപ്പിക്കുന്നു. ഈ സംഗമത്തിൽ നിന്നും ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ വിജയസാധ്യത കണക്കാക്കി സ്ത്രീകൾ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് സഹായം നൽകുന്നതിനായി വിഭാവനം ചെയ്യുന്ന **ജില്ലാ സംരംഭകത്വ ഇടനാഴിക്ക് (DEC)** ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## ചെടിച്ചട്ടി നിർമ്മാണം

ജില്ലാ കൃഷിത്തോട്ടങ്ങളിൽ വർഷം തോറും ലക്ഷക്കണക്കിന് രൂപയുടെ ചെടിച്ചട്ടികളാണ് ആവശ്യമായി വരുന്നത്. കൂടാതെ കൃഷിവകുപ്പും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃഷിഭവൻ വഴി നടപ്പാക്കുന്ന പദ്ധതികൾക്കും ധാരാളം ചെടിച്ചട്ടികൾ ആവശ്യമായി വരുന്നു. ഈ സാഹചര്യം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം നൽകി വനിതാ സംരംഭമെന്ന നിലയിൽ ചെടിച്ചട്ടി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ***10 ലക്ഷം രൂപ*** മാറ്റി വെക്കുന്നു.

## ഗ്ലാസ് ബോട്ടിൽ നിർമ്മാണം

ഹോമിയോ ആശുപത്രികൾ ഇപ്പോൾ മരുന്നുകൾ നൽകി വരുന്നത് ചെറിയ ഗ്ലാസ് ബോട്ടിലുകളിലാണ്. ഈ ബോട്ടിലുകളത്രയും സംസ്ഥാനത്തിനു പുറത്തു നിന്നുമാണ് കൊണ്ടുവരുന്നത്. ഇത്തരം കുപ്പികൾ നിർമ്മിക്കുവാൻ കഴിഞ്ഞാൽ സംസ്ഥാനത്തെ വിവിധ ഹോമിയോ ആശുപത്രികൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ അവ നൽകാനാവും. വിപണി മുൻകൂട്ടിത്തന്നെ ഉറപ്പാകുമെന്നത്തിനാൽ ഇത് വജയകരമായ ഒരു പദ്ധതിയായിത്തീരുകയും ധാരാളം പേർക്ക് തൊഴിൽ നൽകുന്ന സംരംഭമായിത്തീരുകയും ചെയ്യും. ഈ പദ്ധതിക്കായി ***50 ലക്ഷം രൂപ*** വകയിരുത്തുന്നു.

## കടലിൽ നിന്നും കറിച്ചട്ടിയിലേക്ക്

മലയാളികളുടെ ജീവിതചര്യ തിരക്കേറിയതായതോടെ റെഡി റ്റു കുക്ക് ഭക്ഷണ പദാർത്ഥങ്ങൾക്ക് വൻ ഡിമാന്റ് ലഭിക്കുന്നുണ്ട്. പലപ്പോഴും ഇത്തരം ഭക്ഷണങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ പ്രിസർവേറ്റീവ്സ് ചേർക്കപ്പെടുന്നുണ്ട്. ഏറ്റവും ഫ്രഷ് ആയ മത്സ്യം മത്സ്യത്തൊഴിലാളികളിൽ നിന്ന് നേരിട്ട് ശേഖരിച്ച് അനുവദനീയമായ പ്രിസർവേറ്റീവ്സും മലയാളിയുടെ രുചികരമായ കറിക്കൂട്ടുകളും ചേർത്ത് മിനുട്ടുകൾ കൊണ്ട് കറിയാക്കാൻ കഴിയുന്ന രീതിയിൽ നൽകുന്ന പദ്ധതിക്കായി ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## സ്റ്റാർട്ടപ്പ് സംഗമം

ഇത് സ്റ്റാർട്ടപ്പുകളുടെ കാലമാണ്. ടെക്നിക്കൽ, പ്രൊഡക്റ്റീവ്, സർവീസ് മേഖലകളിൽ നവീന ആശയങ്ങൾ ഉള്ള അനേകം യുവാക്കൾ നമ്മുടെ നാട്ടിലുണ്ട്. സാഹചര്യങ്ങൾ ലഭിക്കാത്തതു മൂലം ഏറെ കഴിവുകളും ആശയങ്ങളും ഉണ്ടായിട്ടും തൊഴിൽ രഹിതരോ തുച്ഛമായ ശമ്പളത്തോടു കൂടെ ജോലി ചെയ്യുന്നവരോ ആയ ടെക്നോക്രാറ്റുകളും നമ്മുടെ ഇടയിലുണ്ട്. ഇവർക്ക് തങ്ങളുടെ ആശയങ്ങളെ അവതരിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നതാണ് സ്റ്റാർട്ടപ്പ് സംഗമത്തിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇപ്രകാരം അവതരിപ്പിക്കപ്പെടുന്ന സ്റ്റാർട്ടപ്പുകളിൽ മികച്ചവ തെരഞ്ഞെടുക്കുന്നതിന് ഒരു

എക്സ്പർട്ട് ജഡ്ജിങ്ങ് പാനൽ രൂപീകരിക്കുന്നു. ജഡ്ജിങ്ങ് പാനൽ തെരഞ്ഞെടുക്കുന്ന ആശയങ്ങൾ സംരംഭമായി മാറ്റുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക ഭൗതിക പിന്തുണ Kerala Startup Mission, Kerala Institute for entrepreneurship ചെറുകിട വ്യവസായ അസോസിയേഷൻ എന്നിവ വഴി ഉറപ്പാക്കുന്നു. നമ്മുടെ ജില്ലാ അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾക്ക് പ്രത്യേകിച്ച് മാലിന്യ നിർമ്മാർജ്ജനം, ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധർ, വനിതകൾ, പാർശ്വവത്കൃത വിഭാഗത്തിൽപ്പെടുന്ന ട്രാൻസ്ജെൻഡേഴ്സ്, പട്ടികജാതി പട്ടികവർഗ്ഗക്കാർ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ എന്നിവരുടെ പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം നൽകുന്ന നവീന ആശയങ്ങൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയും അത്തരം സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായം നൽകുകയും ചെയ്യുന്നു. ജില്ലാ ഭരണകൂടം, വ്യവസായ വകുപ്പ്, ജില്ലാ വ്യവസായ കേന്ദ്രം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല എന്നിവരുടെ പങ്കാളിത്തത്തോടെ നടത്തുന്ന ഈ സംഗമത്തിന് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

പ്രസാദ പ്രവാസം

നമ്മുടെ ജില്ലയിൽ നിന്നു ധാരാളം ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. വിദേശ ജോലിയിൽ നിന്നു വിരമിച്ച് തിരികെ നാട്ടിൽ വന്നു താമസിക്കുന്നവരുടെ എണ്ണവും കുറവല്ല. ഇവരിൽ പലരും നാട്ടിൽ എന്തെങ്കിലും ചെറിയ വ്യവസായ സംരംഭങ്ങൾ തുടങ്ങണമെന്ന് ആഗ്രഹമുള്ളവരാണെങ്കിലും അതിനുള്ള നടപടിക്രമങ്ങളെ പറ്റിയുള്ള അറിവില്ലായ്മയ മൂലവും ആദായകരമായ സംരംഭം കണ്ടെത്താനുള്ള ബുദ്ധിമുട്ട് മൂലവും അതിൽ നിന്ന് പിന്മാറുകയാണ്. ഇതു മൂലം അവരുടെ സമ്പത്തും ഉർജ്ജവും കർമ്മശേഷിയും വേണ്ടവിധം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. ചിലരെങ്കിലും വിദേശത്ത് വ്യവസായ വാണിജ്യ സംരംഭങ്ങൾ ചെയ്യുന്നവരായിട്ടുണ്ട്. ഇവർക്ക് ആവശ്യമായ തൊഴിലാളികളേയും ജീവനക്കാരെയും ലഭ്യമാക്കുന്നതിന് ഇടനിലക്കാരാണ് ഇപ്പോൾ ആശ്രയം. മറ്റു ചില പ്രവാസികൾ വിദേശ രാജ്യങ്ങളിൽ ഉന്നതരുമായി ബന്ധമുള്ളവരും അവരുടെ മതിപ്പ് നേടിയവരുമാണ്. ഇവർ വഴി ധാരാളം തൊഴിൽ

അവസരങ്ങൾ അവിടെ കണ്ടെത്താൻ കഴിയും. അതുപോലെ നമ്മുടെ തനത് ഉൽപന്നങ്ങൾക്ക് വിദേശത്ത് വിപണി കണ്ടെത്തുന്നതിനും ഇവരുടെ സേവനം ഉപയോഗിക്കുവാൻ കഴിയും. അതേ സമയം തന്നെ നമ്മുടെ നാട്ടിൽ നിന്ന് വിദേശ തൊഴിൽ തേടി പോകുന്ന ധാരാളം പേരുണ്ട്. വലിയ തുക മുടക്കി വിദേശത്തേക്കു പോകുന്ന ഇവർ ഏജന്റുമാരാൽ കബളിപ്പിക്കപ്പെടുകയും അതുവഴി ഇവരുടെ ജീവിതം തന്നെ താറുമാറാകുകയും ചെയ്യുന്നു. എറണാകുളത്തു നിന്നും വിവിധ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരെയും പ്രവാസ ജീവിതത്തിൽ നിന്നു മടങ്ങിയവരെയും ഒരു ഓൺലൈൻ പ്ളാറ്റ് ഫോമിൽ കൊണ്ടുവരികയും അവരുടെ സമ്പത്തും ഊർജ്ജവും വിനിയോഗിക്കുവാൻ അവസരം നൽകുകയും ചെയ്യുന്ന ഒരു പദ്ധതി മുന്നോട്ട് വയ്ക്കുന്നു.

ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ, നൂതന സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, മറ്റ് വ്യവസായ വാണിജ്യ പദ്ധതികൾ എന്നിവ ഈ പ്ളാറ്റ്ഫോമിലൂടെ പരിചയപ്പെടുത്തുകയും അതിൽ മുതൽമുടക്കാൻ താൽപര്യമുള്ളവർക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും പിന്തുണയും നൽകുകയും ചെയ്യുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ആവശ്യമായ അനുമതികൾ ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഒരുക്കുന്നു. വിവിധ മേഖലയിലുള്ള വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികൾക്കും ജീവനക്കാർക്കും പ്രഫഷണലുകൾക്കും ടെക്നോക്രാറ്റുകൾക്കും തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യാൻ ഈ പ്ളാറ്റ് ഫോമിൽ അവസരമുണ്ടാകും.

ഇതുവഴി പ്രവാസികൾക്ക് വിദേശത്തോ സ്വദേശത്തോ ആവശ്യമുള്ള ജീവനക്കാരെയും തൊഴിലാളികളേയും യഥേഷ്ടം തെരഞ്ഞെടുക്കുന്നതിനുള്ള അവസരം ലഭിക്കുന്നു. നമ്മുടെ നാട്ടിൽ കർഷകരും സൂക്ഷ്മ ചെറുകിട സംരംഭകരും കുടുംബശ്രീ ഗ്രൂപ്പുകളും ജില്ലാ കൃഷിത്തോട്ടങ്ങളും ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഈ പ്ളാറ്റ് ഫോമിലൂടെ പരിചയപ്പെടുത്തുകയും അവ വിദേശ രാജ്യങ്ങളിൽ വിറ്റഴിക്കാൻ സന്നദ്ധരായ പ്രവാസികൾക്ക് നൽകുകയും ചെയ്യുന്നു. വ്യവസായ വാണിജ്യ മേഖലയുമായി

ബന്ധപ്പെട്ടിരിക്കുന്ന ഡിപ്പാർട്ട്മെന്റുകളേയും ഏജൻസികളേയും സർക്കാർ സംവിധാനങ്ങളേയും ഇതിന്റെ ഭാഗമാക്കുന്നു. തികച്ചും നൂതനവും നമ്മുടെ നാട്ടിൽ വിപ്ളവകരമായ മാറ്റങ്ങൾക്ക് വഴിവക്കുന്നതുമായ ഈ പദ്ധതിക്ക് ***5 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

വ്യവസായ മേഖലയിൽ വരും വർഷം 1 ലക്ഷം തൊഴിൽ ദിനങ്ങൾ ലക്ഷ്യമിടുന്നു.

# വിദ്യാഭ്യാസം

# മികവിൽ നിന്നു തികവിലേക്ക്

വിദ്യാഭ്യാസ രംഗത്ത് എറണാകുളം ജില്ല സംസ്ഥാനത്തിനു തന്നെ മാതൃകയായ പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഉന്നത വിജയം നേടുവാൻ നമുക്ക് കഴിയുന്നുണ്ട്. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാനും പഠന നിലവാരം ഉയർത്തുവാനും ഉള്ള പദ്ധതികൾക്കൊപ്പം കുട്ടികളുടെ ശാരീരിക – മാനസിക വളർച്ചയ്ക്കും കലാകായിക മികവിനും ആവശ്യമായ പദ്ധതികളും നാം ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന്റെ ഫലമാണ് ഈ നേട്ടം. ഈ വർഷവും ഈ പ്രവർത്തനങ്ങൾ കൂടുതൽ ഗുണപരമായി തുടർന്ന് മികവിൽ നിന്നു തികവിലേക്ക് എത്തിക്കുവാനുള്ള ശ്രമമാണ് നടത്തുന്നത്.

## ജ്യോതിർഗമയ – പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം

ഒരു വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളുടേയും ബൗദ്ധിക നിലവാരവും ഗ്രാഹ്യശേഷിയും ഒരു പോലെയല്ല. ദാരിദ്ര്യം, ശാരീരികാവസ്ഥ സാമൂഹിക സ്ഥിതി, കുടുംബാന്തരീക്ഷം, എല്ലാം കുട്ടികളുടെ പഠനശേഷിയെ ബാധിക്കുന്ന കാര്യങ്ങളാണ്. നൽകപ്പെടുന്ന നിശ്ചിത സമയത്തിനുള്ളിൽ ഓരോ കുട്ടികളുടേയും നിലവാരത്തിനനുസൃതമായി പഠിപ്പിക്കുവാൻ അധ്യാപകർക്ക് കഴിയില്ല. അതിനാൽ ശരാശരി നിലവാരത്തിലുള്ള കുട്ടികൾക്ക് ചേർന്ന വിധമുള്ള അദ്ധ്യയനമാണ് വിദ്യാലയങ്ങളിൽ നൽകുന്നത്. ഇതുമൂലം ബൗദ്ധിക നിലവാരവും ഗ്രാഹ്യശേഷിയും കുറഞ്ഞ കുട്ടികൾ പിന്നോക്കം പോകുന്നു. പത്താം ക്ളാസിൽ പഠിക്കുന്ന ഇത്തരം കുട്ടികൾക്കായി വൈകുന്നേരങ്ങളിൽ അധികസമയം പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നു. പരീക്ഷ പാസാകുന്നതിന് പാഠഭാഗങ്ങൾ Nut shell രൂപത്തിലും സരളമായും പകർന്നു നൽകുന്നതോടൊപ്പം പരീക്ഷാപ്പേടിയകറ്റുന്നതിനുള്ള കൗൺസിലിങ്ങും നൽകുന്നു. വേണ്ടത്ര അധ്യാപകരില്ലാത്ത വിദ്യാലയങ്ങളിൽ അഭ്യസ്ത വിദ്യരായ

സന്നദ്ധ പ്രവർത്തകരുടെ സേവനവും ഉപയോഗിക്കുന്നു. അധിക സമയം പഠനത്തിനായി ചെലവഴിക്കുന്ന ഈ കുട്ടികൾക്ക് ലഘുഭക്ഷണവും നൽകുന്നു. അതാത് വിദ്യാലയങ്ങളിലെ പിറ്റിഎ യുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിക്ക് ***15 ലക്ഷം രൂപ*** നൽകുന്നു.

## ജലതരംഗം – കുട്ടികൾക്ക് നീന്തൽ പരിശീലനം

കുട്ടികൾക്ക് ശാരീരിക മാനസിക ആരോഗ്യം നൽകുന്നതു കൂടാതെ ആത്മവിശ്വാസവും പകർന്നു നൽകുന്ന ഒന്നാണ് നീന്തൽ. വെള്ളത്തിൽ വീണുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വെള്ളത്താൽ ചുറ്റപ്പെട്ട നമ്മുടെ നാട്ടിൽ ഓരോരുത്തരും നീന്തൽ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. പ്രളയം പോലുള്ള ദുരന്ത വേളകളിൽ നീന്തൽ അറിയുന്നവർക്ക് സ്വയരക്ഷ ഉറപ്പാക്കുവാനും അന്യർക്ക് രക്ഷകരാകുവാനും കഴിയും. ഈ പശ്ചാത്തലത്തിൽ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനുള്ള പദ്ധതിക്ക് ***10 ലക്ഷം രൂപയും*** നീന്തൽകുളം സജ്ജമാക്കുന്നതിന് ***25 ലക്ഷം രൂപയും*** വകയിരുത്തുന്നു. ജില്ലാ അക്വാട്ടിക അസോസിയേഷന്റെ സഹകരണത്തോടെ നീന്തൽ പരിശീലനം നടത്തി കുട്ടികൾക്ക് സർട്ടിഫിക്കറ്റും നൽകും. ഇതുവഴി കുട്ടികൾക്ക് എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഗ്രേസ് മാർക്ക് ഉറപ്പാക്കുവാനും കഴിയും.

## സ്റ്റുഡന്റ്സ് റസ്ക്യൂ ആർമി (SRA)

നമ്മുടെ നാട്ടിൽ പ്രകൃതി ദുരന്തങ്ങൾ വർദ്ധിച്ചു വരികയാണ്. വരും കാലങ്ങളിലും പ്രളയവും ചുഴലിക്കാറ്റും കൂടുതൽ ആവർത്തിക്കപ്പെടുമെന്ന് വിദഗ്ദ്ധർ വിലയിരുത്തുന്നു. പ്രകൃതി ദുരന്തങ്ങളെ മന:സാന്നിദ്ധ്യത്തോടെ നേരിടുവാനും സ്വയംരക്ഷ ഉറപ്പാക്കുവാനും അപകടവേളകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ച് അറിവ് നൽകുവാനും അഗ്നിശമന സേനയുടെ സഹായത്തോടെ കുട്ടികൾക്ക് പരിശീലന് നൽകുന്നതിനും ഇപ്രകാരം പരിശീലനം ലഭിക്കുന്ന കുട്ടികൾക്ക് ഉപയോഗിക്കുവാനായി വിദ്യാലയങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിനും ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## <u>പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം</u>

പെൺകുട്ടികൾക്കെതിരെയുള്ള പലവിധത്തിലുള്ള അക്രമണങ്ങളുടെ കഥകളാണ് ദിവസവും വാർത്തകളിൽ നിറയുന്നത്. അക്രമികളെ ധൈര്യപൂർവം നേരിടുന്നതിന് പെൺകുട്ടികൾക്ക് ആത്മവിശ്വാസം പകരുവാനും സ്വയംപ്രതിരോധിക്കുവാനും ഉപകരിക്കുന്ന കരാട്ടെ പരിശീലനം നൽകുന്ന പദ്ധതിക്കായി ***10 ലക്ഷം രൂപ*** മാറ്റി വെയ്ക്കുന്നു.

സ്കൂളുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിന് ***1 കോടി*** രൂപയും ഓഫീസ് ഉപകരണങ്ങൾക്ക് ***20 ലക്ഷം*** രൂപയും ഐടി ഉപകരണങ്ങൾക്ക് ***50 ലക്ഷം*** രൂപയും ലാബ് ഉപകരണങ്ങൾക്ക് ***10 ലക്ഷം*** രൂപയും ടോയ്‌ലറ്റ് നിർമ്മാണത്തിന് ***1 കോടി*** രൂപയും സ്കുൾ അറ്റകുറ്റപ്പണികൾക്ക് ***10 കോടി*** രൂപയും വകയിരുത്തുന്നു.

## <u>ഷീ ജിം</u>

ജില്ലാ പഞ്ചായത്ത് സ്കൂളുകളിലെ പെൺകുട്ടികൾക്ക് വ്യായാമ പരിശീലനം നേടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി കഴിഞ്ഞ വർഷം നൂതന പദ്ധതിയായി ഏറ്റെടുത്തിരുന്നു. ഈ പദ്ധതി തുടരണമെന്ന് വിദ്യാലയങ്ങളിൽ നിന്നും ആവശ്യമുയർന്നിട്ടുണ്ട്. ഈ പദ്ധതിക്കായി ഈ വർഷവും ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## <u>വർണ്ണ വസന്തം</u>

കഴിഞ്ഞ വർഷം നടപ്പാക്കിയ വർണ്ണവസന്തം പദ്ധതിയിൽ പ്രതിഭാശാലികളായ നമ്മുടെ കുട്ടികൾ അതിമനോഹരങ്ങളായ വർണ്ണ ചിത്രങ്ങളാണ് സ്കൂൾ ചുവരുകളിൽ വരച്ചിരിക്കുന്നത്. ഏവരുടേയും മുഗ്ധകണ്ഠ പ്രശംസ നേടിയ ഈ പദ്ധതിക്ക് ഈ വർഷം **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## സ്കൂളുകളുടെ ആസ്ബസ്റ്റോസ് മേൽകൂര മാറ്റി സ്ഥാപിക്കൽ

ഇന്നും പല സ്കൂളുകളുടേയും മേൽക്കൂര ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞതാണ്. ഇത് കെട്ടിടത്തിനുള്ളിൽ ചൂടു കൂടുന്നതിന് കാരണമാകുന്നു. എന്ന് മാത്രമല്ല കുട്ടികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. ഇത്തരം ആസ്ബസ്റ്റോസ് ഷീറ്റുകൾ മാറ്റി പുതിയ മേൽകൂര സ്ഥാപിക്കണമെന്ന സർക്കാർ നിർദ്ദേശത്തിനനുസൃതമായി സ്കൂളുകളിലെ ആസ്ബസ്റ്റോസ് മാറ്റി പുതിയ മേൽകൂര സ്ഥാപിക്കുന്നതിന് ***1 കോടി രൂപ*** നീക്കി വയ്ക്കുന്നു. സ്കൂളുകളിൽ നാപ്കിൻ വെന്റിങ്ങ് മെഷീനും ഇൻസിനറേറ്ററും നൽകുന്നതിന് ***50 ലക്ഷം രൂപ*** വകയിരുത്തുന്നു.

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നു വരുന്ന കുട്ടികൾക്കും സ്കൂൾ പ്രഭാത ഭക്ഷണം നൽകുന്നതിനായി ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

ബയോഡൈവേഴ്സിറ്റി ബോർഡിന്റെ സഹായത്തോടെ സ്കൂളുകളിൽ ബയോഡൈവേഴ്സിറ്റി പാർക്ക് നിർമ്മിക്കുന്നതിന് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

കുട്ടികൾക്ക് കായിക പരിശീലനം നൽകുന്ന ***ദ്രോണം*** പദ്ധതിക്ക് ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു. മണീട് സ്കൂളിൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

എസ്.എസ്.കെ. യ്ക്ക് ***1 കോടി രൂപ*** നീക്കി വയ്ക്കുന്നു.

# വനിതാക്ഷേമം

“പിറവിയിൽത്തന്നെ പെണ്ണെന്ന വാക്കിനെ
ബാധ്യതയാക്കി നിങ്ങൾ
കരഞ്ഞു വളരാൻ വിധിയെന്നു ചൊല്ലി
കടമകൾ തീർത്തതും നിങ്ങൾ
തെളിഞ്ഞയുടനെ വിളനിലമാക്കി
വിളവെടുത്തതും നിങ്ങൾ
ആറിനു മേലെ അലഞ്ഞു നടന്നാൽ
അരുതുകൾ തീർത്തതും നിങ്ങൾ
അന്തിതൻ മറവിൽ ഒളിഞ്ഞു നിന്നു
കൊത്തിവലിച്ചതും നിങ്ങൾ”

മനുഷ്യൻ പുരോഗതിയുടെ ഉത്തുംഗതയിൽ എത്തി നിൽക്കുന്നു എന്നവകാശപ്പെടുന്ന ഈ കാലഘട്ടത്തിലും സ്ത്രീകളോടുള്ള വിവേചനം തുടരുന്നു എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. പുരുഷ കേന്ദ്രീകൃതമായ സമൂഹത്തിൽ എത്ര കഴിവുള്ള സ്ത്രീകൾക്കും അവഗണനയും അപമാനവും നേരിടേണ്ടി വരുന്നു. സ്ത്രീകളെ സംരക്ഷിക്കുന്നതിനായി ഒട്ടേറെ നിയമങ്ങൾ നിലവിലുണ്ടെങ്കിലും അവർ നിരന്തരം ആക്രമത്തിനിരയാവുകയാണ്. ഞാൻ ഈ ബജറ്റവതരിപ്പിക്കുമ്പോൾത്തന്നെ നമ്മുടെ തൊട്ടടുത്ത് ഇടപ്പള്ളിയിലെ ടാറ്റൂ കേന്ദ്രത്തിൽ യുവതികൾ പീഡനത്തിനിരയായ വാർത്തയുടെ വിശദാംശങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. പൊതുസ്ഥലങ്ങളിൽ, തൊഴിലിടങ്ങളിൽ എന്തിന് സ്വന്തം വീട്ടകങ്ങളിൽ പോലും സ്ത്രീ പീഢിപ്പിക്കപ്പെടുന്നു. പുരുഷൻ അനുഭവിക്കുന്ന ഏതാണ്ട് എല്ലാ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു. ഇതിനൊരു മാറ്റമുണ്ടാകണമെങ്കിൽ സ്ത്രീപക്ഷകേരളം എന്ന വാചോടാപത്തിനപ്പുറം ഫലപ്രദമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സ്ത്രീ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി ക്രിയാത്മകമായ ചില പദ്ധതികൾ ഈ ബജറ്റ് പ്രഖ്യാപിക്കുന്നു.

## വനിതാ ട്രെയിനിങ്ങ് സെന്റർ

ഏതൊരു രംഗത്തേയും മികവിന് നിരന്തരമായ പരിശീലനം ആവശ്യമാണ്. എന്നാൽ മികച്ച സൗകര്യങ്ങളുള്ള ട്രെയിനിങ്ങ് സെന്റർ നമ്മുടെ ജില്ലയിലോ സമീപഗ്രാമങ്ങളിലോ ഇല്ല. അതിനാൽ ത്തന്നെ പരിശീലനത്തിനായി ദൂരെ സ്ഥലങ്ങളിലേക്ക് പോകേണ്ടി വരുന്നു. ഇത് സമയനഷ്ടത്തിനും ധനനഷ്ടത്തിനും കാരണമാകുന്നു. ഈ കുറവ് പരിഹരിക്കുന്നതിന് 100 പേർക്ക് റസിഡൻഷ്യൽ ട്രെയിനിങ്ങ് നൽകാൻ കഴിയുന്നതും എല്ലാവിധ സൗകര്യങ്ങളോടു കൂടിയതും പൂർണ്ണമായും വനിതകളുടെ നിയന്ത്രണത്തിലും നടത്തിപ്പിലും ഉള്ളതുമായ ബഹുനില ട്രെയിനിങ്ങ് സെന്റർ നിർമ്മിക്കുവാൻ ***5 കോടി രൂപ*** വകയിരുത്തുന്നു. ഇവിടെ സ്വകാര്യസ്ഥാപനങ്ങൾക്കുൾപ്പെടെ പരിശീലന പരിപാടികൾ നടത്തുവാൻ അനുവാദം നൽകും.

## സുരക്ഷിത വനിതാ പോർട്ടൽ

സ്ത്രീകൾക്കനുകൂലമായി ഒട്ടേറെ നിയമങ്ങളും അവരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി ധാരാളം സംവിധാനങ്ങളും നിലവിലുണ്ട് എങ്കിലും അവ തമ്മിലുള്ള കോർഡിനേഷൻ ഇല്ലാത്തതും ഇവ ഫലപ്രദമായി ഉപയോഗിക്കുവാൻ പല കാരണങ്ങൾ കൊണ്ടും സ്ത്രീകൾ തയ്യാറാവാത്തതും മൂലം ഉദ്ദേശിച്ച ഫലപ്രാപ്തി ഉണ്ടാകുന്നില്ല. ഇതിനൊരു പരിഹാരം എന്ന നിലയിൽ ഇവയെല്ലാം ഒരു പ്ളാറ്റ് ഫോമിൽ കൊണ്ടുവരുന്ന ജില്ലാ വനിതാ പോർട്ടലിനായി ***2 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു. സ്ത്രീകൾക്കായുള്ള എല്ലാ നിയമങ്ങളുടേയും സുരക്ഷാ സംവിധാനങ്ങളുടേയും ക്ഷേമ പദ്ധതികളുടേയും വിശദാംശങ്ങളും ഇവയുടെ സേവനങ്ങളും സഹായവും ലഭിക്കുന്നതിനുള്ള പിന്തുണ സംവിധാനവും ഈ പോർട്ടലിൽ നൽകും. സ്ത്രീകൾക്കും പൊതുജനങ്ങൾക്കും രഹസ്യമായും പേര് വെളിപ്പെടുത്തിയും പരാതികളും നിർദ്ദേശങ്ങളും നൽകാനുള്ള സംവിധാനവും പോർട്ടലിൽ ഉണ്ടാകും. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങളും പരാതികളും ഒരേ

സമയം ഇത് കൈകാര്യം ചെയ്യേണ്ട സംവിധാനങ്ങളിലേക്ക് രഹസ്യസ്വഭാവം സൂക്ഷിച്ചു കൊണ്ട് കൈമാറുകയും തുടർനടപടികൾ വേഗത്തിൽ സ്വീകരിക്കുകയും ചെയ്യും.

## വനിതകൾക്ക് ക്ളിനിക്കൽ ലബോറട്ടറി

നമ്മുടെ ആശുപത്രികൾ വഴി മികച്ച ആരോഗ്യസേവനങ്ങൾ നലകി വരുന്നുണ്ട്. എന്നാൽ ആവശ്യമായത്രയും ലാബ് സൗകര്യമില്ലാത്തതിനാൽ പരിശോധനാഫലം വൈകുന്ന സ്ഥിതിയുണ്ട്. സ്വകാര്യ ലാബുകൾ പാരിശോധനകൾക്ക് വലിയ ഫീസ് ഈടാക്കുന്നു. രോഗികൾക്ക് മിതമായ നിരക്കിൽ പരിശോധനകൾ നടത്താവുന്ന ക്ളിനിക്കൽ ലാബുകൾ തുടങ്ങുന്നതിന് വനിതാ ഗ്രൂപ്പുകൾക്ക് സഹായം നൽകുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** നീക്കി വെയ്ക്കുന്നു.

## പെണ്ണെഴുത്ത്

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചതും നൂതന പദ്ധതിയായ നടപ്പാക്കിയതുമായ പെണ്ണെഴുത്ത് ഏറെ ശ്രദ്ധേയമായ പദ്ധതിയായി മാറി. ഗ്രാമങ്ങളിൽ ആരാലും അറിയപ്പെടാതെ കഴിഞ്ഞിരുന്ന 100 സ്ത്രീകളുടെ കവിതകൾ സമാഹരിച്ച് പ്രസിദ്ധീകരിച്ച പിങ്ക് പെൻ ഏറെപ്പേർക്ക് പ്രചോദനമായി. 100 കവികളേയും ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന പിങ്ക്പെൻ വാട്സാപ്പ് ഗ്രൂപ്പിൽ ദിനംപ്രതി പുതു കവിതകൾ നിറയുകയാണ്. പിങ്ക് പെന്നിന് ലഭിച്ച സ്വീകാര്യത കണക്കിലെടുത്ത് പെണ്ണെഴുത്ത് തുടരുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു. പെണ്ണെഴുത്തിൽ ഇക്കുറി സ്ത്രീകളുടെ കഥകളാണ് ഉൾപ്പെടുത്തുന്നത്.

## സാഫല്യം – സ്ത്രീധനരഹിത –ആർഭാട രഹിത സമൂഹവിവാഹം

"ചായക്കോപ്പകൾ കാലിയായി
മധുരവിഭാവങ്ങളും ബാക്കി
ഇനിയെന്തെന്ന ചോദ്യമുനകൊണ്ട്
വിറയാർന്നു നിൽപ്പാണവൾ, പെണ്ണൊരുത്തി
കറുപ്പാണവൾക്ക് കറുപ്പിന്നു
വിലയെണ്ണിപ്പറഞ്ഞു പല കൂട്ടർ"

പരിഷ്കൃതമെന്ന് അവകാശപ്പെടുന്ന നമ്മുടെ സമൂഹത്തിന്റെ ശാപമാണ് സ്ത്രീധനം. നിന്ദ്യമായ ഈ ഏർപ്പാടിന്റെ പേരിൽ എത്രയെത്ര സ്ത്രീകളാണ് കണ്ണീരു കുടിക്കുന്നത്. എത്ര കുടുംബങ്ങളാണ് കടക്കെണിയിലാകുന്നത്. സ്ത്രീധനത്തിന്റെ ബലിയാടായ വിസ്മയ ഇന്നും നീറുന്ന ഒരു ഓർമ്മയാണ്. കല്ല്യാണം ഇന്ന് ഒരു കെട്ടുകാഴ്ചയായിട്ടുണ്ട്. അനേകർ പട്ടിണി കിടക്കുമ്പോൾ ആർഭാട വിവാഹങ്ങൾക്കായി കോടികൾ മുടക്കുന്നത് ജുഗുപ്സാവഹമാണ്. ഈ സാമൂഹ്യതിന്മകൾക്കെതിരെയുള്ള പോരാട്ടത്തിന് എറണാകുളം ജില്ലാ പഞ്ചായത്ത് തുടക്കം കുറിക്കുന്നു. വിവിധ സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും സംഘടനകളുടേയും വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ സ്ത്രീധന രഹിത – ആർഭാട രഹിത സമൂഹ വിവാഹം സ്ഘടിപ്പിക്കുന്നതിന് ***5 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## വനിതാ വ്യവസായ കേന്ദ്രങ്ങൾ ഉപയോഗ യോഗ്യമാക്കൽ

ജില്ലാ പഞ്ചായത്തും ഗ്രാമ – ബ്ളോക്ക് പഞ്ചായത്തുകളും മുൻകാലങ്ങളിൽ വനിതാ ഘടക പദ്ധതിയിൽപ്പെടുത്തി പ്ളാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള വനിതാ വ്യവസായ കേന്ദ്രങ്ങൾ ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥയുണ്ട്. കെട്ടിടം പണി തീർത്തെങ്കിലും അതിലാവശ്യമായ വെള്ളമോ, വൈദ്യുതിയോ

ഉപകരണങ്ങളോ ഇല്ലാത്തതാണ് പല കേന്ദ്രങ്ങളും തുറന്നു പ്രവർത്തിക്കാത്തതിനു കാരണം. ഇത്തരം കേന്ദ്രങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനക്ഷമമാക്കുന്നതിന് ***1 കോടി രൂപ*** മാറ്റി വക്കുന്നു.

## അഡോളസെന്റ് ക്ളബ്

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ജീവിത സാഹചര്യങ്ങൾ മൂലവും കൂടുംബ ബന്ധങ്ങളിൽ വന്നിട്ടുള്ള വ്യതിയാനം മൂലവും പെൺകുട്ടികൾ വലിയ മാനസിക സംഘർഷത്തിന് അടിമപ്പെടുന്നു. ശാരീരിക – സാമൂഹ്യ കാരണങ്ങളും അവരുടെ മാനസിക പിരിമുറുക്കത്തിന് കാരണമാകുന്നു. ഇതുമൂലം ആത്മഹത്യ, സ്വഭാവ വൈകൃതങ്ങൾ, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ പെൺകുട്ടികളുടെ ഇടയിൽ വർദ്ധിച്ചു വരുന്നുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പരിഹാരം കാണുവാനും അവരുടേതായ ഒരിടം ആവശ്യമാണ്. ഈ ലക്ഷ്യത്തോടെ കുടുംബശ്രീ അയൽകൂട്ടങ്ങളുടെ കീഴിലുള്ള ബാലസഭ മാതൃകയിൽ അഡോളസെന്റ് ക്ളബുകൾ രൂപീകരിക്കുന്ന പദ്ധതിക്കായി ***10 ലക്ഷം രൂപ*** വകയിരുത്തുന്നു. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് ഒന്നിച്ചു കൂടി അവരുടേതായ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പരിഹാര മാർഗ്ഗങ്ങൾ തേടുവാനും ഈ ക്ളബ് സഹായകമാകും. കൂടാതെ പെൺകുട്ടികൾക്ക് ആവശ്യമായ കൗൺസിലിങ്ങ്, മാനസികോല്ലാസ ഉപാധികൾ എന്നിവയും ഈ സംവിധാനത്തിലൂടെ സാധ്യമാകും.

# സാമൂഹ്യ ക്ഷേമം

## വൃദ്ധർ, ഭിന്നശേഷിക്കാർ, കുട്ടികൾ, ഭിന്നലിംഗവിഭാഗം തുടങ്ങിയവർക്കുള്ള പദ്ധതികൾ

"അഞ്ചരക്കൊല്ലം കഴിഞ്ഞപ്പോഴല്ലേ നിനക്ക് സൗകര്യം കിട്ടിയത്. അമ്മക്ക് എൺപത്തിമൂന്നായി ഇന്നോ നാളെയോ എന്ന മട്ടിലാണ് ഇപ്പോഴത്തെ സ്ഥിതി. അമ്മേ വന്നു കാണാൻ നിനക്ക് ഇത്രകാലം തോന്നീല്ല്യല്ലോ"

അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലോ ...... അയാൾ ചിരിക്കാൻ ശ്രമിച്ചു കൊണ്ടു പറഞ്ഞു.

"നിനക്ക് അമ്മയെ ഓർമ്മയുണ്ടോ ഗോപി....ജ്യേഷ്ഠത്തി ചോദിച്ചു"

വാർദ്ധക്യത്തിന്റെ വേദനയും നൊന്തുപെറ്റു വളർത്തിയ മക്കൾ ജീവിത തിരക്കിലായപ്പോൾ മാതാപിതാക്കളോടു കാട്ടുന്ന അവഗണനയും 'കീറിപ്പൊളിഞ്ഞ ചകലാസ്' എന്ന കൃതിയിൽ മാധവിക്കുട്ടി വരച്ചു കാട്ടുന്നു.

മാറിയ ജീവിത സാഹചര്യത്തിൽ വൃദ്ധർ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റേയും അവഗണനയുടേയും നേർചിത്രമാണ് കമല സുരയ്യ വരച്ചു കാട്ടുന്നത്. തങ്ങളുടെ ആരോഗ്യവും ഊർജ്ജവും പുതുതലമുറക്കായി ചെലവഴിച്ച വൃദ്ധജനങ്ങളെ അവരുടെ അവശതയുടെ നാളുകളിൽ സംരക്ഷിക്കേണ്ടത് സംസ്കാര സമ്പന്നമായ ഒരു സമൂഹത്തിന്റെ പ്രഥമകടമയാണ്. വൃദ്ധരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾക്കും ഈ ബജറ്റിൽ ഞാൻ ശ്രദ്ധ വയ്ക്കുന്നു.

## സാദരം – പകൽവീടുകൾ സജീവമാക്കൽ

തദ്ദേശ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിൽപ്പെടുത്തി ധാരാളം പകൽ വീടുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അവയിൽ പലതും നിർജ്ജീവമായി കിടക്കുകയാണ്. ചില കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടില്ല. ചില കെട്ടിടങ്ങളിൽ വെള്ളം, വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളില്ല. പൂർത്തിയാകാത്ത കെട്ടിടങ്ങൾ പൂർത്തീകരിച്ചും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കിയും ഉപകരണങ്ങൾ നൽകിയും പകൽ വീടുകൾ

സജീവമാക്കുന്ന പദ്ധതി ഈ വർഷം ഏറ്റെടുക്കുകയാണ്. ഇതിനായി ***50 ലക്ഷം രൂപ*** വകയിരുത്തുന്നു.

## വയോജന ക്ളബുകൾക്ക് വിനോദോപാധികൾ

നമ്മുടെ ജില്ലയിൽ രൂപീകൃതമായിട്ടുള്ള വയോജന ക്ളബുകളിലെ അംഗങ്ങൾക്ക് ഒത്തുചേരുവാനും മാനസികോല്ലാസത്തിനും വ്യായാമത്തിനുള്ള സൗകര്യം ഒരുക്കുവാനുമുള്ള പദ്ധതിക്ക് ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## ഉല്ലാസം – വയോജനങ്ങൾക്ക് വിനോദയാത്ര

മക്കളെല്ലാം ജോലിതേടി ദൂരെ സ്ഥലങ്ങളിലേക്കു പോകുന്നതിനാലും അവരുടെ ജീവിതം തിരക്കേറിയതിനാലും വൃദ്ധരെ വേണ്ടവിധം ശ്രദ്ധിക്കുവാനോ അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാനോ ഉള്ള സാഹചര്യം പല വീടുകളിലുമില്ല. പുറത്തേക്കു പോകുവാൻ പോലും കഴിയാതെ വീടുകളിൽ തടവറയിൽ എന്ന പോലെ അടച്ചു പൂട്ടപ്പെടുന്ന വൃദ്ധർ അനുഭവിക്കുന്ന മാനസിക സംഘർഷം വർണ്ണനാതീതമാണ്. എന്നാൽ ഇത്തരം പ്രതികൂല സാഹചര്യങ്ങളിൽ പോലും സ്വന്തം ഇഷ്ടങ്ങൾ നിറവേറ്റുന്നവരുമുണ്ട്. ചായക്കട നടത്തി ലഭിച്ച തുച്ഛമായ വരുമാനം സ്വരുക്കൂട്ടി ലേകയാത്ര നടത്തിയിരുന്ന കൊച്ചിയിലെ വിജയൻ ചേട്ടനും ഭാര്യയും തന്നെ ഏറ്റവും വലിയ മാതൃക. ഇത്തരം യാത്രകൾ നടത്തുവാൻ പലർക്കും ആഗ്രഹമുണ്ടെങ്കിലും ഭൂരിപക്ഷം വയോജനങ്ങൾക്കും അതിനുള്ള ഇച്ഛാശക്തിയോ സാഹചര്യമോ ഇല്ല. ഇത്തരക്കാർക്കു വേണ്ടി വയോജന ക്ളബുകളുടെ നേതൃത്വത്തിൽ വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിന് ***2 ലക്ഷം രൂപ*** വകയിരുത്തുന്നു.

## അരികെ – വയോജനങ്ങൾക്ക് വാതിൽപ്പടി ആരോഗ്യ സേവനം

വാർദ്ധക്യത്തിലേക്ക് കടക്കുന്നതോടെ കൂടുതൽ പേരും എന്തെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നു. ആവശ്യമായ മരുന്ന് യഥാസമയം ലഭിക്കുന്നതിനോ, ആരോഗ്യ പരിപാലനങ്ങൾ നടത്തുന്നതിനോ പല വീടുകളിലും സാഹചര്യമില്ല. ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങൾക്ക് കുടുംബശ്രീ

'സ്നേഹിത' വഴി വാതിൽപ്പടി ആരോഗ്യ സേവനം നൽകുന്നതിന് ***10 ലക്ഷം രൂപ*** മാറ്റി വെയ്ക്കുന്നു.

ജെറിയാട്രിക് സെന്റർ പദ്ധതിക്കായി ***50 ലക്ഷം രൂപ*** മാറ്റി വെയ്ക്കുന്നു.

## ഒരു കൈ സഹായം

സമൂഹത്തിന്റെ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ് ഭിന്നശേഷിക്കാർ. പരിമിതികളിൽ ജീവിക്കുവാൻ വിധിക്കപ്പെട്ടവർക്ക് മെച്ചപ്പെട്ട പിന്തുണാ സംവിധാനം ഒരുക്കി മെച്ചപ്പെട്ട ജീവിതം പ്രദാനം ചെയ്യുക എന്നത് ഈ ഭരണസമിതിയുടെ പ്രഖ്യാപിത നയമാണ്. നമ്മുടെ ജില്ലയെ ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ലക്ഷ്യം. ഇതിനായുള്ള വിവിധ പദ്ധതികൾ ഈ വർഷം ഏറ്റെടുക്കുന്നു.

## പൊതുസ്ഥലങ്ങളിൽ ഭിന്നശേഷി സൗഹൃദമൊരുക്കൽ

ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്ഥാപനങ്ങൾ, പൊതു കെട്ടിടങ്ങൾ, പൊതുസ്ഥലങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ്, റാമ്പ്, ഭിന്നശേഷിക്കാർക്കായി പ്രത്യേക പാർക്കിങ്ങ് സൗകര്യം, വിശ്രമമുറി എന്നിവ സജ്ജമാക്കുന്ന പദ്ധതിക്ക് ***50 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ്

ഭിന്നശേഷിക്കാർ അംഗങ്ങളായുള്ള വീടുകളിൽ ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ് നിർമ്മിക്കുന്ന പദ്ധതിക്ക് ***50 ലക്ഷം രൂപ*** വകയിരുത്തുന്നു. ടോയ്ലറ്റിന്റെ സ്പെസിഫിക്കേഷനും ഡിസൈനിങ്ങ് യൂണിറ്റ് കോസ്റ്റും ജില്ലാതലത്തിൽ നിർണ്ണയിക്കും.

## ബഡ്സ് സ്കൂളുകളിൽ തെറാപ്പിസ്റ്റ്

ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ തരത്തിലുള്ള ശാരീരിക വെല്ലുവിളികൾ ഒരു പരിധിവരെ പരിഹരിക്കുന്നതിന് സഹായകമാകുന്ന തെറാപ്പികൾ നിലവിലുണ്ട്. എന്നാൽ ബഡ്സ് സ്കൂളുകളിൽ

തെറാപ്പിസ്റ്റുകളുടെ സേവനം ഇപ്പോൾ ലഭ്യമല്ല. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ബഡ്സ് സ്കൂളുകളിലും ആവശ്യാനുസരണം തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് ***10 ലക്ഷം രൂപ*** മാറ്റി വെക്കുന്നു.

## പൂമൊട്ട് – ബഡ്സ് സ്കൂളുകൾക്ക് ക്രാഫ്റ്റ് പരിശീലനം

ബഡ്സ് സ്കൂളിലെത്തുന്ന പല കുട്ടികളും കലാപരമായും മറ്റു തരത്തിലും കഴിവുള്ളവരാണ്. ഈ കഴിവുകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിനായി ബഡ്സ് സ്കൂളുകളിൽ ക്രാഫ്റ്റ് പരിശീലനം നടത്തുന്നതിന് ***10 ലക്ഷം രൂപ*** നീക്കി വെയ്ക്കുന്നു.

## ബഡ്സ് ഉത്പന്നങ്ങൾക്ക് വിപണന കേന്ദ്രം

പല ബഡ്സ് സ്കൂളുകളിലേയും കുട്ടികൾ വിവിധ തരത്തിലുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. പല്ലാരിമംഗലത്തെ ബഡ്സ് സ്കൂളിൽ ചോക്ളേറ്റ് നിർമ്മിക്കുന്ന 2 യൂണിറ്റുകൾ കഴിഞ്ഞ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. ഇത്തരം ഉൽപന്നങ്ങളും ഈ വർഷം ക്രാഫ്റ്റ് പരിശീലനം നൽകി നിർമ്മിക്കുന്ന ഉൽപന്നങ്ങളും വിപണനം ചെയ്യുന്നതിനുള്ള പ്രത്യേക വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## സ്കോളർഷിപ്പ്

ഭിന്നശേഷി സ്കോളർഷിപ്പിന് ***3 കോടി രൂപ*** യാണ് 2021–22ൽ നൽകിയത് അത് ***3.5 കോടി*** രൂപയായി വർദ്ധിപ്പിക്കുന്നു.

## രാജഹംസം – മുച്ചക്രവാഹനം നൽകൽ

ഭിന്നശേഷി വൈകല്യം അനുഭവിക്കുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്രവാഹനം നൽകുന്ന പദ്ധതിയാണ് രാജഹംസം. കഴിഞ്ഞ ഭരണസമിതികൾ തുടങ്ങി വച്ച ഈ പദ്ധതി ഈ ഭരണസമിതി തുടരും. ഭിന്നശേഷിക്കാർക്ക് ഏറെ

പ്രയോജനപ്പെട്ട മുച്ചക്രവാഹനം നൽകുന്ന പദ്ധതിക്ക് ***50 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## ചലനം – ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽചെയർ

ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽചെയർ നൽകുന്ന ചലനം പദ്ധതിക്ക് ***30 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## മാരിവില്ല് – ട്രാൻസ്ജെൻഡേഴ്സിനുള്ള വിവിധ പദ്ധതികൾ

"അന്നു രാത്രി ഞാൻ അസ്വസ്ഥയായി ഒരുപാട് ചിന്തകൾ മനസ്സിനെ അലട്ടി.പുറത്തിറങ്ങുമ്പോൾ നാട്ടുകാരൊക്കെപ്പറയും ദേ നമ്മുടെ കല്ല്യാണിപ്പെണ്ണ് പോകുന്നു.

"ദേ നമ്മുടെ ആണ് പെണ്ണ് സ്ഥലത്തെത്തിയിട്ടുണ്ട് കേട്ടോ"

"അവനെന്താ ആണുങ്ങളെപ്പോലെ നടന്നൂടെ...വെറുതെ ആളുകളെക്കൊണ്ട് പറയിക്കാൻ"

"ആ നല്ലൊരു മനുഷ്യന് ഇതുപോലൊരു മകനുണ്ടായിപ്പോയല്ലോ...കഷ്ടോന്ന് പറയാതെ എന്താ ചെയ്യാ...."

അയ്യേ....നാണമില്ലാത്ത സാധനം"

ആണിന്റെ ശരീരവും പെണ്ണിന്റെ മനസ്സുമായി ജനിച്ച ജെറീനയുടെ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ' എന്ന പുസ്തകത്തിൽ, അവർ തന്റെ ഭൂതകാലം ഓർത്തെടുക്കുന്നതിങ്ങനെയാണ്. പരിഷ്കൃതമെന്നും പുരോഗമനപരമെന്നും അവകാശപ്പെടുന്ന നമ്മുടെ സമൂഹം എത്ര ക്രൂരമാണെന്നും ട്രാൻസ്ജെൻഡേഴ്സിനോടുള്ള മനോഭാവം എത്ര വികലമാണെന്നും ഈ കുറിപ്പ് നമ്മെ ഓർമ്മപ്പെടുത്തുന്നു. 'ആണും പെണ്ണും കെട്ട' എന്ന ആക്ഷേപം ഏറ്റുവാങ്ങി അവർ അവഗണിതരും അപഹാസിതരും ആയി ജീവിക്കുന്നു.

കെ.ഇ.എൻ. ഈ കൃതിയുടെ അവതാരികയിൽ എഴുതിയിരിക്കുന്നത് പോലെ വിസ്തൃതമായ ഈ ഭൂമിയിൽ പതിവ് ആൺപെൺ പരികൽപനകളിൽ

നിന്നു വ്യത്യസ്തമായ ആഭിമുഖ്യം ഉള്ളതു കൊണ്ടു മാത്രം ഒരു വിഭാഗത്തെ വേട്ടയാടുന്നതിൽ എന്ത് ന്യായമാണ് മറ്റ് ലിംഗവിഭാഗക്കാർക്ക് ഉള്ളത്. ആണും പെണ്ണും എന്നത് പോലെ അവരും ഈ ഭൂമിയുടെ പുളകമാണ്. അവരും കൂടിച്ചേർന്നതാണ് മനുഷ്യകുലം എന്ന തിരിച്ചറിവുണ്ടാകുന്നതിന് ട്രാൻസ്ജെൻഡേഴ്സിനായി ചില പ്രത്യേക പദ്ധതികൾ ഈ ബജറ്റിൽ ഉൾക്കൊള്ളിക്കുന്നു.

## സർഗ്ഗവസന്തം – ട്രാൻസ്ജെൻഡേഴ്സിനുള്ള അഭിനയ പരിശീലനം

സ്വന്തം വീടുകളിൽ നിന്നു പോലും പുറന്തള്ളപ്പെടുന്ന ട്രാൻസ്ജെൻഡേഴ്സ് സമൂഹത്തിന്റെ പുറമ്പോക്കിൽ തീർത്തും നിർഭാഗ്യകരമായ ജീവിതം നയിക്കുവാൻ വിധിക്കപ്പെടുന്നു. ഇവരിൽ പലരും സർഗ്ഗധനരാണ്. അഭിനയ രംഗത്ത് പ്രവേശിക്കുവാൻ തൽപരരായവർ ഇവരുടെ ഇടയിലുണ്ട്. ട്രാൻസ്ജെൻഡേഴ്സിന്റെ കലാവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് ഇഷ്ടമുള്ള തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമായി സ്കൂൾ ഓഫ് ഡ്രാമയുടേയും പ്രശസ്തരായ നാടക സിനിമാ പ്രവർത്തകരുടേയും സഹകരണത്തോടെ ട്രാൻസ്ജെൻഡേഴ്സിന് അഭിനയ പരിശീലനം നൽകി ഹ്രസ്വചിത്രം നിർമ്മിക്കുന്നതിനുള്ള നൂതനപദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## ട്രാൻസ്ജെൻഡേഴ്സിന് സ്വയംതൊഴിൽ

സർക്കാർ അംഗീകൃത നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ വഴിയും കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് വഴിയും ട്രാൻസ്ജെൻഡേഴ്സിന് അവരുടെ അഭിരുചിക്കിണങ്ങിയതും സ്വയംതൊഴിൽ നേടുന്നതിന് സഹായകവുമായ പരിശീലനം നൽകുന്നതിനും പരിശീലനം ലഭിച്ച മേഖലയിലുള്ള സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുമുള്ള പദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

# ആരോഗ്യ മേഖല

ആരോഗ്യ മേഖലയിൽ നാം കൈവരിച്ചിട്ടുള്ള പുരോഗതി അസൂയാവഹമാണ്. ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങളിൽ നമ്മുടെ സംസ്ഥാനം ലോക നിലവാരത്തിലേക്കുയർന്നിരിക്കുന്നു. കേരളത്തിന്റെ ഈ പെരുമക്ക് ചേരുന്ന വിധമുള്ള പ്രവർത്തനങ്ങളാണ് മുൻകാലങ്ങളിൽ നാം ഏറ്റെടുത്തിട്ടുള്ളത്. വൃക്കരോഗികൾക്ക് ഡയാലിസിസിനുള്ള സഹായം, അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള ചികിത്സാ ചെലവ് ഹീമോ ഫീലിയ ബാധിതരായ കുട്ടികൾക്കുള്ള ചികിത്സ തുടങ്ങിയ പദ്ധതികൾ സംസ്ഥാനത്ത് ആദ്യമായി ഏറ്റെടുത്തത് നമ്മുടെ ജില്ലാ പഞ്ചായത്താണ്. ഈ മാതൃക പിന്തുടർന്ന് ഇപ്പോൾ ഇത്തരം പദ്ധതികൾ സംസ്ഥാനമൊട്ടാകെ സർക്കാർ വ്യാപിപ്പിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ഈ വർഷവും ഒട്ടേറെ പദ്ധതികൾ ഏറ്റെടുക്കുകയാണ്.

## വിവിധ ചികിത്സാ സമ്പ്രദായങ്ങൾ ഒരു കുടക്കീഴിൽ

നമ്മുടെ നാട്ടിൽ അലോപ്പതിക്കൊപ്പം തന്നെ പ്രചാരം ആയുർവേദ ഹോമിയോ ചികിത്സാ സമ്പ്രദായങ്ങൾക്കുണ്ട്. ഈ മൂന്ന് ചികിത്സാ സൗകര്യങ്ങളും ഒരേ സ്ഥലത്ത് ലഭ്യമാക്കുന്ന ആരോഗ്യ കേന്ദ്രം തുടങ്ങുന്നതിന് ***50 ലക്ഷം രൂപ*** വകയിരുത്തുന്നു.

## ഏർലി ഇന്റർവെൻഷൻ

കുട്ടികളിലുണ്ടാവുന്ന വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ നൽകുന്നതിനുള്ള സംവിധാനമാണ് ഏർലി ഇന്റർവെൻഷൻ സെന്റർ. ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ***20 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

## <u>കാൻസർ, വൃക്കരോഗ കാരണങ്ങളെ കുറിച്ചുള്ള പഠനം</u>

എറണാകുളം ജില്ലയിൽ വൃക്കരോഗികളുടേയും അർബുദരോഗികളുടേയും എണ്ണം വളരെ വേഗം പെരുകുകയാണ്. ഇത്തരം രോഗങ്ങൾക്ക് അടിമപ്പെടുന്നവരുടെ എണ്ണത്തിൽ അനുദിനമുണ്ടാകുന്ന വർദ്ധന അമ്പരപ്പിക്കുന്നതാണ്. ജിവിതശൈലിയിൽ വന്ന മാറ്റം, ജങ്ക്ഫുഡ്, മായം കലർന്ന ഭക്ഷണവും വെള്ളവും, അന്തരീക്ഷ മലിനീകരണം, മാനസിക സംഘർഷം, തുടങ്ങി ഒട്ടേറെ കാരണങ്ങൾ പറയപ്പെടുന്നുവെങ്കിലും ഇതേപ്പറ്റി കൃത്യമായ പഠനങ്ങൾ ഉണ്ടായിട്ടില്ല. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുക എന്നതാണ് പ്രധാനം. ജില്ലയിലെ വിവിധ കോളേജുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, നാഷണൽ സർവീസ് സ്കീം എന്നിവയുടെ സഹകരണത്തോടെ കാൻസർ, വൃക്കരോഗം, മുതലായ അസുഖങ്ങൾ എറണാകുളം ജില്ലയിൽ വർദ്ധിച്ചു വരുന്നതിനെപ്പറ്റി പഠനം നടത്തുന്നതിന് ***2 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

**കാൻസർ മുക്ത എറണാകുളം ജില്ല** എന്ന പദ്ധതിക്കായി ***10 ലക്ഷം രൂപ*** വകയിരുത്തുന്നു

## <u>തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനിയിൽ സമഗ്ര ആരോഗ്യ പരിരക്ഷ</u>

കടുത്ത ദാരിദ്ര്യവും സാമൂഹിക പിന്നോക്കാവസ്ഥയും നേരിടുന്നവരാണ് ആദിവാസി സമൂഹം. അജ്ഞത മൂലവും ആരോഗ്യ സംവിധാനങ്ങളുടേയും യാത്രാ സൗകര്യങ്ങളുടേയും അപര്യാപ്തത മൂലവും ആദിവാസി ഊരുകളിൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നില്ല. പലരും ഈ കാലത്തും മന്ത്രവാദം പോലുള്ള പ്രാകൃത രീതികളെയാണ് രോഗമുക്തിക്കായി ആശ്രയിക്കുന്നത്. ജില്ലയിൽ മികച്ച നിലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ പിന്തുണയോടെ ആദിവാസി ഊരുകളിൽ സമ്പൂർണ്ണ ആരോഗ്യ പരിശോധന നടത്തി, ആരോഗ്യ വിവരങ്ങൾ ക്യു ആർ കോഡ് ചെയ്ത് സ്മാർട്ട് കാർഡ് നൽകുകയും ചികിത്സയും മരുന്നും ആവശ്യമുള്ളവർക്ക് അത് ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു. ഈ പദ്ധതി വഴി നൽകുന്ന ഹെൽത്ത് സ്മാർട്ട് കാർഡിലെ ക്യുആർ കോഡ് സ്കാൻ ചെയ്ത് ഇന്ത്യയിലെ

ഏതൊരു ആശുപത്രിയിലും മറ്റ് പരിശോധനകളോ കേസ് ഷീറ്റോ കൂടാതെ തന്നെ ഒരാളുടെ രോഗവിവരങ്ങൾ മനസിലാക്കാനും ചികിത്സ നൽകുവാനും സാധിക്കും.

## ഉണ്ണിക്കൊരു മുത്തം

സംസ്ഥാനത്ത് പല ഭാഗത്തും ആദിവാസി ഊരുകളിൽ നിന്നും ഈയിടെയായി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ദാരിദ്ര്യം, ഗർഭാവസ്ഥയിൽ ആവശ്യമായ പോഷകാഹാരങ്ങളുടെ കുറവ്, പ്രാകൃതമായ പ്രസവ ശുശ്രൂഷകൾ, പ്രായപൂർത്തി എത്തുന്നതിനു മുൻപുള്ള ഗർഭധാരണം എന്നിവയെല്ലാം ഈ ശിശുമരണങ്ങൾക്ക് കാരണമാകുന്നു. നമ്മുടെ ജില്ലയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആദിവാസി സ്ത്രീകൾക്ക് ഗർഭാവസ്ഥയിൽ പോഷകം നിറഞ്ഞ ആഹാരവും മേന്മയേറിയ പ്രസവ ചികിത്സയും പ്രസവ ശുശ്രൂഷയും മെച്ചപ്പെട്ട ഗാർഹികാന്തരീക്ഷവും ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് ***10 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## മാതൃവന്ദനം – ഗർഭിണികൾക്കായുള്ള ആയുർവേദ ചികിത്സാ പദ്ധതി

ഗർഭകാലത്തും, പ്രസവാനന്തരവും ആവശ്യമായ പ്രത്യേക ചികിത്സയും മരുന്നും ആയുർവേദത്തിൽ ലഭ്യമാണ്. പണ്ടു മുതലേ നമ്മുടെ നാട്ടിൽ പ്രസവാനന്തര ശുശ്രൂഷകൾക്ക് കൂടുതലാളുകളും തെരഞ്ഞെടുക്കുന്നത് ആയുർവേദ ചികിത്സയാണ്. ഗർഭകാലത്തിന്റെ ആരംഭ ഘട്ടം മുതൽ പ്രസവാനന്തരം 40 ദിവസം വരെ അമ്മയ്ക്കും കുഞ്ഞിനും ആരോഗ്യരക്ഷ ഉറപ്പാക്കുന്നതിന് ആയുർവേദ ചികിത്സയും പരിചരണവും നൽകുന്ന മാതൃവന്ദനം പദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

സാന്ത്വന പരിചരണത്തിന് (പാലിയേറ്റീവ് കെയർ) ***50 ലക്ഷം രൂപ*** വകയിരുത്തിക്കുന്നു.

അലോപ്പതി ആശുപത്രി, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി, എന്നിവിടങ്ങളിൽ മരുന്നു വാങ്ങുന്നതിന് ***2 കോടി രൂപ*** നീക്കി വെയ്ക്കുന്നു.

ആശുപത്രികളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ***20 ലക്ഷം രൂപ*** നീക്കി വെയ്ക്കുന്നു.

ആശുപത്രികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ***1 കോടി രൂപ*** നീക്കി വയ്ക്കുന്നു.

## ഹീമോഫീലിയ രോഗികൾക്ക് ചികിത്സ

നാം ഏറ്റെടുത്ത് നടപ്പാക്കിയ മാതൃകാ പദ്ധതിയാണ് ഹീമോഫീലയ രോഗബാധിതരായ കുട്ടികൾക്കായുള്ള ചികിത്സാ സഹായം. ഇത് ഈ രോഗം മൂലം വിഷമതയിലായ ഒട്ടേറെ പേർക്ക് ആശ്വാസം പ്രദാനം ചെയ്തു. ഈ പദ്ധതി തുടരുന്നതോടൊപ്പം മുതിർന്നവർക്കു കൂടി ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധം പദ്ധതി വിപുലീകരിക്കുകയും ചെയ്യുകയാണ്. ഈ പദ്ധതികൾക്കായി ***70 ലക്ഷം രൂപ*** വകയിരുത്തുന്നു.

## അതിജീവനം – കോവിഡാനന്തര ചികിത്സ

കോവിഡ് രോഗ ബാധിതരായ ഭൂരിപക്ഷം പേർക്കും അതിന്റെ പാർശ്വഫലമെന്ന നിലയിൽ മറ്റ് പലവിധ അസുഖങ്ങളും ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. രക്താതിസമ്മർദ്ദം, തളർച്ച, വിട്ടുമാറാത്ത ശരീരവേദന, തലവേദന, കൈകാലുകൾക്ക് ബലക്കുറവ്, തുടങ്ങി പലവിധ അസ്വസ്ഥതകളും ഉണ്ടാകുന്നു. ചിലർക്ക് പെട്ടെന്നുള്ള മരണവും സംഭവിക്കുന്നു. കോഡിഡാനന്തരമുണ്ടായേക്കാവുന്ന ഇത്തരം രോഗങ്ങൾ കണ്ടെത്തുന്നതിന് ഇപ്പോൾ ചില ടെസ്റ്റുകൾ നിലവിലുണ്ട്. കോവിഡ് രോഗത്തിൽ നിന്ന് മുക്തി നേടിയവർക്ക് പോസ്റ്റ് കോവിഡ് ടെസ്റ്റ് നടത്തി ആവശ്യമായ ചികിത്സ നടത്തുന്നു. പദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

ഡയാലിസിസിനുള്ള സഹായ പദ്ധതിക്ക് ***4 കോടി രൂപയും*** അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് മരുന്നു നൽകുന്ന പദ്ധതിക്ക് ***35 ലക്ഷം രൂപയും*** മാറ്റി വയ്ക്കുന്നു.

## ജനനി– വന്ധ്യതാ നിവാരണം

വന്ധ്യതയ്ക്ക് ചികിത്സ തേടുന്നവരുടെ എണ്ണം കൂടി വരികയാണ്. ഭാരിച്ച ചെലവ് വരുന്ന ഈ ചികിത്സ തുടരുന്നതിന് പലയാളുകൾക്കും കഴിയാത്തതിനാൽ ഒരു കുഞ്ഞ് എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ പലർക്കും കഴിയുന്നില്ല. ഹോമിയോപ്പതിയിൽ വന്ധ്യതയ്ക്ക് ഫലപ്രദവും ചെലവ് കുറഞ്ഞതുമായ ചികിത്സ ലഭ്യമാണ്. ഈ ചികിത്സ ആവശ്യക്കാരായ എല്ലാവർക്കും മികച്ച രീതിയിൽ ലഭ്യമാക്കുന്നതിന് ജില്ലാ ഹോമിയോ ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഇൻഫെർട്ടിലിറ്റി ക്ളിനിക് സ്ഥാപിക്കുന്നതിന് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

എച്ച്.ഐ.വി. ബാധിതർക്കുളള പോഷകാഹാര വിതരണത്തിന് ***40 ലക്ഷം രൂപ*** നൽകുന്നു.

# പാർപ്പിടം

"മൂന്ന് മുറികളുള്ളൊരു വീട് വേണം
ഒന്നിലെൻ സന്തോഷങ്ങളെ താരാട്ട് പാടണം
ഒന്നിലെൻ വാക്കുകളെ പ്രസവിക്കണം
ഒന്നിലെൻ വേദനകളെ ക്വാറന്റൈൻ ചെയ്യണം"

ചെറുതെങ്കിലും സുരക്ഷിതമായൊരു ഭവനം ഓരോ മനുഷ്യന്റേയും സ്വപ്നമാണ്. മനുഷ്യർക്കു മാത്രമല്ല സർവ്വ ജീവജാലങ്ങൾക്കും അവരുടേതായ വീടുകളുണ്ട്. തലചായ്ക്കാനൊരിടമില്ലാത്ത അനേകായിരങ്ങൾ ഇന്നും നമ്മുടെ ഇടയിലുണ്ട്. വീടില്ലാത്ത മുഴുവനാളുകൾക്കും വീട് നിർമ്മിച്ചു നൽകുന്ന ലൈഫ് ഭവന പദ്ധതിക്കായി പുതിയ സർവ്വേ പൂർത്തീകരിച്ച് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്ന പ്രക്രിയ സംസ്ഥാനത്ത് നടക്കുകയാണ്. നിലവിലുള്ള ലൈഫ് പദ്ധതിയിൽത്തന്നെ മുഴുവൻ ഗുണഭോക്താക്കൾക്കും സഹായം ലഭിച്ചു കഴിഞ്ഞിട്ടില്ല. പാവപ്പെട്ടവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന്റെ വിഹിതമായി ***11 കോടി രൂപ*** മാറ്റി വെയ്ക്കുന്നു.

## ഗേഹം – അങ്കമാലിയിൽ ഭവന സമുച്ചയം

ലൈഫ് ഭവനപദ്ധതിയോട് ചേർന്ന് സ്വന്തം നിലയിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതിയാണ് അങ്കമാലിയിലെ ഭവന സമുച്ചയം. കഴിഞ്ഞ വർഷം ഇതിന്റെ നിർമ്മാണം ആരംഭിക്കുവാൻ പദ്ധതി ഇട്ടിരുന്നുവെങ്കിലും സ്ഥലം ലഭിക്കുന്നതിൽ വന്ന കാലതാമസം മൂലം അത് സാഫല്യമായില്ല. ഇപ്പോൾ സ്വകാര്യ വ്യക്തിയിൽ നിന്നും സ്ഥലം ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയിട്ടുണ്ട്. ഇപ്രകാരം ലഭിച്ചിരിക്കുന്ന 30 സെന്റ് സ്ഥലത്ത് ഭവനരഹിതർക്ക് പാർപ്പിട സമുച്ചയം പണിയുന്നതിന് ***5 കോടി രൂപ*** നീക്കി വെയ്ക്കുന്നു.

# ശുചിത്വം

# മാലിന്യ നിർമ്മാർജ്ജനം

നമ്മുടെ നാട് ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യമാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ മൂക്കുപൊത്താതെ നടക്കാൻ പറ്റാത്ത അവസ്ഥയാണ്. തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യ കൂമ്പാരമാണ്. മാലിന്യ സംസ്കരണത്തിന് ഒട്ടേറെ കർമ്മപദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും വൃത്തിയുള്ള കേരളം ഇന്നും സ്വപ്നമായി അവശേഷിക്കുകയാണ്. ജൈവമാലിന്യ സംസ്കരണത്തിന് മരട് മാർക്കറ്റിൽ ആരംഭിക്കുന്ന വളം നിർമ്മാണ യൂണിറ്റ് നല്ലൊരു തുടക്കമാണ്. ഇതിന്റെ തുടർച്ചയായി ചെറുതും വലുതുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഈ ബജറ്റ് മുന്തിയ പരിഗണന നൽകുന്നു.

## ആധുനിക സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ്

മാലിന്യങ്ങളിൽത്തന്നെ കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളില്ലാത്തത് ഏറെ തലവേദന സൃഷ്ടിക്കുന്നതാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഫ്ളാറ്റുകളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങൾ ടാങ്കറുകളിൽ ശേഖരിക്കുന്ന മാലിന്യം ആളൊഴിഞ്ഞ പറമ്പുകളിലും വഴിയോരങ്ങളിലും തള്ളുകയാണ്. ഇത് ആരോഗ്യത്തിന് സൃഷ്ടിക്കുന്ന ഭീഷണി ചെറുതല്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ആധുനിക സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിന് ***1 കോടി രൂപ*** വകയിരുത്തുന്നു.

## ആധുനിക അറവുശാല

മാംസാഹാരം ഇഷ്ടപ്പെടുന്നവരാണ് കേരളീയരിൽ ഭൂരിഭാഗവും. ധാരാളം ഇറച്ചിക്കടകൾ ഉണ്ടെങ്കിലും ആധുനിക രീതിയിലുള്ള അറവുശാലകൾ ഒന്നും നിലവിലില്ല. പ്രാകൃതമായ രീതിയിൽ മാടുകളെ അറവ് ചെയ്താണ് മാംസം വിൽപനക്കെത്തുന്നത്. വൃത്തിഹീനമായ ചുറ്റുപാടുകളിൽ നടത്തുന്ന അറവ്

പലവിധ രോഗങ്ങൾ പരത്തുന്നതിനും കാരണമാകുന്നു. മാംസം വിൽക്കണമെങ്കിൽ വെറ്റിനറി ഡോക്ടറുടെ സാക്ഷ്യപത്രം ആവശ്യമാണെങ്കിലും അനധികൃതമായി അറവ് നടക്കുന്നതിനാൽ അതൊന്നും സാധ്യമാകുന്നില്ല. മാത്രമല്ല കന്നുകാലികൾക്ക് ഏറ്റവും വേദനാജനകമായ അന്ത്യമാണ് ഇത് സമ്മാനിക്കുന്നത്. ഉപഭോക്താക്കൾക്ക് ഏറ്റവും ശുദ്ധമായ മാംസം അധികാരികളുടെ സാക്ഷ്യപത്രത്തോടെ ലഭ്യമാക്കും വിധം ശാസ്ത്രീയമായ രീതിയിൽ അറവ് നടത്തുന്ന ആധുനിക അറവ്ശാല സ്ഥാപിക്കുന്നതിനും അറവ് മാലിന്യം അവിടെത്തന്നെ സംസ്കരിക്കുന്നതിനുമുള്ള പദ്ധതിക്കായി ***1 കോടി രൂപ*** നീക്കി വെയ്ക്കുന്നു.

## മംഗളം – മാലിന്യമുക്തം

നമ്മുടെ നാട്ടിലെ വിവാഹം മുതലായ മംഗള കർമ്മങ്ങളും പൊതുപരിപാടികളും വലിയ അളവിൽ മാലിന്യം സൃഷ്ടിക്കുന്നതിന് കാരണമാകുന്നുണ്ട്. എല്ലാ പൊതുപരിപാടികളും ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ച് നടത്തുന്നതിനുള്ള ബഹുമുഖപദ്ധതി പ്രഖ്യാപിക്കുന്നു.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാന നിർമ്മാണത്തിനുള്ള പദ്ധതിക്കായി ***3 കോടി രൂപ*** വകയിരുത്തുന്നു.

## ബോധവത്കരണം

എല്ലാ പൊതുപരിപാടികളും മംഗളകർമ്മങ്ങളും ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് നടത്തുന്നതിന് ആവശ്യമായ ബോധവത്കരണ പരിപാടികൾക്ക് ***2 ലക്ഷം രൂപ*** മാറ്റി വെക്കുന്നു. പരിപാടികളിൽ ഹരിതപെരുമാറ്റച്ചട്ടം പാലിക്കണമെങ്കിൽ പേപ്പർ പ്ളേറ്റുകൾ, ഗ്ലാസുകൾ, മേശവിരികൾ എന്നിവയുടെ ഉപയോഗം ഉപേക്ഷിക്കേണ്ടതുണ്ട്. ഇവയുടെ ഉപയോഗം നിർത്തണമെങ്കിൽ അതിന് പകരം സംവിധാനം വേണം. ഇതിനായി 2 പദ്ധതികൾ നിർദ്ദേശിക്കുന്നു.

TAXI HOUSE

വിവാഹം പോലുള്ള മംഗള കർമ്മങ്ങൾക്കും പൊതുപരിപാടികൾക്കും ഉപയോഗിക്കുന്നതിനായി പുനരുപയോഗ സാധ്യതയുള്ള സെറാമിക്, പള്സ്റ്റിക്, സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ഗ്ലാസ് ടംബ്ളറുകൾ, ടേബിൾ ക്ളോത്ത് പ്രകൃതി സൗഹൃദ അലങ്കാര വസ്തുക്കൾ, വിവാഹത്തിന്, പ്രത്യേകിച്ച് ക്രിസ്ത്യൻ മുസ്ളീം വിവാഹങ്ങൾക്ക് ആവശ്യമായ ഗൗണുകൾ, പാർട്ടിവെയറുകൾ എന്നിവ വാടകയ്ക്ക് നൽകുന്ന വനിതകളുടെ സംരംഭങ്ങൾക്ക് സഹായം നൽകുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

പ്രകൃതിസൗഹൃദ പാത്രങ്ങളുടെ നിർമ്മാണം

പേപ്പർ പ്ളേറ്റ്, ഗ്ളാസ്, എന്നിവയ്ക്ക് പകരം ഉപയോഗിക്കുവാൻ കഴിയുന്ന വിവിധതരം പാത്രങ്ങൾ നിർമ്മിക്കുന്ന സംരംഭത്തിന് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

കുടിവെള്ളം

വായു പോലെ തന്നെ മനുഷ്യന്റെ നിലനിൽപ്പിന് ആവശ്യമുള്ള ഒന്നാണ് കുടിവെള്ളം. എറണാകുളം ജില്ലയിലെ പല മേഖലകളും കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കായി ***7 കോടി രൂപ*** വകയിരുത്തുന്നു.

# കലാ – കായികം – യുവജനക്ഷേമം

സംസ്കാരസമ്പന്നമായ ഒരു പൈതൃകം നമുക്കുണ്ട്. ലോകപ്രശസ്തരായ അനേകം കലാകാരൻമാരേയും കായിക പ്രതിഭകളേയും സംഭാവന ചെയ്ത നാടാണിത്. ഏറ്റവുമൊടുവിൽ നമ്മുടെ സ്വന്തം ഒളിമ്പ്യൻ ഖേൽരത്ന ശ്രീജേഷിന് നാം നൽകിയ സ്വീകരണം എന്റെ ഓർമ്മയിൽ തെളിയുകയാണ്. പ്രതിഭാശാലികളായ ധാരാളം കുട്ടികളും ചെറുപ്പക്കാരും ഈ ജില്ലയിലുണ്ട്. അവർക്ക് പരിശീലനത്തിനാവശ്യമായ സൗകര്യങ്ങളും കഴിവ് പ്രകടിപ്പിക്കുന്നതിനുള്ള വേദികളും ചിട്ടയായ പരിശീലനവും നൽകുവാൻ കഴിഞ്ഞാൽ ലോകോത്തര നിലവാരത്തിനുള്ള താരങ്ങളെ നമുക്ക് സൃഷ്ടിക്കുവാൻ കഴിയും. ഇതിന് സഹായകമാകുന്ന പദ്ധതികളും ഈ ബജറ്റിൽ ചേർക്കുന്നു.

## വിവിധോദ്ദേശ സിന്തറ്റിക് കോർട്ട്

നല്ല കളിക്കാരുണ്ടാകണമെങ്കിൽ മികച്ച കളിസ്ഥലങ്ങൾ ഉണ്ടാവേണ്ടതുണ്ട്. കായിക താരങ്ങൾക്ക് പരിശീലനം നടത്തുവാനും, വിവിധ മത്സരങ്ങൾക്ക് വേദിയാകുവാനും കഴിയുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ***50 ലക്ഷം രൂപ*** മാറ്റി വയ്ക്കുന്നു.

## നാടകശാല – കുട്ടികളുടെ ഡ്രാമാക്ളബ്

അഭിനയ കലയിൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് സ്കൂൾ ഓഫ് ഡ്രാമയുടെ സഹകരണത്തോടെ ചിട്ടയായ പരിശീലനം നൽകി, കുട്ടികൾ തന്നെ രചനയും സംവിധാനവും നിർവഹിക്കുന്ന നാടകം അരങ്ങേറുന്ന പദ്ധതിക്ക് ***2 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## ചിത്രശാല

ചിത്രകലയിൽ താൽപര്യമുള്ള ആളുകളുടെ എണ്ണം ഒട്ടും കുറവല്ല. പക്ഷേ അവരിൽ പലർക്കും തങ്ങളുടെ ചിത്രം പ്രദർശിപ്പിക്കുന്നതിനുള്ള അവസരം

ലഭിക്കുന്നില്ല. ഇത്തരം ആളുകൾക്കായി ഒരാഴ്ച നീളുന്ന ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് ***2 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## എറണാകുളം ഫുട്ബോൾ ലീഗും (ഇ.എഫ്.എൽ) എറണാകുളം ക്രിക്കറ്റ് ലീഗും (ഇ.സി.എൽ)

ഐ.എസ്.എൽ മോഡലിൽ ഫുട്ബോൾ ലീഗും ക്രിക്കറ്റ് ലീഗും സംഘടിപ്പിക്കുന്ന ശ്രദ്ധേയമായ പദ്ധതി പ്രഖ്യാപിക്കുന്നു. ജില്ലാ ഫുട്ബോൾ ഫെഡറേഷൻ, ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ, നെഹ്റു യുവകേന്ദ്ര, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെ ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ 18 വയസ്സിന് താഴെയുള്ളവർക്കായിരിക്കും ക്ളബടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന മത്സരങ്ങൾ ഗ്രാമ, ബ്ളോക്ക്, ജില്ല എന്നീ മൂന്ന് തലങ്ങളിലാണ് നടക്കുക. ഓരോ തലത്തിലും വിജയികളാകുന്നവർ അടുത്ത തലത്തിലേക്ക് യോഗ്യത നേടും. ജില്ലാതലത്തിൽ നടക്കുന്ന മത്സരത്തിലെ വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും നൽകും. വിവിധ തലങ്ങളിൽ മത്സരത്തിൽ പങ്കെടുക്കുന്നവരിൽ നിന്ന് ഏറ്റവും പ്രതിഭയുള്ളവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ജില്ലാ ഫുട്ബോൾ, ക്രിക്കറ്റ് ടീമുകൾ ഉണ്ടാക്കുന്നു. അവർ വിവിധ മത്സരങ്ങളിൽ ജില്ലാ പഞ്ചായത്തിനെ പ്രതിനിധീകരിക്കും. ഈ പദ്ധതിക്ക് ***5 ലക്ഷം രൂപ*** വകയിരുത്തുന്നു.

## പട്ടികവർഗ്ഗ യുവാക്കൾക്ക് അമ്പെയ്ത്ത് പരിശീലനം

18 വയസ്സിൽ താഴെയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് അമ്പെയ്ത്തിൽ പരിശീലനം നൽകുന്നതിനായി ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## സ്പോർട്ട്സ് കിറ്റ് വിതരണം

ജില്ലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന യുവജന സ്പോർട്ട്സ് ക്ളബുകൾക്ക് സ്പോർട്ട് ഉപകരണങ്ങൾ നൽകുന്ന പദ്ധതിക്ക് ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## വായനാമുറി – ലൈബ്രറികളും വായനശാലകളും

ലൈബ്രറികളുടേയും വായനശാലകളുടേയും നവീകരണം, ലൈബ്രറികൾക്ക് ഉപകരണം നൽകൽ, ലൈബ്രറികൾക്ക് പുസ്തകം നൽകൽ, ലൈബ്രറി ഡിജിറ്റലൈസേഷൻ എന്നിവയ്ക്കായി ***30 ലക്ഷം രൂപ*** വകയിരുത്തുന്നു.

# പട്ടികജാതി വികസനം

"അവശന്മാരാർത്തൻമാരാലംബഹീനന്മാ–
രവരുടെ സങ്കടമാരറിയാൻ
അവരർദ്ധനഗ്നന്മാരാതപന്മാരാ
രവരുടെ പട്ടിണി എന്നു തീരാൻ
അവരാർദ്രചിത്തന്മാരപഹാസപാത്രങ്ങ
ളവരുടെ ദുരിതങ്ങളെങ്ങൊടുങ്ങാൻ
ഇടതിങ്ങി നിറയുന്നു നിയമങ്ങൾ നീതി
കളിടമില്ലവർക്കൊന്നു കാലുകുത്താൻ"

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിനെ പ്രത്യേക പരിഗണന നൽകി ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. തൊട്ടുകൂടായ്മയുടേയും അടിച്ചമർത്തലിന്റെയും ഒരു ഭൂതകാല സ്മൃതിയുടെ നുകത്തിൽ നിന്നും അവരെ മോചിപ്പിക്കേണ്ടതുണ്ട്. അതിനനുസൃതമായ പദ്ധതികളാണ് അവർക്കു വേണ്ടി വിഭാവനം ചെയ്യുന്നത്.

## പട്ടികജാതി യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനവും തൊഴിൽ സംരംഭവും

പട്ടികജാതി യുവാക്കൾക്ക് പ്രത്യേക ട്രേഡുകളിൽ പരിശീലനം നൽകി സ്വയംതൊഴിൽ സംരംഭം നൽകുന്ന പദ്ധതിക്കായി ***20 ലക്ഷം രൂപ*** വകയിരുത്തുന്നു.

## പട്ടികജാതി യുവാക്കൾക്ക് വിദേശ തൊഴിലിന് സഹായം

പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് 1 ലക്ഷം രൂപ വീതം നൽകുന്നതിന് ***20 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

## <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>

ഉന്നതപഠനം തേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ***3 കോടി രൂപ*** നീക്കി വയ്ക്കുന്നു.

## <u>കോളനി സമഗ്ര വികസനം</u>

പട്ടികജാതി കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ***3 കോടി രൂപ*** നീക്കി വയ്ക്കുന്നു.

# പട്ടികവർഗ്ഗ വികസനം

അനേകം ക്ഷേമ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ മേഖലയിൽ നടപ്പാക്കുന്നുണ്ടെങ്കിലും ഇന്നും അവരുടെ ജീവിത സാഹചര്യത്തിൽ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി ജില്ലാ പഞ്ചായത്തും ധാരാളം പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്.

## കവർ & കെയർ – പട്ടികവർഗ്ഗ സ്ത്രീകളുടെ ശാക്തീകരണ പദ്ധതി

പട്ടികവർഗ്ഗ സ്ത്രീകളിൽ പോഷണകുറവും മാനസിക പിരിമുറുക്കവും വിഷാദവും കൂടുതലായി കണ്ടു വരുന്നു. അവർക്ക് സ്ഥിരം വരുമാനവും സാമൂഹിക ഇടപെടലിനുള്ള അവസരവും ഉണ്ടായാൽ ഒരു പരിധി വരെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. ഇതോടൊപ്പം കൃത്യമായ ആരോഗ്യപരിരക്ഷയും ചികിത്സയും നൽകാൻ കഴിഞ്ഞാൽ ആദിവാസി സ്ത്രീകളുടെ ശാക്തീകരണം സാധ്യമാകും. ജില്ലയിലെ ഹോമിയോ ആശുപത്രികളിൽ മാത്രം മരുന്ന് പാക്ക് ചെയ്തു നൽകുന്നതിനായി 10 ലക്ഷം പേപ്പർ കവറുകൾ ആവശ്യമുണ്ട്. ഈ കവറുകൾ ഉണ്ടാക്കുന്നതിന് കാര്യമായ ചെലവോ അധ്വാനമോ ആവശ്യമില്ല. ഈ കവറുകൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം ആദിവാസി സ്ത്രീകൾക്ക് നൽകി അവരുടെ കുടികളിൽത്തന്നെ അവ നിർമ്മിക്കുന്നത് വഴി നിശ്ചിതമായ വരുമാനം ഉറപ്പാക്കാൻ കഴിയും. ജില്ലാ ഹോമിയോ ആശുപത്രിയിൽ നിന്നു മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ മാസത്തിലൊരിക്കൽ ആദിവാസി ഊരുകളിലെത്തി ആരോഗ്യപരിശോധന നടത്തി ആവശ്യമായ ചികിത്സയും മരുന്നും നൽകുന്നു. അടിയന്തര ചികിത്സയോ വിദഗ്ദ്ധ ചികിത്സയോ ആവശ്യം വരുന്ന സന്ദർഭങ്ങളിൽ അനുയോജ്യമായ ആശുപത്രികളിലേക്ക് റഫർ ചെയ്ത് അവിടെ ചികിത്സ ഉറപ്പാക്കുന്നു. ഈ സന്ദർശന വേളയിൽ പേപ്പർ കവർ നിർമ്മാണത്തിനാവശ്യമായ പേപ്പറും പശയും എത്തിച്ചു നൽകുകയും തിരികെ പോകുമ്പോൾ ഉണ്ടാക്കി വെച്ചിരിക്കുന്ന പേപ്പർ കവറുകൾ അതിന്റെ വില നൽകി കൊണ്ടു പോവുകയും ചെയ്യുന്നു. ആദിവാസി സ്ത്രീകളുടെ ആരോഗ്യവും സുസ്ഥിതിയും ഉറപ്പാക്കുന്ന നൂതനപദ്ധതിക്കായി ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

## എൻ താവ് – ആദിവാസി ഹെറിറ്റേജ് ഗ്രാമം

കഴിഞ്ഞ ബജറ്റിൽ ഏറെ പ്രതീക്ഷയോടെ പ്രഖ്യാപിച്ച 'എൻതാവ്' പദ്ധതി വനം വകുപ്പിൽ നിന്നുള്ള അനുമതിക്ക് കാലതാമസം വന്നതിനാൽ ആരംഭിക്കുവാൻ കഴിഞ്ഞില്ല. ആദിവാസി സമൂഹത്തിന്റെ ശ്രേയസ്സിന് ഏറെ സഹായകമാകുന്ന ഈ പദ്ധതിക്കായി പന്തപ്ര കോളനിയിൽ ആദിവാസികളുടെ പൊതു ഉപയോഗത്തിന് നൽകിയിട്ടുള്ള ഭൂമി വിട്ടുനൽകിയിട്ടുണ്ട്. ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനുമായുള്ള കേന്ദ്രം, ആദിവാസികൾ ഉണ്ടാക്കുന്ന തനതു വിഭവങ്ങൾ നൽകുന്ന ഭക്ഷണശാല, ആദിവാസി പഠനകേന്ദ്രം, ആദിവാസികൾ ഉണ്ടാക്കുന്ന കരകൗശല വസ്തുക്കൾ, അടുക്കള ഉപകരണങ്ങൾ, എന്നിവ വിൽക്കുന്ന വിപണന കേന്ദ്രം, ആദിവാസികൾ ഉപയോഗിക്കുന്ന കാർഷികോപകരണങ്ങൾ, വാദ്യോപകരണങ്ങൾ, എന്നിവ പ്രദർശിപ്പിക്കുന്ന മ്യൂസിയം, ആദിവാസി കലാരൂപങ്ങൾ അവതരിപ്പിക്കുന്ന സ്ഥിരം വേദി എന്നിവയാണ് എൻതാവിൽ സജ്ജീകരിക്കുന്നത്. ഇതെല്ലാം ആസ്വദിക്കുന്നതിനായി എത്തുന്ന ടൂറിസ്റ്റുകൾക്ക് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള പരിശീലനം ആദിവാസി യുവജനങ്ങൾക്ക് നൽകി അവരെ ഗൈഡുകളായി നിയോഗിക്കുന്നു. ഈ പദ്ധതിക്ക് ***20 ലക്ഷം രൂപ*** വകയിരുത്തുന്നു.

# ദുരന്തനിവാരണവും പരിസ്ഥിതി സംരക്ഷണവും

"നഷ്ടമായത് എനിക്കല്ലേ കാലമേ
ഇഷ്ടമായിരുന്ന എൻ പ്രിയ ജീവിതം
ഉറ്റവർ പോയെന്റെ വാസഗൃഹം പോയി
ഒറ്റയായ് ഈ മണ്ണിൽ ശേഷകാലം ഞാനും
നിന്നിടം പോലുമേ സ്വന്തമല്ലാതായ്
എന്തിനീ ദുർവിധി എന്നെ ചതിച്ചു പോയ്"

സുഖകരമായ കാലാവസ്ഥ കൊണ്ട് അനുഗ്രഹീതമായ കേരളത്തിൽ പ്രകൃതിദുരന്തങ്ങൾ അപൂർവമായി മാത്രമാണ് സംഭവിച്ചിരുന്നത്. എന്നാൽ കുറച്ചു വർഷങ്ങളായി പ്രകൃതി ദുരന്തങ്ങൾ ഇവിടെ ഒന്നിന്നു പുറകേ ഒന്നായി അരങ്ങേറുകയാണ്. ചുഴലിക്കാറ്റും പ്രളയവും ആവർത്തിക്കുന്നതിനാണ് സാധ്യത എന്ന് വിദഗ്ദ്ധർ പറയുന്നു.

## ദുരന്തനിവാരണത്തിന് രക്ഷാ സേന

അപകടവേളയിൽ രക്ഷാപ്രവർത്തനങ്ങൾ എത്രയും വേഗം നടത്തുക എന്നതാണ് ദുരന്തത്തിന്റെ ആഘാതം കുറക്കുന്നതിനുള്ള മാർഗ്ഗം. ഇതിന് പരിശീലനം ലഭിച്ച ആളുകളെ തയ്യാറാക്കി നിർത്തേണ്ടതുണ്ട്. അഗ്നിശമനസേനയുടേയും ദുരന്തനിവാരണ അതോറിറ്റിയുടേയും സഹകരണത്തോടെ ഓരോ ബ്ളോക്കിലും 50 വീതം യുവാക്കൾക്ക് പരിശീലനം നൽകി രക്ഷാസേന രൂപീകരിക്കുന്നതിനും അവർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനുമായി ***20 ലക്ഷം രൂപ*** നീക്കി വയ്ക്കുന്നു.

<u>ബയോ ഡൈവേഴ്സിറ്റി പാർക്ക്</u>

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ബയോ ഡൈവേഴ്സിറ്റി പാർക്ക് കുവപ്പടി ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അന്യം നിന്നു പോകുന്ന അപൂർവ്വ സസ്യങ്ങളേയും ജീവജാലങ്ങളേയും വരും തലമുറക്കായി കാത്തു സൂക്ഷിക്കുന്ന ഈ പദ്ധതി മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് ***20 ലക്ഷം രൂപ*** വകയിരുത്തുന്നു.

# സദ്ഭരണം

സർക്കാരിന്റെയോ വകുപ്പുകളുടേയോ ത്രിതല പഞ്ചായത്തുകളുടേയോ ക്ഷേമ പദ്ധതികളും വികസന പരിപാടികളും ജനങ്ങളിലേക്ക് പൂർണ്ണമായും എത്തണമെങ്കിൽ സുതാര്യവും അഴിമതിരഹിതവുമായ ഭരണ നിർവഹണം സാധ്യമാകേണ്ടതാണ്. ഉത്തരവാദിത്വത്തോടും സേവന മനോഭാവത്തോടും കൂടി തങ്ങളുടെ ജോലി നിർവഹിക്കുന്ന ഉദ്യോഗസ്ഥരാണ് സദ്ഭരണത്തിന്റെ കാതൽ. ഭരണകർത്താക്കൾക്ക് ജനോന്മുഖമായ പരിപാടികൾ നടപ്പാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നതിനും അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് ***50 ലക്ഷം രൂപയും*** കമ്പ്യൂട്ടർവത്കരണത്തിന് ***30 ലക്ഷം രൂപയും*** ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിന് ***20 ലക്ഷം രൂപ***യും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ***2 കോടി രൂപയും*** പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ***1 കോടി*** രൂപയും വകയിരുത്തുന്നു.

## മിനി ഓഡിറ്റോറിയം

പ്രിയദർശിനി ഓഡിറ്റോറിയം പുതുക്കി പണിത് എയർ കണ്ടീഷൻഡ് ആക്കുന്നതോടെ പുതിയ ഒരു നോൺ എ.സി. ഓഡിറ്റോറിയം ആവശ്യമായി വരുന്നു. ലഭ്യമായ സ്ഥലം പരമാവധി പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു മിനി ഓഡിറ്റോറിയം നിർമ്മിക്കുന്നതിനും അതിലാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും ***75 ലക്ഷം രൂപ*** വകയിരുത്തുന്നു.

# പശ്ചാത്തല മേഖല

വികസിതമാകുന്ന ഒരു പ്രദേശത്തിന്റെ അടിസ്ഥാന ആവശ്യമാണ് റോഡുകൾ, പാലങ്ങൾ, വൈദ്യുതി മുതലായ പശ്ചാത്തല സൗകര്യങ്ങൾ. പുരോഗതിക്ക് വേഗതയേറണമെങ്കിൽ സഞ്ചാരത്തിനും വേഗത ഉണ്ടാവേണ്ടതുണ്ട്. പുതിയ ജീവിത ക്രമത്തിൽ ഏറ്റവും വിലയേറിയത് സമയമാണ്. കുണ്ടും കുഴിയും നിറഞ്ഞ റോഡുകളിലൂടെയുള്ള യാത്ര നമ്മുടെ സമയം തെല്ലൊന്നുമല്ല അപഹരിക്കുന്നത്. റോഡുകളിലുണ്ടാകുന്ന ബ്ളോക്കുകളിൽ അകപ്പെട്ടും നമ്മുടെ സമയം പാഴാകുന്നു. സുഗമമായ സഞ്ചാരത്തിനും ചരക്ക് ഗതാഗതത്തിനും റോഡ് കണക്റ്റിവിറ്റിയും ഉയർന്ന നിലവാരത്തിലുള്ള പാതകളും ഉണ്ടാകേണ്ടതുണ്ട്. പശ്ചാത്തല മേഖലയിൽ താഴെ പറയും പ്രകാരം തുക നീക്കി വയ്ക്കുന്നു.

പുതിയ റോഡുകളുടെയും കലുങ്കുകളുടേയും നിർമ്മാണത്തിന് ***2 കോടി രൂപ***
റോഡുകളുടെ അറ്റകുറ്റപ്പണിക്കും പുനരുദ്ധാരണത്തിനും ***61 കോടി രൂപ***
പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ***5 കോടി രൂപ***
കെട്ടിടങ്ങളുടെ വൈദ്യുതീകരണത്തിന് ***50 ലക്ഷം രൂപ***
കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ***50 ലക്ഷം രൂപ***
ഓഡിറ്റോറിയങ്ങളുടെ നിർമ്മാണം ***75 ലക്ഷം രൂപ***

## പുരസ്കാരങ്ങൾ

FAME IS THE SPUR
THE LAST INFIRMITY OF NOBLE MIND

പ്രശസ്ത ആംഗലേയ കവി ജോൺ മിൽട്ടന്റെ ഈ വരികൾ മനുഷ്യർ പ്രശസ്തിയും അംഗീകാരവും എത്ര ആഗ്രഹിക്കുന്നു എന്ന് വെളിവാക്കുന്നു. നല്ല പ്രവർത്തനങ്ങൾക്ക് നൽകുന്ന പ്രോത്സാഹനം കൂടുതൽ നന്നായി പ്രവർത്തിക്കാനുള്ള ഊർജ്ജം നൽകുന്നതോടൊപ്പം മറ്റുള്ളവർക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. മികച്ച പ്രവർത്തനങ്ങളെ ആദരിക്കുന്നതിന് ഈ വർഷം

മുതൽ താഴെ പറയുന്ന പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നു. ഇതിനായി ***10 ലക്ഷം രൂപ*** വകയിരുത്തുന്നു.

- ഏറ്റവും മികച്ച പാടശേഖര സമിതിക്ക്
- ഏറ്റവും മികച്ച കർഷകന്
- ഏറ്റവും  മികച്ച കൃഷി ഓഫീസർക്ക്
- ഏറ്റവും മികച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക്
- ഏറ്റവും മികച്ച ഫാമിനും സൂപ്രണ്ടിനും
- ഏറ്റവും മികച്ച മത്സ്യകർഷകന്
- ഏറ്റവും മികച്ച ക്ഷീര കർഷകന്
- ഏറ്റവും മികച്ച ക്ഷീരസംഘത്തിന്
- ഏറ്റവും മികച്ച ഇംപ്ളിമെന്റിങ്ങ് ഓഫീസർക്ക്
- ഏറ്റവും മികച്ച വിദ്യാലയത്തിന്
- ഏറ്റവും മികച്ച സ്റ്റാർട്ടപ്പിന്
- ഏറ്റവും  മികച്ച വനിതാ സ്വയം സഹായ സംഘത്തിന്
- ഏറ്റവും മികച്ച സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭത്തിന്
- ഏറ്റവും മികച്ച എൽ.എസ്.ജി.ഡി. എഞ്ചിനീയർക്ക് (ഗ്രാമപഞ്ചായത്ത്)

# ഉപസംഹാരം

പഞ്ചായത്ത് രാജ് നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്നതു പോലെ ഭരണ പ്രതിപക്ഷ ഭേദമില്ലാതെ ഒരേ മനസ്സോടെ പ്രവർത്തിച്ചതു കൊണ്ടാണ് കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയ ഭൂരിഭാഗം പദ്ധതികളും പൂർത്തീകരിക്കുവാൻ നമുക്ക് കഴിഞ്ഞത്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും നിലപാടുകളിൽ ഭിന്നത ഉണ്ടെങ്കിലും വികസന ക്ഷേമ പ്രവർത്തനങ്ങളിൽ 27 മെമ്പർമാരും ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി നിന്നതിന്റെ നേട്ടമാണ് നാം കണ്ടത്. ഈ നേട്ടത്തിൽ ഞാൻ കൃതാർത്ഥയാണ്. ഒരുമയോടെ മുന്നോട്ട് പോയാൽ ഈ നേട്ടം വരും വർഷവും ആവർത്തിക്കുവാൻ നമുക്ക് കഴിയും.

സർ,

അഗ്നിയുമായി ബന്ധപ്പെട്ട ഒരു കഥ പറഞ്ഞു കൊണ്ടാണ് ഞാൻ തുടങ്ങിയത്. അഗ്നിയുടെ മറ്റൊരു കഥ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഗ്രീക്ക് ദേവനായ പ്രോമിത്യൂസിന് മനുഷ്യരോട് അതിരറ്റ സ്നേഹമായിരുന്നു. ഈ സ്നേഹത്തിൽ അസ്വസ്ഥരായ ദേവൻമാർ മനുഷ്യരുടെ പുരോഗതിക്ക് കാരണമായ തീ അവരിൽ നിന്നും എടുത്തു മാറ്റി. ഭൂമിയിലുള്ളവർ തീയില്ലാതെ കഷ്ടപ്പെടുന്നതു കണ്ടു വിഷമിച്ച പ്രൊമിത്യൂസ് ദേവന്മാരുടെ കണ്ണു വെട്ടിച്ച് സൂര്യനിൽ നിന്ന് ഒരു തീക്കൊള്ളിയെടുത്ത് മനുഷ്യർക്ക് നൽകി. ഭൂമിയിൽ തീ എത്തിയത് പ്രൊമിത്യൂസ് വഴിയാണെന്നു മനസിലാക്കിയ സ്യൂസ് ദേവൻ പ്രൊമിത്യൂസിനെ ഒരു പാറയിൽ ചങ്ങലക്കിട്ടു. അവിടെ കിടന്ന് തണുത്ത് മരവിച്ച പ്രൊമിത്യുസിന്റെ കരൾ കൊത്തി തിന്നാൻ കഴുകൻമാരെ അയച്ചു. ഓരോ ദിവസവും കഴുകൻ കൊത്തിത്തിന്നുന്ന അത്രയും കരൾ അടുത്ത ദിവസവം വീണ്ടും വളരും. അത് വീണ്ടും കഴുകൻ കൊത്തിത്തിന്നും. ഇങ്ങനെ മനുഷ്യസ്നേഹത്തെ പ്രതി ഒടുങ്ങാത്ത വേദന സഹിക്കുവാൻ പ്രൊമിത്യൂസ് വിധിക്കപ്പെട്ടു.

സർ,

പുരോഗതിയിലേക്ക് നീങ്ങുവാൻ, വികസനത്തിന്റെ പുതിയ അദ്ധ്യായങ്ങൾ രചിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യർക്ക് അതിനാവശ്യമായ അഗ്നി പകരുകയാണ് ഈ ബജറ്റിന്റെ ലക്ഷ്യം. മനുഷ്യരെ സഹായിക്കുന്ന ഈ പദ്ധതികൾ നടപ്പാക്കുമ്പോൾ ചിലപ്പോഴെങ്കിലും കഴുകൻമാർ നമ്മുടെ കരളിനെ കൊത്തിവലിച്ചേക്കും. പക്ഷേ തളരാതെ മുന്നോട്ടു പോകുവാൻ നമുക്ക് കഴിയണം. കാരണം നമ്മുടെ ലക്ഷ്യം വലുതാണ്.

ഇന്നെന്റെ ദിവസമായിരിക്കില്ല തീർച്ച
നല്ലൊരു പുലരി പിറക്കുവാനിരിക്കുന്നു
വെള്ള പുതച്ച നന്മകൾ ഉയർത്തെഴുന്നേൽക്കും
കാലം മാറും ആ മാറ്റത്തിൽ പലതും മണ്ണടിയും
പുതിയൊരു പുലരി ഉദയം കൊള്ളും
നിങ്ങൾ പറിച്ചെറിഞ്ഞവയൊക്കെയും
ജീവന്റെ വേരുകളിൽ ആർത്തു പിടിക്കും
ഇന്നെന്റെ ദിവസമായിരിക്കില്ല
പക്ഷേ നാളെ തീർച്ചയായും
എന്റെ ദിവസമായിരിക്കും

ശോഭനമായ നല്ലൊരു നാളെ സ്വപ്നം കാണുവാൻ പ്രേരിപ്പിക്കുന്ന ഈ ബജറ്റ് ഞാൻ സവിനയം നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**2022 ആണ്ട് മാർച്ച് മാസം 09-ാം തീയതി ബുധനാഴ്ച**

**ഷൈനി ജോർജ്ജ്**
**വൈസ് പ്രസിഡന്റ്**
**ജില്ലാ പഞ്ചായത്ത് എറണാകുളം**

# നന്ദി

എറണാകുളം ജില്ലയുടെ വികസനത്തിനും ക്ലേശമനുഭവിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനും ഊന്നൽ നൽകി ഞാനിവിടെ അവതരിപ്പിച്ച ഈ ഭരണസമിതിയുടെ രണ്ടാമത്തെ ബജറ്റ് അനേകം പേരുടെ അത്യധ്വാനത്തിന്റെ ഫലമാണ്. ഈ ബജറ്റ് പൂർണ്ണതയിൽ എത്തിക്കുന്നതിന് അക്ഷീണ പ്രയത്നം നടത്തിയ മുഴുവൻ പേരോടും നന്ദി പ്രകാശിപ്പിക്കുന്നു.

**2022 ആണ്ട് മാർച്ച് മാസം 09-ാം തീയതി ബുധനാഴ്ച**

**ഷൈനി ജോർജ്ജ്**
**വൈസ് പ്രസിഡന്റ്**
**ജില്ലാ പഞ്ചായത്ത് എറണാകുളം**